


# TRICHUR ARCHDIOCESAN BULLETIN

ARCHDIOCESE OF TRICHUR

AUGUST 2017

83 YEARS OF PUBLICATION 1934-2017

TRICHUR
ARCHDIOCESAN
# Bulletin

പുസ്തകം : 84
ആഗസ്റ്റ് 2017
ലക്കം : 8

*Imprimatur*
(Sd)
Mar Andrews Thazhath
Archbishop of Trichur

***Chief Editor***
**Fr. Nysson Alanthanath**

**Archbishop's House**
**P.B. No. 706, Thrissur - 680005**

Ph : 0487 -2333325, 2338203, 2333542
Fax : 2338204
E-mail : curiatcr@yahoo.com
website : www. trichurarchdiocese.org

## ഈ ലക്കത്തിൽ

| | |
|---|---|
| സർക്കുലർ | 3 |
| കച്ചേരികാര്യം | 16 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ -ആഗസ്റ്റ് | 25 |
| സഹായമെത്രാന്റെ പരിപാടികൾ -ആഗസ്റ്റ് | 26 |
| നാളാഗമം | 28 |
| നാമകരണ നടപടികൾ | 33 |
| സാമ്പത്തിക കാര്യാലയം | 34 |
| വൈദികർ | 39 |
| സന്യസ്തർ | 41 |
| സ്ഥാപനങ്ങൾ | 45 |
| സാന്ത്വനം | 78 |
| സംഘടനകൾ | 83 |

1430/2017 C-9
18/07/2017

# സർക്കുലർ

നമ്മുടെ അതിരൂപതയെ സംബന്ധിക്കുന്ന ചില കാര്യങ്ങൾ നിങ്ങളെ അറിയിക്കുവാനാണ് ഞാൻ ഈ കത്ത് എഴുതുന്നത്.

1. അഭിവന്ദ്യ കുണ്ടുകുളം പിതാവിന്റെ ജന്മശതാബ്ദി സെപ്തംബർ 26-ാം തിയ്യതിയാണ്. അന്ന് വൈദിക ധ്യാനം നടക്കുന്നതിനാൽ സെപ്തംബർ 23-ാം തിയ്യതിയാണ് നാം അത് ആഘോഷിക്കുന്നത്. അന്നേദിനം രാവിലെ 10 മണിക്ക് ഡി.ബി.സി.എൽ.സിയിൽ നടത്തപ്പെടുന്ന ദിവ്യബലിയിലും തുടർന്നുള്ള പൊതുസമ്മേളനത്തിലും അതിരൂപതയിലെ എല്ലാ വൈദികരും ഇടവകയിൽ നിന്ന് കൈക്കാരന്മാരുടെ ഒരു പ്രതിനിധിയും മതബോധന അധ്യാപകരുടെ ഒരു പ്രതിനിധിയും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും സന്യസ്തരുടെ പ്രതിനിധികളും പങ്കെടുക്കേണ്ടതാണ്. ഈ സന്ദർഭത്തിൽ അഭിവന്ദ്യ കുണ്ടുകുളം പിതാവിന്റെ സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്തുകൊണ്ട് പിതാവിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ച് എല്ലാ ഇടവകകളിലും പരിപാടികൾ സംഘടിപ്പിക്കുന്നത് അഭികാമ്യമായിരിക്കും. അതിരൂപതാ തലത്തിൽ നല്ല സാമൂഹ്യപ്രവർത്തകനേയോ പ്രസ്ഥാനത്തേയോ ആദരിക്കുന്നതിന് “കുണ്ടുകുളം ഫൗണ്ടേഷൻ” ആരംഭിക്കുവാൻ ആഗ്രഹിക്കുന്നു. അതിനായി നിങ്ങളുടെ സഹായസഹകരണങ്ങൾ അഭ്യർത്ഥിക്കുന്നു. സെപ്റ്റംബർ 17-ാം തിയ്യതി ഞായറാഴ്ച ഉച്ചതിരിഞ്ഞ് 2 മണിക്ക് കുണ്ടുകുളം പിതാവിന്റെ കാരുണ്യപ്രവർത്തനങ്ങളെക്കുറിച്ചും സാമൂഹ്യ ഇടപെടലുകളെക്കുറിച്ചും സെന്റ് തോമസ് കോളേജിലെ മെഡ്ലിക്കോട്ട് ഹാളിൽ വെച്ച് ഒരു സെമിനാർ നടത്തപ്പെടുന്നു. താൽപര്യമുള്ളവർക്ക് അതിൽ പങ്കെടുക്കാവുന്നതാണ്.

2. അടുത്തയിടെ ഉണ്ടായ ചുഴലിക്കാറ്റിൽ നമ്മുടെ അതിരൂപതയിലെ ആർത്താറ്റ് ഇടവകയുടെ കീഴിലുള്ള രണ്ട് പള്ളികൾക്കും സ്കൂളുകൾക്കും സാരമായ കേടുപാടു സംഭവിച്ച വിവരം നിങ്ങളെല്ലാവരും അറിഞ്ഞിട്ടുണ്ടാകുമല്ലോ. ഏകദേശം 80 ലക്ഷത്തോളം രൂപ ചെലവു ചെയ്ത് ആർത്താറ്റ് പള്ളിയുടെ പുനരുദ്ധാരണം കഴിഞ്ഞിരിക്കുന്ന അവസരത്തിലാണ് ഈ അത്യാഹിതം സംഭവിച്ചിരിക്കുന്നത്. അതുകൊണ്ട് എത്രയും വേഗത്തിൽ നടത്തേണ്ട റിപ്പയർ വർക്കുകൾക്ക് അനിവാര്യമായി വന്നിരിക്കുന്ന വലിയൊരു സംഖ്യ ആർത്താറ്റ്  ഇടവകയിൽനിന്നും പെട്ടെന്ന് സമാഹരിക്കുവാൻ പ്രയാസമാണ്.  അതുകൊണ്ട് ക്രിസ്തീയ ചൈതന്യത്താൽ പ്രചോദിതരായി പ്രകൃതിദുരന്തത്തിന്റെ കെടുതിയനുഭവിക്കുന്ന ആർത്താറ്റ് പള്ളിയെ സഹായിക്കുവാൻ അതിരൂപതയിലെ മറ്റു പള്ളികൾ ഔദാര്യം കാണിക്കേണ്ടതാണ്. മുൻകൂട്ടി വിളിച്ചുപറഞ്ഞ ശേഷം ആഗസ്റ്റ് മാസത്തിലെ ഏതെങ്കിലും ഒരു ഞായറാഴ്ച ഒരു പ്രത്യേക പിരിവ് എടുത്ത്  എത്രയും വേഗം അതിരൂപതാ സാമ്പത്തിക കാര്യാലയം വഴി ആർത്താറ്റ് പള്ളിയിലേക്ക് സഹായമെത്തിക്കുന്നതിന് സഹകരിക്കണമെന്ന് ഞാൻ സ്നേഹപൂർവം ആഹ്വാനം ചെയ്യുന്നു.

3. 2017 ജൂലൈ 4-ാംതീയതി മുതൽ നമ്മുടെ അതിരൂപതയിലെ പള്ളികളുടെയും സ്ഥാപനങ്ങളുടെയും വാർഷികതെരട്ട് അതിരൂപതാ കാര്യാലയത്തിൽ സമർപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ട്. അതിരൂപതാ ബുള്ളറ്റിനിൽ പ്രസിദ്ധീകരിച്ചിരിക്കുന്നതുപോലെ ഫൊറോന അടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടുള്ള ദിവസവും സമയക്രമവും അനുസരിച്ചാണ് പള്ളികളുടെ തെരട്ട് കൊണ്ടുവരേണ്ടത്. അതിൻ പ്രകാരം കൃത്യസമയത്തുതന്നെ തെരട്ട് എത്തിക്കേണ്ടതാണ്. തെരട്ടിനെ സംബന്ധിച്ചും പള്ളികളിലെ കണക്കുകൾ സൂക്ഷിക്കുമ്പോൾ ശ്രദ്ധിക്കേണ്ട നിയമ വ്യവസ്ഥകളെക്കുറിച്ചും അതിരൂപതാ ബുള്ളറ്റിനിലെ കച്ചേരികാര്യത്തിൽ നല്കിയിട്ടുള്ള നിർദേശങ്ങൾ പ്രതിനിധിയോഗത്തിൽ വായിച്ച് ചർച്ച ചെയ്യേണ്ടതാണ്.

4. അതിരൂപത നിയമാവലിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങളും അതിരൂപത ബുള്ളറ്റിനിലൂടെയോ മറ്റ് സർക്കുലറുകൾ വഴിയോ അറിയിക്കുന്ന നിയമങ്ങളും നിർദേശങ്ങളും ഗൗരവപൂർവം ശ്രദ്ധിക്കുകയും പാലിക്കുകയും വേണം. അവയ്ക്കു വിപരീതമായ രീതിയിൽ പള്ളിയോഗങ്ങളിൽ തീരുമാനങ്ങൾ എടുത്താൽ അതിന് സാധുത ഉണ്ടായിരിക്കുകയില്ല (ഉദാ. സെമിത്തേരിയുടെ ഉപയോഗത്തെയും കല്ലറകളേയും സംബന്ധിച്ച നിയമങ്ങൾ, പള്ളിയോഗ നിയമാവലിയിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ മുതലായവ). സംശയമുള്ള കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനുമുമ്പ് അതിരൂപതാ കാര്യാലയത്തിന്റെ ഉപദേശം തേടേണ്ടതുണ്ട്.

5. അതിരൂപത അംഗീകരിക്കാത്ത സംഘടനകളുടെയും ക്ലബുകളുടേയും നേതൃത്വത്തിൽ പള്ളികളിൽ തിരുനാൾ ആഘോഷങ്ങളോ പള്ളിയുടെ ഏതെങ്കിലും ഔദ്യോഗിക പരിപാടികളോ നടത്താൻ പാടില്ല. കപ്പേളകളിൽ ഊട്ടുതിരുനാൾ അനുവദിച്ചിട്ടില്ല.

6. ഫൊറോന കൗൺസിലുകൾ ഇനിയും രൂപീകരിച്ചിട്ടില്ലാത്ത ഫൊറോനകളിൽ അത് എത്രയും വേഗം രൂപീകരിക്കേണ്ടതാണ്. ഓരോ ഇടവകയിൽ നിന്നുമുള്ള ഫൊറോന കൗൺസിൽ പ്രതിനിധികളെ തിരഞ്ഞെടുത്ത് അവരുടെ പേരും അഡ്രസ്സും ഫൊറോന കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്. പാസ്റ്ററൽ കൗൺസിൽ, അതിരൂപത അസംബ്ലി എന്നിവയുടെ വിഷയങ്ങൾ ഫൊറോനയിൽ ചർച്ച ചെയ്യാനും പാസ്റ്ററൽ കൗൺസിലിന്റെ മാതൃകയിൽ ഫൊറോന തലത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ ചർച്ചചെയ്തു ഫൊറോന വികാരിക്ക് ഉപദേശങ്ങൾ നല്കുന്നതിനും ഫൊറോനയിലെ അത്മായ നേതൃത്വം വളർത്തുന്നതിനും ഫൊറോന കൗൺസിലുകൾ അനിവാര്യമാണ്. പാസ്റ്റർ കൗൺസിൽ നല്കുന്ന ചർച്ചാവിഷയം ഫൊറോന കൗൺസിലിൽ ചർച്ച ചെയ്ത് അതിന്റെ അടിസ്ഥാനത്തിലുള്ള റിപ്പോർട്ട് പാസ്റ്ററൽ കൗൺസിൽ കൂടുന്നതിന് ഒരാഴ്ച മുമ്പെങ്കിലും പാസ്റ്ററൽ കൗൺസിൽ ജനറൽ സെക്രട്ടറിക്ക് അയച്ചു കൊടുക്കേണ്ടതാണ്.

7. നമ്മുടെ അതിരൂപതയിലെ ചില അച്ചന്മാർ വിളിക്കുന്നു എന്ന വ്യാജേന പലരിൽനിന്നും പെൺകുട്ടികളുടെ മൊബൈൽ നമ്പറുകൾ കരസ്ഥമാക്കിയശേഷം പിന്നീട് അവരെ വിളിച്ച് അവരോട് മോശമായ രീതിയിൽ സംഭാഷണങ്ങൾ നടത്തുന്നതായി പരാതി കിട്ടിയിട്ടുണ്ട്. ഇന്റർനെറ്റുവഴി ഇത്തരം വിളികൾ നടത്തുന്നതുകൊണ്ട് വിളിക്കുന്ന ആളെ തിരിച്ചറിയാൻ കഴിയുന്നില്ല. ബഹു. അച്ചൻമാരെക്കുറിച്ച് ജനങ്ങൾക്കിടയിൽ തെറ്റിദ്ധാരണ ജനിപ്പിക്കാൻ ചില വ്യക്തികളോ സംഘടനകളോ നടത്തുന്ന ഇത്തരം പ്രവൃത്തികൾ തിരിച്ചറിയാനും പ്രതിരോധിക്കാനും നാം ജാഗ്രത പുലർത്തണം. അപരിചിതമായ നമ്പറുകളിൽനിന്നും വരുന്ന ഫോൺ വിളികൾ ശ്രദ്ധിക്കണം. നമ്മുടെ കുട്ടികളുടെ മൊബൈൽ ഫോൺ ഉപയോഗത്തെ മാതാപിതാക്കൾ നിയന്ത്രിക്കണം.

8. നമ്മുടെ അതിരൂപതയിലെ ബഹു. വൈദികരുടെ വാർഷികധ്യാനം സെപ്റ്റംബർ മാസത്തിന്റെ അവസാനത്തിലും ഒക്ടോബർ മാസത്തിന്റെ ആദ്യത്തിലുമായി നടത്തപ്പെടുന്നു. വൈദികർക്കായി എല്ലാവരും പ്രാർത്ഥിക്കുമല്ലൊ.

9. നമ്മുടെ അതിരൂപത അസംബ്ലിക്കായി നടത്തിയ സർവേയിൽനിന്നും മേരിമാതാ മേജർസെമിനാരിയിലെ പറോക്ക് എന്ന ഗവേഷണസ്ഥാപനം നടത്തിയ പഠനത്തിൽനിന്നും നമ്മുടെ അതിരൂപതാംഗങ്ങളുടെ ഇടയിൽ പൊതുസേവന രംഗത്ത് (സർക്കാർ ജോലിയിലും പൊതുമേഖലകളിലും) പ്രവർത്തിക്കുന്നവരുടെ എണ്ണം വളരെ കുറഞ്ഞുവരുന്നു എന്നു മനസ്സിലാക്കാൻ സാധിക്കുന്നു. എക്സെൽ പ്രോഗ്രാമിലൂടെ ഈ കുറവ് നികത്താനാണ് നാം ഉദ്യമിക്കുന്നത്. PSC, IAS, IPS, IRS, IFS, Coachingന് കഴിയുന്നത്ര കുട്ടികളെ പറഞ്ഞയക്കണം. അതിരൂപതയുടെ വിദ്യഭ്യാസ പ്രേഷിതത്വത്തിന്റെ ഭാഗമായി ആരംഭിച്ചിരിക്കുന്ന എക്സെൽ അക്കാദമി, പഠനമികവുള്ള പാവപ്പെട്ട കുട്ടികൾക്കും മേൽപ്പറഞ്ഞ പരിശീലനത്തിന്റെ ഗുണം ലഭ്യമാകുന്നതിന് അവരെ സഹായി

ക്കാനുള്ള വിവിധതരം സ്പൊൺസർഷിപ്പു പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇടവകകളും വ്യക്തികളും സാധിക്കുന്ന രീതിയിൽ സ്പൊൺസർഷിപ്പുകൾ എടുത്തുകൊണ്ട് ഈ പദ്ധതിയുമായി സഹകരിക്കുമല്ലോ.

മിശിഹായിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലിത്ത

---

NB: ഈ സർക്കുലർ 2017 ആഗസ്റ്റ് 6, ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കേണ്ടതാണ്. +AT

1431/2017 C-10
18/07/2017

# സർക്കുലർ

## വി. എവുപ്രാസ്യമ്മയുടെ തിരുനാൾ

## ആഗസ്റ്റ് 29

ഈശോമിശിഹായിൽ ബഹു. വൈദികരെ, സന്യസ്തരെ, പ്രിയ സഹോദരീ സഹോദരന്മാരെ,

ആഗോള കത്തോലിക്കാ സഭയ്ക്ക് ദൈവം ദാനമായി നൽകിയ വിശുദ്ധ എവുപ്രാസ്യമ്മയുടെ വിശുദ്ധി നിറഞ്ഞ ഓർമ്മകൾ വീണ്ടും സജീവമാകുന്നു. ജീവിച്ചിരുന്നപ്പോഴും, മരിച്ചതിന് ശേഷവും തന്റെ അരികിലേക്കെത്തുന്ന എല്ലാ മക്കളുടേയും ദു:ഖങ്ങളേറ്റെടുത്ത് അവരുടെ കണ്ണീരൊപ്പാൻ തിടുക്കം കാട്ടുന്ന എവുപ്രാസ്യമ്മ ഈ കാലഘട്ടത്തിന്റെ ഒരു വിശുദ്ധയാണ്. അത്ഭുതങ്ങൾ പ്രവർത്തിച്ചുകൊണ്ടല്ല, മറിച്ച് സക്രാരിക്ക് അരികെ കാവലിരുന്ന് ഈശോയെ ആഴമായി സ്നേഹിച്ചുകൊണ്ടും, ഇടമുറിയാതെ ജപമാല ചൊല്ലി പരിശുദ്ധ അമ്മയെ ഭൂമിയിലേക്കിറക്കിക്കൊണ്ടുവന്നുമാണ് അവൾ വിശുദ്ധിയുടെ പടവുകൾ കയറിയത്.

എവുപ്രാസ്യമ്മയുടെ വിശുദ്ധപദപ്രഖ്യാപനത്തോടനുബന്ധിച്ച് സെന്റ് പീറ്റേഴ്സ് ബസിലിക്കയിലെ പൊതുദർശന വേളയിൽ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ പറഞ്ഞു: അസാധാരണ കാര്യങ്ങൾ ചെയ്യുതിലല്ല, മറിച്ച് പ്രവർത്തിക്കാൻ ദൈവത്തെ അനുവദിക്കുന്നതിലാണ് വിശുദ്ധി അടങ്ങിയിരിക്കുന്നത്. ദൈവത്തെ മാത്രം തിരഞ്ഞെടുത്ത എവുപ്രാസ്യമ്മ ഈ യുഗത്തിന്റെ മക്കൾക്ക് എല്ലാവിധത്തിലും ഒരു വെല്ലുവിളിയാണ്. സുഖലോലുപതയിൽ മുഴുകി ദൈവത്തെ മറന്ന് ജീവിക്കുന്ന അനേകർ ചെയ്യുന്ന പാപങ്ങൾക്ക് പരിഹാരമായി, തനിക്കനുഭവിക്കാമായിരുന്ന ഏറ്റവും ചെറിയ സുഖങ്ങൾ പോലും വേണ്ടെന്നുവെച്ച് താപസികതയിൽ ജീവിച്ചവളാണ് എവുപ്രാസ്യമ്മ. ആ നല്ല അമ്മ

തന്റെ ആത്മീയപിതാവായ മാർ ജോൺ മേനാച്ചേരി മെത്രാന് എഴുതി, ദൈവത്തേയും പിശാചിനേയും വെച്ച് ശപിക്കപ്പെട്ടവരായ പിശാചുക്കൾക്ക് ആരാധന ചെയ്യുന്ന മനുഷ്യരുടെ പാപപരിഹാരത്തിനായി ഈശോയുടെ തിരുരക്തം നിത്യപിതാവിന് കാഴ്ചവെച്ച് പ്രാർത്ഥിക്കുവാൻ ഈശോ ആഗ്രഹിക്കുന്നുവെന്ന്. തിന്മയിൽ മുഴുകി ജീവിക്കുന്ന മനുഷ്യമക്കൾക്കു വേണ്ടി നിരന്തരം പരിഹാരം ചെയ്ത എവുപ്രാസ്യമ്മയുടെ ജീവിതം ഒരു സഹനബലിയായി രൂപാന്തരപ്പെട്ടു. സഹനത്തിന്റെ നടുവിലും പതറാത്ത അമ്മ, തന്നെ സ്നേഹിക്കുന്ന ദൈവത്തെ മുറുകെ പിടിച്ചുകൊണ്ട്, ലോകത്തെ മുഴുവൻ രക്ഷിക്കുക എന്ന വലിയ ലക്ഷ്യം സാധിക്കുവാൻ സഹനത്തിന്റേയും പ്രാർത്ഥനയുടേയും ഒരു ധീരപ്രേഷിതയായി മാറി.

ശുദ്ധീകരണാത്മാക്കളുടെ മോചനത്തിനായും, പാപികളുടെ മാനസാന്തരത്തിനായും, പീഢയനുഭവിക്കുന്നവർക്ക് ആശ്വാസം ലഭിക്കുന്നതിനായും, കത്തോലിക്കാസഭയിൽ നിന്ന് വേറിട്ട് നിൽക്കുന്നവരുടെ തിരിച്ചുവരവിനായും, ദൈവമക്കൾ വിശുദ്ധിയിൽ ജീവിക്കുന്നതിനായും, വൈദികരും സമർപ്പിതരും തങ്ങളുടെ വിളിയിൽ വിശ്വസ്തതയോടെ നിലനിൽക്കുന്നതിനായും, തിരുസ്സഭയുടെ വളർച്ചക്കുവേണ്ടിയും പ്രാർത്ഥിച്ചുകൊണ്ട് പ്രാർത്ഥനയുടെ പ്രേഷിതരാകാൻ എവുപ്രാസ്യമ്മ നമ്മെയും ക്ഷണിക്കുന്നു.

തൃശൂർ അതിരൂപതയിലെ ഓരോ കുടുംബത്തിന്റേയും പ്രത്യേക മദ്ധ്യസ്ഥയായി വി. എവുപ്രാസ്യമ്മയെ ഞാൻ നിങ്ങൾക്കു നൽകുന്നു. അവൾ ഈശോയേയും പരിശുദ്ധ അമ്മയേയും പ്രാണനു തുല്യം സ്നേഹിച്ചു കൊണ്ട് സ്വർഗ്ഗത്തിലേക്കുള്ള വഴി കാണിച്ചു തന്നവളാണ്. അനുദിനജീവിത യാത്രയിൽ ഒഴിച്ചുകൂടാനാവാത്ത ചില ഓർമ്മകുറിപ്പുകൾ വി. എവുപ്രാസ്യമ്മ നമുക്ക് നൽകുന്നു. 1) സംസാരത്തിലും, പ്രവൃത്തിയിലും നിരന്തരം വിശുദ്ധി പാലിക്കുക, 2) എളിമയോടെ ജീവിക്കുക, 3) ദൈവാനുഗ്രഹങ്ങൾ എന്ന പോലെ സഹനങ്ങളും നന്ദിയോടെ ദൈവതൃക്കരങ്ങളിൽ നിന്ന് സ്വീകരിക്കുക, 4) ചെറുതും വലുതുമായ എല്ലാ ജോലികളും ദൈവസ്നേഹത്തോടെ നിർവഹിക്കുക. അമ്മയുടെ ഇത്തരത്തിലുള്ള സുകൃതജീവിതം സ്വന്തമാക്കാനും, മാദ്ധ്യസ്ഥ്യം തേടാനുമായി തിരുസ്സഭാമാതാവ് നമുക്ക് നല്ല ഒരവസരം കൂടി ഒരുക്കി തന്നിരിക്കുകയാണ്.

യേശുവിൽ പ്രിയ സഹോദരീസഹോദരന്മാരെ, എവുപ്രാസ്യമ്മയുടെ തിരുനാൾ ആഗസ്റ്റ് 29ന് ഒല്ലൂർ വി. എവുപ്രാസ്യ അതിരൂപതാ തീർത്ഥ കേന്ദ്രത്തിൽ വെച്ച് സാഘോഷം കൊണ്ടാടുന്ന വിവരം ഏറെ സന്തോഷത്തോടെ നിങ്ങളെ ഞാൻ അറിയിക്കുന്നു. അതിനൊരുക്കമായി, ആഗസ്റ്റ് 20 മുതൽ ആരംഭിക്കുന്ന നൊവേന ദിനങ്ങളും, തിരുനാളും നമുക്ക് വി. എവുപ്രാസ്യമ്മയുടെ ജീവിതവിശുദ്ധിയിൽ പങ്കുപറ്റാൻ ദൈവം ഒരുക്കിതരുന്ന വിശുദ്ധ ദിനങ്ങളായി മാറട്ടെ എന്നാശംസിക്കുന്നു. മരിച്ചിട്ടും നമ്മെ മറക്കാത്ത വി. എവുപ്രാസ്യമ്മയുടെ കബറിടത്തിൽ പോയി തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന് അനുഗ്രഹങ്ങളേറ്റുവാങ്ങാൻ നിങ്ങളോരോരുത്തരോടും സ്നേഹപൂർവ്വം ഞാൻ ആഹ്വാനം ചെയ്യുന്നു.

തൃശൂർ അതിരൂപതയിലെ ദൈവജനം മുഴുവനേയും, എല്ലാ കുടുംബങ്ങളേയും, സമർപ്പിതരേയും വൈദികരേയും വി. എവുപ്രാസ്യമ്മയുടെ മാദ്ധ്യസ്ഥതയിൽ, ഈശോയുടെ തിരുഹൃദയത്തിന് പരിശുദ്ധ അമ്മയുടെ വിമലഹൃദയം വഴി പ്രതിഷ്ഠിക്കുന്നു. ഏവർക്കും വി. എവുപ്രാസ്യമ്മയുടെ തിരുനാൾ മംഗളങ്ങൾ.

യേശുവിൽ സ്നേഹപൂർവ്വം,



**മാർ ആൻഡ്രൂസ് താഴത്ത്**

തൃശൂർ അതിരൂപത മെത്രാപ്പോലീത്ത

---

2017 ആഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ ഈ സർക്കുലറിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

+AT

Ref: 3037/K-5/KCBC/OL/DS 05.07.2017

## 2017 ആഗസ്റ്റ് 13 ഞായർ

# തടവറ പ്രേഷിത ദിനം

**കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി നടത്തുന്ന തടവറ പ്രേഷിതപ്രവർത്തനത്തിൽ സഭാമക്കൾ പങ്ക് ചേരുകയെന്ന ആവശ്യകതയെക്കുറിച്ച് പുറപ്പെടുവിക്കുന്ന**

**സർക്കുലർ**

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

'കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. പീഡിതരെ സദ്വാർത്ത അറിയിക്കുന്നതിന് അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ഹൃദയം തകർന്നവരെ ആശ്വസിപ്പിക്കാനും തടവുകാർക്ക് മോചനവും ബന്ധിതർക്ക് സ്വാതന്ത്ര്യവും വിലപിക്കുന്നവർക്കു സമാശ്വാസവും നൽകാനും എന്നെ അയച്ചിരിക്കുന്നു' (ഏശ 61:1–2). ഏശയ്യായുടെ പുസ്തകത്തിൽ നിന്നുള്ള ഈ ഭാഗം ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത് (ലൂക്ക 4:18). തടവറയിൽ കഴിയുന്ന മക്കളോട് താദാത്മ്യപ്പെടുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. തന്റെ അവസാന 18 മണിക്കൂറുകൾ യേശു ചെലവഴിച്ചത് തടവറയിലായിരുന്നു. ഒരു കുറ്റവാളിയെന്ന വിധിയും കുരിശു മരണവുമാണ് അവിടത്തെ കാത്തിരുന്നത്. അവിടന്ന് കാരാഗ്രഹ ത്തിലടയ്ക്കപ്പെട്ടപ്പോൾ പാപാന്ധകാരത്തിന്റെ തടവറയിൽ നിന്ന് മനുഷ്യവംശം മോചനം നേടി. 'കുറ്റവാളി' യായി അവൻ മരിച്ചതിനാൽ നമ്മൾ കുറ്റവിമുക്തരായി. അവൻ തടവുകാരുടെ അടുക്കലേക്ക് ചെന്നു അനേകം ആത്മാക്കളെ മോചിപ്പിച്ചുവെന്ന് പൗലോസ് ശ്ലീഹാ വീണ്ടും പറയുന്നു. തടവറ ശുശ്രൂഷ യേശുവിന്റെ പ്രവർത്തനത്തിന്റെ തുടർച്ച യാണ്.

2017 ആഗസ്റ്റ് മാസം 13-ാം തീയതി ഞായറാഴ്ച കേരള കത്തോലിക്കസഭ തടവറ പ്രേഷിതദിനമായി ആചരിക്കുകയാണ്. സഹതടവുകാരനുപകരമായി തന്റെ ജീവൻ നല്കി രക്തസാക്ഷിത്വ മകുടം ചൂടിയ വിശുദ്ധ മാക്സ്മില്യൻ മരിയ കോൾബേയാണ് തടവറ പ്രേഷിതപ്രവർത്തനങ്ങളുടെ മദ്ധ്യസ്ഥൻ. ഈ വിശുദ്ധന്റെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-ന് മുമ്പ് വരുന്ന ഞായറാഴ്ചയാണ് തടവറ പ്രേഷിതദിനമായി കേരളസഭ കൊണ്ടാടുന്നത്. മാതൃഭക്തി പ്രചരിപ്പിക്കാൻ ഈ വിശുദ്ധൻ കേരളം സന്ദർശിച്ച് എറണാകുളം, വരാപ്പുഴ രൂപതകളിൽ അഭിവന്ദ്യ പിതാക്കന്മാരുടെ അതിഥിയായി താമസിച്ചിരുന്നുവെന്നത് ഈ വിശുദ്ധനെ കേരളത്തിന് പ്രിയപ്പെട്ട വനാക്കുന്ന കാര്യമാണ്. ബന്ധനത്തിൽ കഴിയുന്ന ആളുകളോടും അവരുടെ ക്ലേശിക്കുന്ന കുടുംബാംഗങ്ങളോടും കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ കുടുംബങ്ങളോടും ക്രൈസ്തവർക്ക് ഉണ്ടായിരിക്കേണ്ട കടമകളെക്കുറിച്ച് ചിന്തിക്കാൻ ഈ ദിവസം വിനിയോഗിക്കണം.

സാംസ്കാരിക കേരളമെന്ന് നാം അഭിമാനിക്കുന്ന 'ദൈവത്തിന്റെ സ്വന്തം നാട്' കുറ്റകൃത്യങ്ങളുടെ നാടായി മാറികൊണ്ടിരിക്കുന്നു. 57 ജയിലുകളിലായി 7500-ൽപ്പരം ആളുകൾ തടവറയിൽ കഴിയുന്നു. ഏറ്റവും കൂടുതൽ സാക്ഷരത അവകാശപ്പെടുന്ന കൊച്ചുകേരളത്തി ലാണ് ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ നടക്കുന്നതെന്ന് ദേശീയ കുറ്റകൃത്യ റിക്കോഡ് ബ്യൂറോ (NCRB) കണക്കുകളിൽ നിന്നു വ്യക്തമാണ്. 2012-ലെ കുറ്റകൃത്യാനുപാതം അനുസരിച്ച് (കുറ്റകൃത്യാ നുപാതം കണക്കാക്കുന്നത് ഒരു ലക്ഷത്തിലാണ്) കേരളത്തിൽ 455.8 ഉം, 2017-ൽ 723.3 ഉം ആണ് കുറ്റകൃത്യങ്ങൾ. ഇത് ദേശീയ ശരാശരി യുടെ അഞ്ച് മടങ്ങ് കൂടുതലാണ്. രണ്ടാം സ്ഥാനത്തുള്ള മധ്യപ്രദേശിൽ ഇത് 348.3 മാത്രമാണെന്ന് ഓർക്കണം. സൈബർ കുറ്റകൃത്യങ്ങളിൽ 350 ആനുപാതിക വർദ്ധനയുണ്ടായപ്പോൾ സ്ത്രീകൾക്കും കുട്ടികൾ ക്കുമെതിരെയുള്ള പീഡനത്തിൽ സംസ്ഥാനങ്ങളിൽ റെക്കോഡ് വളർച്ചയാണ് കേരളത്തിലുണ്ടായത്. സ്ത്രീകൾക്കു സുരക്ഷിതത്വം ഇല്ലാത്ത നാടെന്ന കുപ്രസിദ്ധിയും നമുക്കു സ്വന്തം. മദ്യപാനത്തിലും മയക്കുമരുന്നിന്റെ ഉപയോഗത്തിലും ഭയാനകമായ വർദ്ധനയാണ് ഓരോ വർഷവും രേഖപ്പെടുത്തുന്നത്. ഒരുപക്ഷേ മറ്റു സംസ്ഥാനങ്ങ ളിൽ കുറ്റകൃത്യങ്ങൾ എത്രമാത്രം രജിസ്റ്റർ ചെയ്യുന്നുവെന്നത് ഒരു കാരണം ആയേക്കാം. എങ്കിലും നമ്മുടെ സ്ഥിതി ഏറെ പരിതാപകരം.

എല്ലാ വ്യക്തികളുടെയും അടിസ്ഥാനമഹത്ത്വം അംഗീകരിക്കണമെന്നും ആദരിക്കണമെന്നും യേശുവിന്റെ സുവിശേഷം ആവശ്യപ്പെടുന്നുണ്ട ല്ലോ. ഒരാളുടെ സാമൂഹികാവസ്ഥയോ കഴിഞ്ഞകാലപ്രവർത്തനമോ ഇപ്പോഴത്തെ അവസ്ഥയോ എന്തായിരുന്നാലും അയാൾ മഹത്ത്വ മുള്ളവനാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്ക പ്പെട്ടിരിക്കുന്നതിനാലുള്ള മഹത്ത്വമാണിത് (ഉത്പ 1:27). പാപം പോലും മനുഷ്യന്റെ ആ മഹത്ത്വം ഇല്ലാതാക്കുന്നില്ല. വ്യവസ്ഥയില്ലാതെ ദൈവം നമ്മെ സ്നേഹിക്കുന്നതിന്റെ അർത്ഥമിതാണ്. അവിടന്നു നീതിമാന്മാ രുടെ മേലും നീതിരഹിതരുടെ മേലും ഒന്നുപോലെ മഴ പെയ്യിക്കുന്ന വനാണ് (മത്താ 5:45). അതിനാൽ, കുറ്റവാളികൾ പോലും അവരുടെ അസ്തിത്വത്തിന്റെ കേന്ദ്രത്തിൽ നിർവചിക്കപ്പെടേണ്ടത് അവരുടെ കുറ്റ കൃത്യങ്ങളാലല്ല, മറിച്ച് മനുഷ്യമഹത്ത്വത്താലാണ്. മറ്റു മനുഷ്യരോ ടൊപ്പം മഹത്ത്വത്തോടെ അവർ ആദരിക്കപ്പെടണം. പാപത്തെ വെറു ക്കുമ്പോഴും പാപിയെ സ്നേഹിക്കാൻ നാം കടപ്പെടുന്നത് അതുകൊ ണ്ടാണ്.

യേശുസാഹോദര്യകൂട്ടായ്മയുടെ പ്രസക്തി ഇന്ന് എന്നത്തേക്കാൾ വലുതാണ്. ജീസസ്സ് ഫ്രട്ടേണിറ്റി, തടവറകളിൽ ശുശ്രൂഷചെയ്യുന്ന ഒരു കൂട്ടായ്മയാണ്. കഴിഞ്ഞ 30 വർഷങ്ങളായി കേരളത്തിലെ ജയിലുകൾ സന്ദർശിക്കുകയും തടവറയിലെ സഹോദരങ്ങൾക്ക് ഭാവാത്മകമായ ചിന്തകളിലൂടെയും ക്ലാസുകളി ലൂടെയും കൗൺസലിങ്ങുകളിലൂടെയും ശരിയായ ജീവിതദർശനം പകർന്നു നൽകി നല്ലചിന്തകളാൽ അവരുടെ മനസ്സിനെ നിറയ്ക്കുന്നതിൽ ഈ കൂട്ടായ്മ അങ്ങേയറ്റം ശ്രദ്ധിക്കുന്നു. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ജസ്റ്റീസ് പീസ് ആന്റ് ഡിവലപ്പ്മെന്റ് കമ്മീഷന്റെ കീഴിൽ ഒരു വിഭാഗമായി ജീസസ്സ് ഫ്രട്ടേണിറ്റി പ്രവർത്തിക്കുന്നു. ജയിലുകൾ മാത്രമല്ല, തടവറയിലെ സഹോദരരുടെ ഭവനങ്ങളും സന്ദർശിക്കുകയും കുടുംബങ്ങൾക്ക് ആശ്വാസമേകുകയും അവരുടെ മക്കളെ ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പുനരധിവാസകേന്ദ്രങ്ങളിൽ താമസിപ്പിച്ച് പഠിപ്പിക്കുകയും വിവാഹ പ്രായമെത്തിയവരെ വിവാഹം കഴിപ്പിച്ചയയ്ക്കാൻ സഹായിക്കുകയും, ക്രൂരകൃത്യങ്ങൾക്ക് ഇരയായവർക്കു വേണ്ടുന്ന സഹായങ്ങൾ ചെയ്തു കൊണ്ട് ഈ കൂട്ടായ്മ കഴിഞ്ഞ 30 വർഷമായി പ്രവർത്തിക്കുന്നു.

പതിനൊന്ന് പുനരധിവാസകേന്ദ്രങ്ങൾ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്നു. മൂന്നെണ്ണം പുരുഷന്മാർക്കും രണ്ടെണ്ണം സ്ത്രീകൾക്കും

ബാക്കി ആറ് എണ്ണം കുട്ടികൾക്കും വേണ്ടിയുമാണ് നിജപ്പെടുത്തിയിരിക്കുന്നത്. തടവറയിൽ നിന്നിറങ്ങുന്നവരെ പുനരധിവസിപ്പിക്കാനുള്ള കേന്ദ്രങ്ങൾ ഇന്ത്യയിൽ യേശുസാഹോദര്യകൂട്ടായ്മയ്ക്ക് മാത്രമാണുള്ളത്. അനേകം തടവറക്കാരെ പുനരധിവസിപ്പിക്കാനും സാധാരണജീവിതത്തിലേക്ക് കൊണ്ടുവരാനും യേശുസാഹോദര്യ കൂട്ടായ്മയ്ക്ക് സാധിച്ചിട്ടുണ്ട്. തൃശ്ശൂർ വെട്ടുക്കാട്ടിൽ പുരുഷന്മാർക്കുള്ള കേന്ദ്രവും തിരുവനന്തപുരം മൺവിളയിൽ സ്ത്രീകൾക്കുള്ള കേന്ദ്രവും യേശുസാഹോദര്യത്തിന്റെ നേരിട്ടുള്ള സംരക്ഷണയിലും നിയന്ത്രണത്തിലുമാണ്. 1990-ൽ ആരംഭിച്ച ഈ പുനരധിവാസ കേന്ദ്രങ്ങളിൽ നിന്ന് നൂറിലധികം പെൺകുട്ടികളെ നാളിതുവരെ വിവാഹം കഴിപ്പിച്ചയച്ചിട്ടുണ്ട്. 500-ൽ പരം കുടുംബങ്ങൾ പുനരധിവസിപ്പിക്കപ്പെട്ടു. അവരുടെ കൂട്ടായ്മകൾ വിളിച്ചു ചേർക്കുകയും അവരുടെ മക്കൾക്കായി എല്ലാ വർഷവും ക്യാമ്പുകൾ സംഘടിപ്പിച്ച് പഠനോപകരണങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നോണം ജയിൽ വകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രം ഒരു പൊതുഅംഗീകാരം നല്കിയിട്ടുണ്ട്.

കേരളത്തിലെ 31-രൂപതകളിലും ഡയറക്ടർ അച്ചന്മാരുടെ നേതൃത്വത്തിൽ എട്ട് സോണുകളിലെ 46-ഓളം യൂണിറ്റുകളിലായി 1000-ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. കേരളത്തിലെ എല്ലാ രൂപതകളിലും മേജർ സെമിനാരികളിലും ജീസസ് ഫ്രട്ടേണിറ്റി യൂണിറ്റുകൾ ഭംഗിയായി പ്രവർത്തിക്കുന്നുണ്ട്. സെമിനാരിക്കാർ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷ സ്തുത്യർഹമാണ്. അനേകം അല്മായരും സിസ്റ്റേഴ്സും ഈ പ്രവർത്തനത്തിൽ പങ്കു ചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവകമായ അനുമോദനങ്ങളും നന്ദിയും അർപ്പിക്കട്ടെ. കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നുവരണമെന്ന് അഭ്യർത്ഥിക്കുന്നു. തടവറ പ്രേഷിത ദിനത്തിൽ ഇടവകയിൽ ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖപ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നത്. ഈ വർഷവും ആ പിരിവ് നടത്തി പിഒസിയിൽ പ്രവർത്തിക്കുന്ന ജീസസ് ഫ്രട്ടേണിറ്റി ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ജീസസ് ഫ്രട്ടേണിറ്റിക്ക് എല്ലാവിധ നന്മകളും നേരുന്നതോടൊപ്പം ആഗതമാകുന്ന ഭാരതസ്വാതന്ത്ര്യദിനം നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു. ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ആർച്ചുബിഷപ്പ് തോമസ് മാർ കൂറിലോസ്**
ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ആർച്ചുബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോസ് പൊരുന്നേടം**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ് പീസ് ആൻഡ്
ഡെവലപ്പ്മെന്റ് കമ്മീഷൻ

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി - 682 025

N:B: 2017 ആഗസ്റ്റ് 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മധ്യേ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചു കൊടുക്കേണ്ടതാണ്.




**1. ഓർമിക്കേണ്ട ദിവസങ്ങൾ**

| | | |
|---|---|---|
| ആഗസ്റ്റ് | 1 : | പതിനഞ്ചു നോമ്പാരംഭം |
| | | വി. അൽഫോൻസ് ലിഗോരി |
| | 4 : | ആദ്യവെള്ളി |
| | | മാർ അദ്ദായിയുടെ ശിഷ്യൻ മാർ മാറി |
| | | വി. ജോൺ മരിയ വിയാനി |
| | 6 : | **കൈത്താക്കാലം മൂന്നാം ഞായർ** |
| | | ന. കർത്താവിന്റെ രൂപാന്തരീകരണം |
| | 8 : | വി. ഡൊമിനിക് |
| | 11 : | വി. ക്ലാര |
| | 13 : | **കൈത്താക്കാലം നാലാം ഞായർ** |
| | 14 : | വി. മാക്സ് മില്യൻ കോൾബെ |
| | 15 : | **പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം** |
| | 20 : | **കൈത്താക്കാലം അഞ്ചാം ഞായർ** |
| | 21 : | വി. പത്താം പിയൂസ് പാപ്പ |
| | 24 : | വി. ബർത്തലോമിയോ ശ്ലീഹാ |
| | 25 : | വി. ശ്മോനിയും ഏഴുമക്കളും |
| | 27 : | **കൈത്താക്കാലം ആറാം ഞായർ** |
| | 28 : | വി. അഗസ്റ്റിൻ |
| | 29 : | വി. എവുപ്രാസ്യാമ്മ |

**2. ആഗസ്റ്റ് മാസത്തെ പരിപാടികൾ**

| | | | | |
|---|---|---|---|---|
| ആഗസ്റ്റ് | 02 | : | 10:30 am | വിയാനി ഡേ & വൈദികസമ്മേളനം |
| | 04 | : | 07:30 pm | സാമ്പത്തിക സമിതിയോഗം |
| | 15 | : | | ഇന്ത്യൻ സ്വാതന്ത്ര്യദിനം<br>Archdiocesan Catechetical Merit Day |
| | 17 | : | 10:00 am | ആലോചനസമിതി യോഗം |

**3. വിയാനി ഡേ**

വിയാനി ഡേയും വൈദികസമ്മേളനവും ആഗസ്റ്റ് 2ന് രാവിലെ 10:30 മണി മുതൽ മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നു. രജത ജൂബിലിയും സുവർണ്ണജൂബിലിയും ആഘോഷിക്കുന്ന വൈദികരെ ഈ യോഗത്തിൽ പ്രത്യേകം അനുമോദിക്കുന്നതാണ്.

**4. കരുണട്രസ്റ്റ്-വിദ്യാഭ്യാസസഹായം**

അതിരൂപതയുടെ കരുണട്രസ്റ്റിൽ നിന്നും തൊഴിലധിഷ്ഠിത വിദ്യാഭ്യാസസഹായത്തിനുള്ള അപേക്ഷകൾ ആഗസ്റ്റ് 1 മുതൽ അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷകൾ കൃത്യമായി പൂരിപ്പിച്ച് ബഹു. വികാരിയച്ചന്റെ ശിപാർശയോടുകൂടി ആഗസ്റ്റ് 31നുള്ളിൽ അതിരൂപത സാമ്പത്തികകാര്യാലയത്തിൽ തിരിച്ചേല്പിക്കേണ്ടതാണ്.

**5. അതിരൂപത ഡയറക്ടറി 2017**

ഡയറക്ടറി 2017 വിതരണത്തിന് തയ്യാറായിട്ടുണ്ട്. ഡി. ബി. സി. എൽ. സി. ബുക്ക് സ്റ്റാളിൽ നിന്ന് കോപ്പികൾ ലഭിക്കുന്നതാണ്.

**6. സാമ്പത്തിക വിനിമയങ്ങളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

1. അതിരൂപത കാര്യാലയത്തിൽ നിന്ന് നൽകിയിട്ടുള്ള ചെക്ക്ലിസ്റ്റിൽ പറഞ്ഞിരിക്കുന്ന നിർദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. നമ്മുടെ പള്ളികൾക്ക് 12എ റജിസ്ട്രേഷന്റെ ആനുകൂല്യമുള്ളതുകൊണ്ട് ഓരോ സാമ്പത്തിക വർഷത്തിലേയും വരുമാനത്തിന്റെ 85% അതേ വർഷത്തിൽത്തന്നെ ചിലവഴിക്കേണ്ടതാണ്. ഭാവിയിൽ പൂർത്തീകരിക്കേണ്ട ഏതെങ്കിലും പദ്ധതികൾക്കായി നമ്മൾ വാങ്ങുന്ന corpus സംഭാവനകൾ മേൽപ്പറഞ്ഞ 85 ശതമാനത്തിൽ ഉൾപ്പടുന്നതല്ല. എന്നാൽ Corpus ഫണ്ട് ഏത് ആവശ്യത്തിനായി സമാഹരിക്കുന്നവോ അതേ ആവശ്യത്തിനു മാത്രമേ പ്രസ്തുത ഫണ്ട് ഉപയോഗിക്കുവാൻ പാടുള്ളു. അപ്രകാരമല്ലാതെ പ്രവർത്തിക്കുന്നവർ ആദായനികുതി വകുപ്പിന്റെ ശിക്ഷാനടപടികൾക്ക് വിധേയമാകും. Corpus ഫണ്ടിലേക്ക് സംഖ്യ വാങ്ങുമ്പോൾ, നൽകുന്നയാളിന്റെ കൈയിൽനിന്നും പ്രസ്തുത സംഖ്യ ഇന്ന ഫണ്ടിലേക്ക് മാത്രമേ ഉപയോഗിയ്ക്കാവു എന്നുള്ള നിർദേശം എഴുതി വാങ്ങേണ്ടതാണ്. അപ്രകാരമുള്ള സംഖ്യക്ക് രശീതി നല്കുമ്പോൾ അതിലും ഇക്കാര്യം രേഖപ്പെടുത്തേണ്ടതാണ്. 50000 രൂപയ്ക്കു മുകളിൽ ക്യാഷ് ആയി സംഭാവന വാങ്ങുമ്പോൾ, തരുന്നയാളുടെ പേര്, വിലാസം, പാൻകാർഡ് നമ്പർ, തിരിച്ചറിയൽ രേഖയുടെ കോപ്പി എന്നിവ വാങ്ങേണ്ടതാണ്.
2. ആദായനികുതി വകുപ്പിന്റെ നിയമങ്ങളും നിർദേശങ്ങളും കൃത്യ

മായി പാലിച്ചുകൊണ്ട്, പള്ളിയുടെ പാൻ കാർഡിലൂടെ ബാങ്കിൽ നിക്ഷേപിക്കപ്പെടുന്ന കണക്കുകളെല്ലാം (ഉദാ: സംഘടനകളുടെ അക്കൗണ്ട്, കൺസ്ട്രക്ഷൻ അക്കൗണ്ട് തിരുക്കർമ്മങ്ങളുടെ കണക്ക് തുടങ്ങിയവ) പള്ളി കണക്കിൽത്തന്നെ ചേർത്ത് അതത് സാമ്പത്തിക വർഷത്തിൽ ഓഡിറ്റ് ചെയ്യണം. സ്ഥലം വാങ്ങൽ-വില്ക്കൽ എന്നിവയുടെ കണക്കുകളും കൃത്യമായി കാണിക്കണം. ഓഡിറ്റ് ചെയ്യുമ്പോൾ എല്ലാ അനുബന്ധകണക്കുകളും (ഉദാ: ഉപവി പ്രവർത്തനത്തിനുള്ളഫണ്ട്, മരണ ഫണ്ട്, ഡെവലപ്പ്മെന്റ് ഫണ്ട്, തിരുക്കർമ്മങ്ങളുടെ ഫണ്ട്) ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സംയുക്ത (കൺസോളിഡേറ്റഡ്) ബാലൻസ് ഷീറ്റ് ഉണ്ടാക്കേണ്ടതാണ്. പള്ളിയിലെ സംയുക്ത (കൺസോളിഡേറ്റഡ്) റിപ്പോർട്ടിൽ മേൽപറഞ്ഞ എല്ലാ കണക്കുകളും ഉൾപ്പെടുത്തണം. പുതിയതായി നിർമ്മിക്കപ്പെടുന്ന പള്ളികളും മറ്റു സ്ഥാപനങ്ങളും വെഞ്ചിരിക്കുന്നതിനുമുമ്പ് അതുവരെയുള്ള കണക്കിന്റെ സ്റ്റേറ്റ്മെന്റ് അതിരൂപതകാര്യാലയത്തിൽ ഏല്പിക്കേണ്ടണ്ടതാണ്.

3. പള്ളിയിൽ സ്വീകരിക്കുന്ന എല്ലാ സംഖ്യക്കും രശീതി നല്കുകയും ചിലവഴിക്കുന്ന എല്ലാ സംഖ്യക്കും ബില്ലുകളും വൗച്ചറുകളും സൂക്ഷിക്കുകയും വേണം. പള്ളിയുടെ ആവശ്യങ്ങൾക്കായി സാധനങ്ങളും സേവനങ്ങളും വാങ്ങുമ്പോൾ GST (ജി.എസ്.ടി.) നമ്പറുള്ള ബില്ലുകളും വൗച്ചറുകളും വാങ്ങി സൂക്ഷിക്കേണ്ടതാണ്. ചെക്ലിസ്റ്റിൽ പറഞ്ഞിരിക്കുന്നതുപോലെ 10000 രൂപയ്ക്കു മുകളിലുള്ള എല്ലാ ചെലവുകൾക്കും എക്കൗണ്ട് പേയി ചെക്ക് അല്ലെങ്കിൽ ഡ്രാഫ്റ്റ് വഴിമാത്രമേ കൊടുക്കാവൂ. ഒരു വ്യക്തിയിൽ നിന്നോ സ്ഥാപനത്തിൽനിന്നോ 20000 രൂപയ്ക്കു മുകളിലുള്ള സംഭാവനകൾ, ലോണുകൾ എന്നിവ വാങ്ങുമ്പോഴും വസ്തു വിൽക്കൽ, വാങ്ങൽ മുതലായവ നടത്തുമ്പോഴും സ്വീകരിക്കുകയോ കൊടുക്കുകയോ ചെയ്യുന്ന സംഖ്യയും (ഫൈനൽ ആയാലും അഡ്വാൻസ് ആയാലും) എക്കൗണ്ട്പേയി ചെക്ക് വഴി മാത്രമേ സ്വീകരിക്കാനും കൊടുക്കാനും അനുവാദമുള്ളു. TDS (ടി.ഡി.എസ്.) ബാധകമായിട്ടുള്ള ചെലവുകൾ ചെയ്യുമ്പോൾ ചെലവുകൾക്ക് TDS (ടി.ഡി.എസ്.) കിഴിവ് ചെയ്തതിനുശേഷമുള്ള തുകയാണ് നൽകേണ്ടത്. TDS (ടി.ഡി.എസ്) ആയി പിടിക്കുന്ന സംഖ്യ നിയമം അനുശാസിക്കുന്ന സമയത്തിനുള്ളിൽ ഇൻകം ടാക്സ് ആയി അടക്കേണ്ടതാണ്.

പള്ളിയുമായി ബന്ധപ്പെട്ട എല്ലാകണക്കുകളും ഓഡിറ്റിംഗിനു വിധേയമാക്കണം.

സെപ്തംബർ 30ന് മുമ്പായി ഇൻകം ടാക്സ് റിട്ടേൺസ് എല്ലാവരും ഫയൽ ചെയ്യണം. അല്ലാത്തപക്ഷം നമ്മൾ വലിയ സംഖ്യ ടാക്സ് അടക്കേണ്ടതായി വരും. 12 എ റജിസ്ട്രേഷന്റെ ആനുകൂല്യമുള്ള സ്ഥാപനങ്ങൾ, അനുവദനീയമല്ലാത്ത ഷെയറുകൾ, കുറികൾ എന്നിവയിൽ നിക്ഷേപം നടത്താൻ പാടുള്ളതല്ല

4. തെരട്ടിനോടൊപ്പം ഇടവകകളിൽനിന്നും കൊണ്ടുവരുന്ന വാർഷിക റിപ്പോർട്ട് കൃത്യമായും പൂർണമായും പൂരിപ്പിച്ച് സമർപ്പിക്കേണ്ടതാണ്. അതിരൂപതാംഗങ്ങളായ വിശ്വാസികളെക്കുറിച്ചുള്ള കൃത്യമായ കണക്കുകൾ ലഭിക്കുന്നതിന് ഇത് അനിവാര്യമാണ്. വാർഷിക റിപ്പോർട്ട് വസ്തുനിഷ്ഠവും കൃത്യവുമായി ലഭിക്കുന്നതിന് ചർച്ച്സോഫ്റ്റ് എന്ന കമ്പ്യൂട്ടർ പ്രോഗ്രാം **(Parish documentation software)** എല്ലാ പള്ളികളിലും നിർബന്ധമായും ആരംഭിക്കണം. പള്ളി കണക്കുകളും നിർബന്ധമായും കമ്പ്യൂട്ടറൈസ് ചെയ്യണം. തെരട്ടു സമർപ്പിക്കുമ്പോൾ കണക്കുകളുടെ സോഫ്റ്റ് കോപ്പിയടങ്ങുന്ന സി.ഡി. കൂടി സമർപ്പിക്കേണ്ടതാണ്. കണക്കുകൾ എഴുതി സൂക്ഷിക്കുന്ന കാര്യത്തിൽ എന്തെങ്കിലും സംശയങ്ങളുണ്ടെങ്കിൽ അതിരൂപതാ സാമ്പത്തിക കാര്യാലയവുമായി ബന്ധപ്പെട്ട് അവ പരിഹരിക്കേണ്ടതാണ്.

**7. അതിരൂപതാ അവാർഡ് ദിനം :**

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2017 നവംബർ 11-ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഡി.ബി.സി.എൽ.സി.യിൽ ആയിരിക്കും. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2016 നവംബർ 13 മുതലുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. **(തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കുന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).**

* താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ **15-09-2017 നു** മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്ത

ലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ - 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.

* അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്.

* ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.

* സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ ഒക്ടോബർ 15നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org).

**1. വിദ്യാഭ്യാസരംഗം**

2016-17 അധ്യയനവർഷത്തിൽ

**1.1** പ്ലസ് ടുവിനും വി. എച്ച്. എസ്. സി.ക്കും ആദ്യ ചാൻസിൽ മുഴുവൻ വിഷയങ്ങളിലും A+നേടിയിട്ടുള്ളവർക്ക് (Kerala State-A+, C.B.S.E - CGPA 10.0, I.C.S.E.- A+/Exceptional)

**1.2** ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ Ph.D/PDF പൂർത്തിയാക്കിയവർ

**1.3** ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

**1.4** സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

**1.5** കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

**2. കായികം**

**2.1** *വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ*

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ - ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**2.2** *സർവ്വകലാശാല കായികമത്സരങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

### 3. കലാസാഹിത്യ രംഗം

*3.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ*

(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ - ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം.

സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

*3.2 സർവ്വകലാശാല യുവജനോത്സവങ്ങളിൽ*

ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

### 4. മറ്റു രംഗങ്ങൾ

*4.1* സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

*4.2* മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായവരെ സമിതി തെരഞ്ഞടുക്കുന്നതായിരിക്കും. സമിതിയുടെ തീരുമാനം അന്തിമമായിരിക്കും).

*4.3* അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേണ്ടതാണ്).

**NB:**

**1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.**

**2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സരങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷിക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരിഗണിക്കപ്പെടുന്നു.**

**8. വൈദികനിയമനം :**

1. ഫാ. സ്റ്റാൻലി മങ്ങാട്ട് CMF - നടത്തുവികാരി വാണിയമ്പാറ; സാധുത 2017 ജൂൺ 3 മുതൽ.

2. ഫാ. ജോർജ്ജ് ചിറക്കൽപുരയിടം CMF - വികാരി വാണിയമ്പാറ ഒഴിവായി; സാധുത 2017 ജൂൺ 3 മുതൽ.

| | |
|---|---|
| 3. ഫാ. ജോസ് കാവുങ്കൽ CMI | - കപ്ലോൻ സി. എസ്. സി. മരിയ ഭവൻ പ്രോവിൻഷ്യൽ ഹൗസ് കോലഴി ഒഴിവായി; സാധുത 2017 ജൂൺ 1 മുതൽ. |
| 4. ഫാ. ഡേവിസ് പനക്കൽ CMI | - കപ്ലോൻ സി. എസ്. സി. മരിയ ഭവൻ പ്രോവിൻഷ്യൽ ഹൗസ് കോലഴി; സാധുത 2017 ജൂൺ 1 മുതൽ. |
| 5. ഫാ. തോമസ് ചക്കാലമറ്റത്ത് CMI | - കപ്ലോൻ സി. എം. സി. സെന്റ് സേവിയേഴ്സ് മഠം ചേറൂർ ഒഴിവായി; സാധുത 2017 ജൂൺ 1 മുതൽ. |
| 6. ഫാ. പോൾസൺ പാലിയേക്കര CMI | - കപ്ലോൻ സി. എം. സി. സെന്റ് സേവിയേഴ്സ് മഠം ചേറൂർ; സാധുത 2017 ജൂൺ 1 മുതൽ. |
| 7. ഫാ. ബോബി തറക്കുന്നേൽ O'Carm. | - ജഡ്ജ് & സബ്സ്റ്റിറ്റ്യൂട്ട് ഡിഫന്റർ ഓഫ് ബോണ്ട് മെത്രാപ്പോലീത്തൻ കോടതി; സാധുത 2017 ജൂൺ 12 മുതൽ. |
| 8. ഫാ. ലോറൻസ് എടക്കളത്തൂർ SDV | - നടത്തുവികാരി പേരകം; സാധുത 2017 ജൂൺ 7 മുതൽ. |
| 9. ഫാ. ലിറിൽ തളിയപറമ്പിൽ | - കപ്ലോൻ സി. എസ്. എസ്. ആളൂർ കൂടി; സാധുത 2017 ജൂൺ 1 മുതൽ. |
| 10. ഫാ. അനീഷ് നെല്ലിക്കൽ | - നടത്തുവികാരി ചൊവ്വന്നൂർ; സാധുത 2017 ജൂൺ 21 മുതൽ. |
| 11. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത് | - ഡയറക്ടർ ഡോക്ടേഴ്സ് ഫോറം ഒഴിവായി; സാധുത 2017 ജൂൺ 21 മുതൽ. |
| 12. ഫാ. ടിജോ മുള്ളക്കര | - ഡയറക്ടർ ഡോക്ടേഴ്സ് ഫോറം കൂടി; സാധുത 2017 ജൂൺ 21 മുതൽ. |
| 13. ഫാ. ഡേവിഡ് പേരാമംഗലം OFM.Cap. | - പ്രീസ്റ്റ്-ഇൻ-ചാർജ്ജ് പൂത്തോൾ ഒഴിവായി; സാധുത 2017 ജൂൺ 22 മുതൽ. |
| 14. ഫാ. ഡേവിസ് വിതയത്തിൽ OFM.Cap. | - പ്രീസ്റ്റ്-ഇൻ-ചാർജ്ജ് പൂത്തോൾ; സാധുത 2017 ജൂൺ 22 മുതൽ. |
| 15. ഫാ. ടോണി തോമസ് കാക്കശ്ശേരി | - വികാരി കാഞ്ഞാണി; സാധുത 2017 ജൂൺ 28 മുതൽ. |
| 16. ഫാ. ജോൺ മുളക്കൽ | - പഠനാവധി; നടത്തുവികാരി കാഞ്ഞാണി ഒഴിവായി; സാധുത 2017 ജൂൺ 28 മുതൽ. |
| 17. ഫാ. ജസ്റ്റിൻ കൈതാരത്ത് | - രണ്ടുവർഷത്തേക്ക് പഠനാവധി; സാധുത 2017 ജൂൺ 30 മുതൽ. |

18. ഫാ. ജോയ് മേനാച്ചേരി OFM.Cap. – വികാരി കുറുമാൽ ഒഴിവായി; സാധുത 2017 ജൂലായ് 1 മുതൽ.

19. ഫാ. ആന്റണി മാണിപറമ്പിൽ OFM.Cap. – വികാരി കുറുമാൽ; സാധുത 2017 ജൂലായ് 1 മുതൽ.

**9. പ്രത്യേകനിയമനം :**

**St. Joseph’s Nature Home, Varandarappilly Pallikunnu**

**Board of Trustees**

1. Syncellus of the Archdiocese, V. Rev. Msgr Thomas Kakkassery.
2. Finance Officer of the Archdiocese, V. Rev. Fr Joy Mookken.
3. Director of St. Joseph Nature Home, Rev. Fr. Francis Pallikkunnath
4. Rev. Fr. Jose Thekkekkara (Sr.), founder member.
5. Rev. Fr. Paul Chittilappilly, founder member.
6. Vicar of the Our Lady of Assumption Church, Varandarappilly Pallikkunnu, Rev. Fr. Johnson Olakkengil.

**മാർ റാഫേൽ തട്ടിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ-സിഞ്ചെല്ലൂസ്




# AUG

## മെത്രാപ്പോലീത്തായുടെ പരിപാടികൾ

| Date | Day | Time | Programme |
|---|---|---|---|
| 1 | Tue | Morning | Curia meeting |
| | | Afternoon | Excel Academy - *Avinissery* school blessing |
| 2 | Wed | Morning | Priest's one day seminar |
| 3 | Thu | Morning | Holy Mass at Marymatha Major Seminary For the people |
| | | Evening | *Vianney day* celebration at Cheroor |
| 4 | Fri | Morning | Holy Mass at Alagappa Marriage Preparation Center |
| | | | Curia meeting For priests and religious |
| 5 | Sat | Morning | Benefactors meet at Minor Seminary |
| | | Afternoon | *Single life- laypeople* meet at family apostolate |
| | | Evening | Vestition of Holy Family *Navajyothi* province at Olarikkara |
| 6 | Sun | | Pastoral Visit at Manalur west |
| 7- 11 | | | KCBC Retreat |
| 12 | Sat | Morning | Convocation ceremony at Jyothi Engineering college |
| | | | International Symposium at Marymatha Major Seminary |
| | | | Holy mass and blessing of cemetery at kozhukkully |

| | | | |
|---|---|---|---|
| 13 | Sun | | Pastoral Visit |
| 14 | Mon | Morning | Excel academy- DBCLC Class Rooms Blessing |
| | | Evening | Charismatic Meeting |
| 15 | Tue | Morning | Holy mass and Hall Blessing at Mullassery |
| | | | Curia meeting |
| | | Afternoon | Silver Jubilee Holy Mass for School Sisters at Pulakkattukara |
| | | Evening | Catechetical Merit Day at DBCLC Christina Home |
| | | | Golden Jubilee Meeting |
| 16 | Wed | Afternoon | Convocation Ceremony at Jubilee Mission Hospital |
| 17 | Thu | | Engaged |
| 18 | Fri | Morning | Curia meeting, for the People |
| | | | For Priests and Religious |
| 19 | Sat | Evening | Holy Mass at Pullur S.H Hospital |
| 20 | Sun | Morning | *Nava Dhabathy Sagamam* at Family Apostolate |
| | | | AKCC General Body meeting |
| | | Afternoon | KLM General Body meeting |
| | | Evening | Holy Mass at Ollur Pilgrimage Center |
| 21-31 | | | Synod |




| Date | Day | Time | Description |
|---|---|---|---|
| 1 | Tue | | Sehion Retreat Centre, Attapadi- Grand Priest Conference |
| 02 | Wed | | Sehion Retreat Centre, Attapadi- Grand Priest Conference |
| 03 | Thru | | Sehion Retreat Centre, Attapadi- Grand Priest Conference |
| 04 | Fri | | Sehion Retreat Centre, Attapadi- Grand Priest Conference |
| 05 | Sat | | Engaged |
| 06 | Sun | Morning | Mission Appeal at Athani |
| | | Evening | Kottapady- Catechism Day |
| 07 | Mon | Morning | Holy Mass at Marymatha Major Seminary |
| | | Evening | Award Distribution- Sahithya Accademy |
| 08 | Tue | Afternoon | Holt Mass at Ponnani |
| 09 | Wed | | |
| 10 | Thu | | |
| 11 | Fri | | |
| 12 | Sat | | |
| | | Evening | Engaged |
| 13 | Sun | Moring | Irinjalakuda - Aloor Charismatic Convention |
| | | Evening | DBCLC- Archdiocese Catechism PTA Silver Jubilee Celebration |
| 14 | Mon | | |

| | | | |
|---|---|---|---|
| 15 | Tue | Morning | Holy Mass at Kozhukully, Valapaya- |
| | | | Presbytery Blessing & H.Mass |
| | | Evening | Mullassery- Hall Inauguration |
| 16 | Wed | Morning | Holy Mass at |
| | | | St. Mary's Minor Seminary Thrissur |
| 17 | Thu | Evening | Manalikad-Mala |
| 18 | Fri | Moring | Holy Mass Alagappanagar - |
| | | | Marriage preparation course |
| 19 | Sat | Morning | Engaged |
| | | Evening | Holy Mass at Irinjalakuda |
| | | | St. Thomas Cathedral |
| 20 | Sun | Morning | Mission Appeal at Vylathoor |
| 21 | Mon | | Synod |
| 22 | Tue | | Synod |
| 23 | Wed | | Synod |
| 24 | Thu | | Synod |
| 25 | Fri | | Synod |
| 26 | Sat | | Synod |
| 27 | Sun | Mornig | Mission Appeal at Ayanthol, |
| | | Evening | Holy Mass at St. Euphrsia- CMC convent Ollur |
| 28 | Mon | | Synod |
| 29 | Tue | | Synod |
| 30 | Wed | | Synod |
| 31 | Thu | | Synod |

# നാളാഗമം

## ജൂൺ 2017

01. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തിരുവില്ലാമല സെന്റ് പോൾ ഗുരുകുലം സെമിനാരിയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ സെന്റ് തോമസ് കോളേജിൽ വി. ബലിയർപ്പിച്ചു. തുടർന്ന് ആബാ ധ്യാനകേന്ദ്രത്തിൽ വി. ബലിയർപ്പിച്ച് ധ്യാനത്തിന് ആരംഭം കുറിച്ചു. ഉച്ചക്കുശേഷം സെന്റ് തോമസ് കോളേജിൽ സ്റ്റാഫ് മീറ്റിംഗിൽ സംബന്ധിച്ചു.

02. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ മേരിമാത മേജർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാത്രി ചിയ്യാരത്ത് ജീസസ് യൂത്ത് കൂട്ടായ്മയിൽ സന്ദേശം നൽകി.

03. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആബാ റിന്യൂവൽ സെന്ററിലെ ധ്യാനത്തിൽ സന്ദേശം നൽകുകയും വി. ബലി അർപ്പിക്കുകയും ചെയ്തു. വൈകിട്ട് വരവൂർ ഇടവകയിൽ വി. ബലി അർപ്പിക്കുകയും പാരിഷ് ഹാൾ ആശീർവദിക്കുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ചിറ്റിലപ്പിള്ളി ഇടവകയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്ക് സെന്റ് തോമസ് കോളേജിൽ കോമേഴ്സ് വിഭാഗത്തിലെ സെമിനാറിൽ പങ്കെടുത്തു. രാത്രിയിൽ പല്ലിശ്ശേരി സാന്തോം മിഷൻ സെമിനാരിയിൽ മിഷൻ പ്രവർത്തനങ്ങൾക്കായി നടത്തിയ പന്തക്കുസ്താ വിജിലിന് ആരംഭം കുറിച്ചു.

04. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ പാലക്കൽ ഇടവകയിൽ അതിരൂപത കുട്ടികൂട്ടായ്മയുടെ ഉദ്ഘാടനകർമ്മം നിർവഹിച്ചു. ഉച്ചക്ക് വിമല കോളേജിലെ അതിരൂപത ജീസസ് യൂത്തിന്റെ കമ്മിറ്റ്മെന്റ്

ചടങ്ങിൽ മുഖ്യകാർമ്മികനായി. വൈകിട്ട് തിരൂർ ഇടവക ദൈവാലയത്തിൽ ലോഫ് എന്ന സംഘടനയുടെ അംഗങ്ങളുടെ വ്രതനവീകരണത്തിലും മുഖ്യകാർമ്മികനായി. അഭിവന്ദ്യ തട്ടിൽ പിതാവ് കണ്ണാറ ഇടവകയിൽ സാന്തോം മിഷനെ പരിചയപ്പെടുത്തുകയും വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. ഉച്ചക്ക് മുള്ളൂർക്കര ഇടവകയിൽ ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചന്റെ 54-ാം ശ്രാദ്ധാചരണത്തോടനുബന്ധിച്ച് നടന്ന പദയാത്ര ഉദ്ഘാടനം ചെയ്തു. വൈകിട്ട് തൃശ്ശൂർ ബസിലിക്കയിൽ നിർമ്മിച്ച കുമ്പസാര കപ്പേളയുടെ ആശീർവാദകർമ്മം നിർവഹിച്ചു.

05. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു. തുടർന്ന് കെ. സി. വൈ. എം. ന്റെയും സി. എൽ. സി. യുടെയും നേതൃത്വത്തിലുള്ള പരിസ്ഥിതി ദിനാഘോഷപരിപാടികളിൽ പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മേരിമാത സെമിനാരിയിലും തുടർന്ന് തൃശ്ശൂർ ബസിലിക്കയിലും വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് കളമശ്ശേരിയിൽ കെ. സി. എം. എസ്. ന്റെ സമാപനസമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

06-08 അഭിവന്ദ്യ പിതാക്കന്മാർ കെ. സി. ബി. സി. മീറ്റിംഗിൽ പങ്കെടുത്തു.

08. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകിട്ട് കുഴിക്കാട്ടുശ്ശേരിയിൽ വാ. മറിയം ത്രേസ്യയുടെ തിരുനാളാഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

09. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആമ്പല്ലൂർ ആനിമേഷൻ സെന്ററിൽ വിവാഹ ഒരുക്ക കോഴ്സ് കൂടുന്നവർക്കായി വി. ബലിയർപ്പിച്ചു. തുടർന്ന് എറവ് ഇടവകയിലെ സെന്റ് തെരേസ സ്കൂളിന് ലഭിച്ച ഐ. സി. എസ്. ഇ. അഫിലിയേഷൻ ഡിക്ലറേഷൻ പരിപാടിയിൽ പങ്കെടുത്തു.

10. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ എക്സെൽ അക്കാദമിയുടെ അധ്യയനവർഷം ഉദ്ഘാടനം ചെയ്തു. തുടർന്ന് അതിരൂപത പാസ്റ്ററൽ കൗൺസിൽ യോഗത്തിൽ സംബന്ധിച്ചു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ എക്സെൽ അക്കാദമിയുടെ അധ്യയനവർഷം സെന്റ് തോമസ് കോളേജിൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് പല്ലിശ്ശേരിയിൽ സാന്തോം മിഷൻ സെമിനാരിയിൽ വച്ച് ബ്രദർ. സ്റ്റെബിൻ പൊന്തേക്കന്റെ വൈദികവസ്ത്രസ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചക്ക് സാന്തോം മിഷൻ സെമിനാരി ബ്രദേഴ്സിന്റെ മാതാപിതാക്കളുടെ സംഗമത്തിൽ സംബന്ധിച്ചു. ഉച്ചകഴിഞ്ഞ് പീച്ചിയിൽ

എം. എം. ബി. ബ്രദർമാരുടെ അൽവേർണിയ ആശ്രമത്തിൽ ജൂബിലിയാഘോഷത്തോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

11. അഭിവന്ദ്യ താഴത്ത് പിതാവ് ഒല്ലൂർ മേരിമാത ഇടവകയിൽ ഇടയസന്ദർശനം നടത്തുകയും ഇടവകയെ സ്വതന്ത്ര ഇടവകയായി പ്രഖ്യാപിക്കുകയും ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് നെല്ലങ്കര ഇടവകയിൽ സാന്തോം മിഷൻ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തുകയും വി. ബലിയർപ്പിച്ച് സന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ ഹല്ലേലൂയ പ്രാർത്ഥനാഗ്രൂപ്പിന്റെ കൂട്ടായ്മയിൽ സന്ദേശം നൽകി. വൈകിട്ട് അതിരൂപത കെ. സി. വൈ. എം. യുവജനസംഗമത്തിന്റെ സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം ചെയ്തു.

12. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ വേലൂരിലുള്ള FATRI-യിൽ നടത്തപ്പെടുന്ന കുടുംബപ്രേഷത കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും പുതിയ അധ്യയനവർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. ഉച്ചകഴിഞ്ഞ് ഒല്ലൂരിലെ സി. എം. സി. കോൺവെന്റിൽ ബഹു. സി. ബോസ്വെൽ സി. എം. സി. യുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

13. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തൃശ്ശൂർ ലത്തീൻ പള്ളിയിൽ വി. അന്തോണീസിന്റെ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. തുടർന്ന് പഴുവിൽ പള്ളിയിൽ അൾത്താരയുടെ കൂദാശകർമ്മം നിർവ്വഹിച്ചു. ഉച്ചക്ക് കഴിഞ്ഞ് ബഹു. ലിൻസൻ തട്ടിലച്ചന്റെ സഹോദരന്റെ മൃതസംസ്കാരശുശ്രൂഷയിലും തുടർന്ന് സി. ഇഗ്നേഷ്യസ് സി. എസ്. സി. യുടെ മൃതസംസ്കാരശുശ്രൂഷയിലും പങ്കെടുത്തു. വൈകിട്ട് പാറേമ്പാടം ഇടവകയിൽ വി. അന്തോണീസിന്റെ തിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു.

14. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകിട്ട് ആബാ ധ്യാനകേന്ദ്രത്തിൽ വചനസന്ദേശം നൽകി.

15. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പുതുക്കാട് ഇടവകയിൽ വി. ബലിയർപ്പിച്ചു. ഉച്ചക്ക് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ 'കുർബാനയുടെ കൂട്ടുകാർ' എന്ന കൂട്ടായ്മയിൽ വി. ബലിയർപ്പിച്ച് സന്ദേശം നൽകി. വൈകിട്ട് നെഹ്റുനഗറിൽ വി. ബലിയർപ്പിച്ചു.

16. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ അളഗപ്പനഗറിൽ വിവാഹ ഒരുക്കകോഴ്സ് കൂടുന്നവർക്കായി വി. ബലിയർപ്പിച്ചു. തുടർന്ന് സേക്രഡ്

ഹാർട്ട് ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ സുവർണ്ണജൂബിലിയാഘോഷങ്ങളിൽ പങ്കെടുത്തു.

17. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ മാർ കുരിയാക്കോസ് കുന്നശ്ശേരി പിതാവിന്റെ മൃതദേഹത്തിൽ അന്ത്യമോപചാരമർപ്പിച്ചു. വൈകിട്ട് വിയ്യൂർ ഇടവകയിൽ വി. ബലിയർപ്പിച്ചു.

18. അഭിവന്ദ്യ തട്ടിൽ പിതാവ് ചിറ്റിലപ്പിള്ളി ഇടവകയിൽ സാന്തോം മിഷൻ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തി വി. ബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ഉച്ചകഴിഞ്ഞ് സെന്റ് തോമസ് കോളേജിൽ ഫാമിലി വെരിത്താസ് ക്വിസ് ഉദ്ഘാടനം ചെയ്തു. വൈകിട്ട് സി. ഗൽഗാനി സി. എം. സി. യുടെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

19. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ ഫെല്ലോഷിപ്പ് മിനിസ്ട്രിയുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് ബഹു. ടോം വടക്കേകരയച്ചന്റെ പിതാവിന്റെ മൃതസംസ്കാരശുശ്രൂഷയിൽ മുഖ്യകാർമ്മികനായി.

20. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തൃശ്ശൂർ സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വി. ബലിയർപ്പിച്ചു.

21. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ബ്രഹ്മകുളം ഇടവകയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് മാർ കുണ്ടുകുളം പിതാവിന്റെ സഹോദരപുത്രന്റെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു.

22. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പറപ്പൂർ പള്ളിയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ആളൂരിലുള്ള ഷേൺസ്റ്റാട്ട് സെമിനാരിയിൽ വി. ബലിയർപ്പിച്ച് അധ്യയനവർഷം ഉദ്ഘാടനം ചെയ്തു.

23. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ സേക്രഡ് ഹാർട്ട് കോൺവെന്റിൽ തിരുഹൃദയതിരുനാളിനോടനുബന്ധിച്ച് വി. ബലിയർപ്പിച്ചു. ഉച്ചക്ക് ആർച്ച്ബിഷപ്സ് ഹൗസിൽ തിരുഹൃദയപ്രതിഷ്ഠ നടത്തി. ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ കെ. സി. എസ്. എൽ. മെറിറ്റ് ഡേയിൽ പങ്കെടുത്തു. വൈകിട്ട് പീച്ചി ഇടവകയിൽ വി. ബലിയർപ്പിച്ചു.

24. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ തൊയക്കാവ് ഇടവകയിൽ വി. ബലിയർപ്പിച്ചു. വൈകിട്ട് ഫെല്ലോഷിപ്പ് മിനിസ്ട്രിയുടെ പ്രേഷിത കൂട്ടായ്മയിൽ സന്ദേശം നൽകി.

25. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ചിയ്യാരം വിജയമാത ഇടവകയിൽ സാന്തോം മിഷൻ പ്രവർത്തനങ്ങളെ പരിചയപ്പെടുത്തി വി. ബലിയർപ്പിക്കുകയും സന്ദേശം നൽകുകയും ചെയ്തു. ഉച്ചക്ക് ആർത്താറ്റ് ഇടവകയിൽ ചുഴലിക്കാറ്റിൽ തകർന്ന പള്ളിയും സ്കൂളും സന്ദർശിച്ചു. തുടർന്ന് പനമുക്ക് ഇടവകയിൽ ഫൊറോനതല കുട്ടികൂട്ടായ്മ ഉദ്ഘാടനം ചെയ്തു. ശേഷം പല്ലിശ്ശേരി അഭയം ശാന്തിഭവനിൽ ഫ്രണ്ട്ഷിപ്പ് മീറ്റിൽ പങ്കെടുത്ത് സംസാരിച്ചു.

26. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ചെമ്പുക്കാവ് പള്ളിയിൽ വി. ബലിയർപ്പിച്ചു.

27. അഭിവന്ദ്യ തട്ടിൽ പിതാവ് വൈകിട്ട് ചിറ്റാട്ടുകര ഇടവകയിൽ വി. ബലിയർപ്പിച്ചു.

28. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ലൂർദ്ദ്പുരം മർത്താ കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

29. അഭിവന്ദ്യ താഴത്ത് പിതാവ് കേരള മുഖ്യമന്ത്രിയുമായുള്ള ക്രിസ്ത്യൻ ന്യൂനപക്ഷ വിഭാഗങ്ങളുടെ ഗവൺമെന്റ് മീറ്റിംഗിൽ കത്തോലിക്കാ സഭയുടെ പ്രതിനിധിയായി പങ്കെടുത്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ പട്ടിക്കാട് സ്കൂളിലും ഉച്ചകഴിഞ്ഞ് മമ്മിയൂർ സ്കൂളിലും മെറിറ്റ് ഡേ ഉദ്ഘാടനവും സമ്മാനദാനവും നടത്തി. വൈകിട്ട് ചേലക്കോട്ടുകര മർത്താ കോൺവെന്റിൽ വി. ബലിയർപ്പിച്ചു.

30. അഭിവന്ദ്യ താഴത്ത് പിതാവ് ഉച്ചകഴിഞ്ഞ് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തിയ കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസിയുടെ മെറിറ്റ് ഡേ ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ തട്ടിൽ പിതാവ് രാവിലെ ഡിവൈൻ ധ്യാനകേന്ദ്രത്തിൽ വചനപ്രഘോഷണം നടത്തി. ഉച്ചക്ക് സെന്റ് തോമസ് കോളേജിൽ നടന്ന സെന്റ് തോമസ് ഡേ ആഘോഷങ്ങളിൽ പങ്കെടുത്തു. വൈകിട്ട് തൃശ്ശൂർ ബസിലിക്കയിൽ വി. കുർബാന, നൊവേന, മാതാപാത എന്നിവയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

# നാമകരണ നടപടികൾ

## ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

**രണ്ടാം ശനി ആചരണം:** സി.എസ്.സി. മരിയ പ്രവിശ്യാംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി. സിസ്റ്റർ രശ്മി സി.എസ്.സി. പ്രഭാഷണം നടത്തി. 'കുടുംബനവീകരണവും ഊക്കനച്ചനും' എന്ന ആശയത്തെ മുൻനിറുത്തി സിസ്റ്റർ തന്റെ ചിന്തകൾ പങ്കുവെച്ചു. കുടുംബം എന്നുപറഞ്ഞാൽ സ്നേഹത്തിന്റെ ഭവനവും ജീവന്റെ തോട്ടവുമാണ്. അനാഥനായ ജീവിക്കേണ്ടി വന്ന ഊക്കനച്ചൻ അനാഥരായ വ്യക്തിത്വങ്ങളെ വളർത്താൻ തന്റെ സമയവും കഴിവും ആരോഗ്യവുമെല്ലാം മാറ്റിവെച്ചു. സഹനത്തിന്റെ തീച്ചൂളയിലൂടെ കടന്നുപോയപ്പോഴും പാവങ്ങൾക്കും അശരണർക്കും വേണ്ടി നിലകൊള്ളേണ്ടവനാണ് താൻ എന്ന ചിന്ത അദ്ദേഹത്തെ കൂടുതൽ ആത്മീയകരുത്തുള്ളവനാക്കി. ഉള്ളതുമുഴുവനും പങ്കുവച്ച ഈ വ്യക്തിത്വം നമുക്ക് മാതൃകയാകട്ടെ എന്ന് ഓർമ്മപ്പെടുത്തികൊണ്ട് സിസ്റ്റർ രശ്മി തന്റെ പ്രഭാഷണം അവസാനിപ്പിച്ചു. 10.30ന് അനുസ്മരണബലി, കബറിടത്തിൽ ഒപ്പീസ്, മദ്ധ്യസ്ഥപ്രാർത്ഥന, നേർച്ച, ഊട്ട് വെഞ്ചരിപ്പ് എന്നിവയ്ക്ക് കാർമ്മികത്വം വഹിച്ചത് റവ. ഫാ. ഫെബിൻ കുത്തൂർ ആയിരുന്നു. " എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ചെയ്തുകൊടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" (മത്താ 25:40) എന്ന തിരുവചനത്തോട് ചേർന്ന് മഹത്തായ ജീവിതം കാഴ്ചവച്ചവനാണ് ദൈവദാസൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ, എവിടെയായിരുന്നാലും ദൈവതിരുമനസ്സ് എന്താണോ അത് നിർവ്വഹിച്ച വ്യക്തിത്വം ഇതുപോലെ ദൈവസ്നേഹത്തിൽ വളർന്ന് ക്രിസ്തുവിനെ പകർന്നുകൊടുക്കുകയും ദൈവത്തിന്റെ ഇഷ്ടം അനുസരിച്ച് ജീവിക്കുകയും ചെയ്യാൻ ഊക്കനച്ചന്റെ മാദ്ധ്യസ്ഥം തേടാം എന്ന് ഓർമ്മപ്പെടുത്തി ബ. അച്ചൻ തന്റെ സന്ദേശം അവസാനിപ്പിച്ചു.

## ദൈവദാസൻ ഫാ. ആന്റണി തച്ചുപറമ്പിൽ

ജീവിതകാലം മുഴുവൻ ദൈവസ്നേഹത്തിന്റെ വക്താവായി വാക്കിലൂടെയും പ്രവർത്തിയിലൂടെയും എല്ലാവർക്കും ദൈവസ്നേഹം പകർന്നു നൽകിയ ദൈവദാസൻ ആന്റണി തച്ചുപറമ്പിൽ അച്ചന്റെ അനുസ്മരണം ഭക്തിപൂർവ്വം കൊണ്ടാടി വെള്ളി ആചരണം ജൂലായ് 7ന് രാവിലെ 10 മണിക്ക് ജപമാലയോടെ ആരംഭിച്ചു. "നമ്മൾ ദൈവത്തിന്റെ സംരക്ഷണത്തിലാണോ എന്ന് സ്വയം വിലയിരുത്തണമെന്നും ദൈവത്തിന്റെ വേലിക്കെട്ടിൽ തന്നെ നിലനിൽക്കാൻ പരിശുദ്ധാത്മാവിന്റെ സഹായം തേടണമെന്നും വചനപ്രഘോഷണത്തിലൂടെ ബ്ര. റപ്പായി ഒല്ലൂർ എല്ലാവരേയും ഓർമ്മപ്പെടുത്തി. ഫൊറോന വികാരി റവ. ഫാ. റാഫേൽ താണിശ്ശേരി ദിവ്യബലി അർപ്പിച്ചുകൊണ്ട് തിരുകർമ്മങ്ങൾക്ക് നേതൃത്വം കൊടുത്തു. അന്തോണിയച്ചന്റെ മാദ്ധ്യസ്ഥം തേടി നിരവധി ആളുകൾ തിരുക്കർമ്മങ്ങളിൽ പങ്കെടുത്തു.

**ഫാ. പോൾ പുളിക്കൻ,**
പോസ്റ്റുലേറ്റർ

# സാമ്പത്തിക കാര്യാലയം

**1. തെരട്ട് സമർപ്പിക്കൽ**

2017 ജൂലൈ 4-ാം തിയതി മുതൽ ഇടവകകളുടെ തെരട്ട് അതിരൂപത കച്ചേരിയിൽ സമർപ്പിക്കുന്നത് ആരംഭിച്ചു. ഓരോ ഇടവകയും നിശ്ചയിച്ചിട്ടുള്ള ദിവസവും സമയവും ശ്രദ്ധിച്ച് സ്നേഹപൂർവ്വം സഹകരിക്കണമെന്ന് ഓർമിപ്പിക്കുന്നു.

2. സെപ്തംബർ 11-ാം തിയതി മുതലാണ് സ്ഥാപനങ്ങൾ / സംഘടനകൾ പ്രസ്ഥാനങ്ങൾ തെരട്ട് കൊണ്ടുവരേണ്ടത്. തെരട്ട് കൊണ്ടുവരേണ്ട തിയതികൾ താഴെ കൊടുത്തിട്ടുണ്ട്

| | | |
|---|---|---|
| 1. ഫാമിലി അപ്പസ്തോലേറ്റ് സെന്റർ | സെപ്തംബർ 11 | 10.00 am |
| 2. സൊസൈറ്റി ഓഫ് മേരി ഇമ്മാക്കുലേറ്റ്,വെസ്റ്റ് ഫോർട്ട് & ലിലിയൻ ഫോണ്ടസ് | സെപ്തംബർ 11 | 10.00 am |
| 3. സെ.ആൻസ്, വെസ്റ്റ് ഫോർട്ട് | സെപ്തംബർ 11 | 11.00 am |
| 4. സിസ്റ്റേഴ്സ് ഓഫ് സെ. ജോസഫ് ദി വർക്കർ (എസ്.എസ്.ജെ.ഡബ്ല്യൂ) | സെപ്തംബർ 11 | 11.00 am |
| 5. ഹോളി ചൈൽഡ് ഹുഡ് | സെപ്തംബർ 11 | 12.00 Noon |
| 6. ഫ്രാൻസിസ്കൻ അസോസിയേഷൻ | സെപ്തംബർ 11 | 12.00 Noon |
| 7. കുടുംബസമ്മേളനം | സെപ്തംബർ 12 | 10.00 am |
| 8. ചൈതന്യ ക്ലീനിക് | സെപ്തംബർ 12 | 10.00 am |
| 9. ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട്, മുളയം | സെപ്തംബർ 12 | 11.00 am |
| 10. ഡാമിയൻ എസ്റ്റേറ്റ് | സെപ്തംബർ 12 | 11.00 am |
| 11. ഡാമിയൻ ജൂബിലി ശാന്തിഗ്രാം | സെപ്തംബർ 12 | 12.00 Noon |
| 12. ജൂബിലി മിഷൻ ഹോസ്പിറ്റൽ | സെപ്തംബർ 13 | 10.00 am |
| 13. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് | സെപ്തംബർ 13 | 10.00 am |
| 14. ജൂബിലി മിഷൻ സ്കൂൾ ഓഫ് നേഴ്സിംഗ് | സെപ്തംബർ 13 | 11.00 am |
| 15. ജൂബിലി മിഷൻ കോളേജ് ഓഫ് ബി.എസ്.സി. നേഴ്സിംഗ് | സെപ്തംബർ 13 | 11.00 am |
| 16. കെ.സി.എസ്.എൽ | സെപ്തംബർ 13 | 12.00 Noon |
| 17. മാതൃസംഘം | സെപ്തംബർ 13 | 12.00 Noon |
| 18. ബൈബിൾ അപ്പസ്തോലേറ്റ് | സെപ്തംബർ 14 | 10.00 am |

| | | |
|---|---|---|
| 19. തൊഴിൽ അഭ്യസന പീഠം | സെപ്തംബർ 14 | 10.00 am |
| 20. സി.എൽ.എ, സാക്രിസ്റ്റൻസ് | സെപ്തംബർ 14 | 11.00 am |
| 21. സെന്റ് മേരീസ് പ്രൈവറ്റ് ഐ.ടി.സി. | സെപ്തംബർ 14 | 11.00 am |
| 22. ഐ.ടി.ഐ അളഗപ്പനഗർ | സെപ്തംബർ 14 | 11.00 am |
| 23. സ്പിരിച്വൽ ആനിമേഷൻ സെന്റർ | സെപ്തംബർ 14 | 12.00 Noon |
| 24. സെന്റ്വിൻസെന്റ്ഡി പോൾ സൊസൈറ്റി | സെപ്തംബർ 29 | 10.00 am |
| 25. മേരി മാതാ മേജർ സെമിനാരി, മുളയം | സെപ്തംബർ 29 | 10.00 am |
| 26. ഹോം ഓഫ് ലൗ, മുളയം | സെപ്തംബർ 29 | 11.00 am |
| 27. മാർ കുണ്ടുകുളം, ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | സെപ്തംബർ 29 | 11.00 am |
| 28. കരുണ ട്രസ്റ്റ്, ബിഷപ്സ് ഹൗസ് | സെപ്തംബർ 29 | 12.00 Noon |
| 29. സെന്റ് മേരീസ് മൈനർ സെമിനാരി | സെപ്തംബർ 29 | 12.00 Noon |
| 30. കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസി | സെപ്തംബർ 18 | 10.00 am |
| 31. കേറ്റിസം | സെപ്തംബർ 18 | 10.00 am |
| 32. കേറ്റിസം- ടെക്സ്റ്റ് ബുക്ക് അക്കൗണ്ട് | സെപ്തംബർ 18 | 11.00 am |
| 33. കേറ്റിസം ബുക്ക് സ്റ്റാൾ | സെപ്തംബർ 18 | 11.00 am |
| 34. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് തിയോളജി | സെപ്തംബർ 18 | 12.00 am |
| 35. ഡി.ബി.സി.എൽ.സി. | സെപ്തംബർ 18 | 12.00 am |
| 36. ഡി.ബി.സി.എൽ.സി. ലൈബ്രറി അക്കൗണ്ട് | സെപ്തംബർ 18 | 12.00 am |
| 37. സെന്റ് ജോസഫ് ബാലസദൻ, അവിണിശ്ശേരി | സെപ്തംബർ 19 | 10.00 am |
| 38. കാത്തലിക് ഇൻഫർമേഷൻ സെന്റർ | സെപ്തംബർ 19 | 10.00 am |
| 39. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് | സപ്തംബർ 19 | 11.00 am |
| 40. സി.എൽ.സി | സെപ്തംബർ 19 | 11.00 am |
| 41. അൾത്താര സംഘം | സെപ്തംബർ 19 | 11.00 am |
| 42. കെ.സി.വൈ.എം & കാത്തലിക് യൂണിയൻ | സെപ്തംബർ 19 | 12.00 noon |
| 43. ലേ ലീഡർഷിപ്പ് | സെപ്തംബർ 19 | 12.00 noon |
| 44. ലിജീയൻ ഓഫ് മേരി | സെപ്തംബർ 20 | 10.00 am |
| 45. സോഷ്യൽ ആക്ഷൻ | സെപ്തംബർ 20 | 10.00 am |
| 46. സോഷ്യൽ വെൽഫെയർ സെന്റർ | സെപ്തംബർ 20 | 11.00 am |
| 47. സോഷ്യൽ ഹൗസിംഗ് സെന്റർ | സെപ്തംബർ 20 | 11.00 am |
| 48. സേവ് എ ഫാമിലി പ്ലാൻ | സെപ്തംബർ 20 | 12.00 noon |
| 49. സ്ലം സർവീസ് | സെപ്തംബർ 20 | 12.00 noon |

| | | |
|---|---|---|
| 50. മഹാജൂബിലി ട്രെയിനിംഗ് കോളേജ്, മുള്ളൂർക്കര | സെപ്തംബർ 21 | 10.00 am |
| 51. റീജിണൽ പാസ്റ്ററൽ സെന്റർ ചേലക്കര | സെപ്തംബർ 21 | 10.00 am |
| 52. ഫാ. തച്ചുപറമ്പിൽ ഓർഫനേജ്, ചേലക്കര | സെപ്തംബർ 21 | 11.00 am |
| 53. സെന്റ് ക്രിസ്റ്റീന ഹോം, പുല്ലഴി | സെപ്തംബർ 21 | 11.00 am |
| 54. സെന്റ്ജോസഫ്സ് ഹോം, പുല്ലഴി | സെപ്തംബർ 21 | 11.00 am |
| 55. സെന്റ് ജോസഫ് ഭവൻ, പുല്ലഴി | സെപ്തംബർ 21 | 12.00 noon |
| 56. ക്രൈസ്റ്റ് വില്ല പുവർ ഹോം, രാമവർമ്മപുരം | സെപ്തംബർ 21 | 12.00 noon |
| 57. ആബാ റിന്യൂവൽ സെന്റർ | സെപ്തംബർ 22 | 10.00 am |
| 58. നസ്രത്ത് സെന്റർ, മുള്ളൂർക്കര | സെപ്തംബർ 22 | 10.00 am |
| 59. സെന്റ് പോൾ ഗുരുകുലം, തിരുവില്വാമല | സെപ്തംബർ 22 | 11.00 am |
| 60. പോപ്പ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ | സെപ്തംബർ 22 | 11.00 am |
| 61. മാർ കുണ്ടുകുളം മെമ്മോറിയൽ റിസർച്ച് റിഹാബിറ്റേഷൻ സെന്റർ | സെപ്തംബർ 22 | 11.00 am |
| 62. പോപ്പ് ജോൺ പോൾ പീസ് ഹോം, പെരിങ്ങണ്ടിയൂർ | സെപ്തംബർ 22 | 12.00 noon |
| 63. കലാസദൻ | സെപ്തംബർ 22 | 12.00 noon |
| 64. കാത്തലിക് നേഴ്സസ് ഗിൽഡ് | സെപ്തംബർ 25 | 10.00 am |
| 65. കാത്തലിക് സെന്റർ | സെപ്തംബർ 25 | 10.00 am |
| 66. പാസ്റ്ററൽ സെന്റർ | സെപ്തംബർ 25 | 11.00 am |
| 67. സാവിയോ ഹോം, മനക്കൊടി | സെപ്തംബർ 25 | 11.00 am |
| 68. പബ്ലിക് റിലേഷൻസ്ട ഡയോമീഡിയ | സെപ്തംബർ 25 | 12.00 noon |
| 69. എം.ഐ.ബോയ്സ് ടൗൺ,ഏങ്ങണ്ടിയൂർ | സെപ്തംബർ 25 | 12.00 noon |
| 70. എം.ഐ. ഹോസ്പിറ്റൽ, ഏങ്ങണ്ടിയൂർ | സെപ്തംബർ 26 | 10.00 am |
| 71. എം.ഐ. ഹോസ്പിറ്റൽ നേഴ്സിംഗ് സ്കൂൾ, ഏങ്ങണ്ടിയൂർ | സെപ്തംബർ 26 | 10.00 am |
| 72. സെന്റ് ജോസഫ് ഇംഗ്ലീഷ് മീഡിയം സ്കൂൾ, കുരിയച്ചിറ | സെപ്തംബർ 26 | 11.00 am |
| 73. ടി.ടി.ഐ., കുരിയച്ചിറ | സെപ്തംബർ 26 | 11.00 am |
| 74. ഐ.സി.എസ്.ഇ.സ്കൂൾ, കുരിയച്ചിറ | സെപ്തംബർ 26 | 12.00 noon |
| 75. മദ്യവിരുദ്ധ സമിതി(ടെമ്പറൻസ് മൂവ്മെന്റ് ) | സെപ്തംബർ26 | 12.00 noon |
| 76. നെസ്റ്റ്, രാമവർമ്മപുരം | സെപ്തംബർ 27 | 10.00 am |
| 77. ഹോളി ക്രോസ് സ.ബി.എസ്.ഇ.സ്കൂൾ ആർത്താറ്റ് | സെപ്തംബർ 27 | 10.00 am |
| 78. പഴുവിൽ ധ്യാനകേന്ദ്രം | സെപ്തംബർ 27 | 11.00 am |
| 79. ജോതി എഞ്ചിനിയറിംഗ് കോളേജ്, ചെറുതുരുത്തി | സെപ്തംബർ 27 | 11.00 am |
| 80. സെന്റ് ജോർജ്ജ് ഹോസ്റ്റൽ | സെപ്തംബർ 27 | 11.00 am |

| | | |
|---|---|---|
| 81. സെന്റ് തോമാസ് ഹോസ്റ്റൽ | സെപ്തംബർ 27 | 12.00 |
| 82. സെന്റ് തോമാസ് കോളേജ് | സെപ്തംബർ 28 | 10.00 am |
| 83 സെന്റർ തോമാസ് എജുക്കേഷൻ സെന്റർ | സെപ്തംബർ 28 | 10.00am |
| 84. കരിസ്മാറ്റിക് മൂവ്മെന്റ് | സെപ്തംബർ 28 | 11.00am |

### 3. സീറോ മലബാർ സഭാദിനം

ജൂലൈ 3ന് സീറോ മലബാർ സഭാദിനമായി ആഘോഷിച്ചു. അന്നേ ദിവസം കുർബ്ബാന മധ്യേയെടുക്കുന്ന പ്രത്യക പിരിവ് കാക്കനാട് ശ്രേഷ്ഠ മെത്രാപ്പോലീത്തൻ സാമ്പത്തിക കാര്യാലയത്തിലേക്ക് അയച്ചു കൊടുക്കുവാനായി ജൂലൈ 20ന് മുമ്പ് അതിരൂപതാ സാമ്പത്തികകാര്യാലയത്തിൽ ഏൽപ്പിക്കുവാൻ 2017 ജൂലൈ മാസത്തെ അതിരൂപത ബുള്ളറ്റിനിൽ പറഞ്ഞിരുന്നു. ഇനിയും ഈ തുക അടക്കാത്ത പള്ളികൾ എത്രയും വേഗം അടക്കേണ്ടതാണ്.

### 4. ഫാ. സെബാസ്റ്റ്യൻ കുന്നത്ത് ട്രസ്റ്റ്

| | | | | | |
|---|---|---|---|---|---|
| 1. ചികിത്സ | - | 55000 | 2. ഭവന നിർമ്മാണം | - | 20000 |

### 5. മാർ കുണ്ടുകുളം ട്രസ്റ്റിൽ നിന്നും വിവാഹ സഹായം

| | | | | | |
|---|---|---|---|---|---|
| 1. മൂക്കാട്ടുക്കര | - | 5000 | 2. തിരുത്തിപറമ്പ് | - | 5000 |
| 3. പുറനാട്ടുകര | - | 5000 | 4. കൂനംമുച്ചി | - | 5000 |
| 5. മരിയാപുരം | - | 5000 | | | |

### 6. അതിരൂപത സഹായ ഫണ്ട്

| | | | | | |
|---|---|---|---|---|---|
| 1. വിവാഹം | - | 45500 | 2. ചികിത്സ | - | 44000 |
| 3. വിദ്യാഭ്യാസം | - | 2000 | | | |

### 7. സാമ്പത്തിക സഹായം ലഭിച്ച പള്ളികൾ

| | | | | | |
|---|---|---|---|---|---|
| 1. അടാട്ട് | - | 50000 | 2. പഴയങ്ങാടി | - | 50000 |

### 8. കുർബ്ബാന വീഞ്ഞ്

അതിരൂപത സാമ്പത്തിക കാര്യാലയത്തിൽ നിന്നാണ് ഇപ്പോൾ കുർബ്ബാന വീഞ്ഞ് കൊടുക്കുന്നത്. ഇതിന്റെ ക്രമീകരണത്തിനായി എല്ലാ ഇടവകൾക്കും, സ്ഥാപനങ്ങൾക്കും, സന്ന്യാസിഭവനങ്ങൾക്കും കാർഡുകൾ ഇഷ്യൂ ചെയ്തിട്ടുണ്ട്. കുർബ്ബാന വീഞ്ഞിനായി വരുമ്പോൾ ഈ കാർഡ് നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.

**4. ദുഃഖവെള്ളി, മിഷൻ ഞായർ, പെസഹവ്യാഴം, ഞായർ പിരിവ്, പ്രത്യേക പിരിവ്**

| നമ്പർ | പേര് | ദുഃഖ വെള്ളി | പെസഹാ വ്യാഴം | മിഷൻ ഞായർ | സഭാ ദിനം | ഞായർ പിരിവ് | പ്രത്യേക പിരിവ് |
|---|---|---|---|---|---|---|---|
| 1. | എള്ളുവള്ളി | | 27491 | | | | |
| 2. | എരവിമംഗലം | 3850 | 10780 | 9150 | | | |
| 3. | കുറുമാൽ | 3771 | 22444 | | | | |
| 4. | മഡോണ നഗർ | 13024 | 29190 | | | | |
| 5. | പറക്കാട് | 1790 | 3555 | | | | |
| 6. | പുതുശ്ശേരി | | 23450 | | | | |
| 7. | വേലൂപ്പാടം | | 3000 | 25000 | | | |
| 8. | വിയ്യൂർ | | 30500 | 4100 | 9800 | 5390 | |
| 9. | അസ്സീസ്സി മഠം | | | | | 500 | |

ഫാ. ജോയ് മൂക്കൻ
ഫൈനാൻസ് ഓഫീസർ

ഫാ. ഡിറ്റോ കൂള
അസി. ഫൈനാൻസ് ഓഫീസർ

# വൈദികർ

## ജന്മദിനങ്ങൾ – ആഗസ്റ്റ് 2017

| | |
|---|---|
| ഫാ. ഫ്രാൻസിസ് ആളൂർ | 02 |
| ഫാ. ജോജു ആളൂർ | 02 |
| ഫാ. ജോൺസൻ അന്തിക്കാടൻ | 03 |
| ഫാ. വിൽസൺ പിടിയത്ത് | 03 |
| ഫാ. പോൾസൺ തട്ടിൽ | 03 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 05 |
| ഫാ. ഡേവിഡ് നെറ്റിക്കാടൻ | 05 |
| ഫാ. ജിന്റോ പെരേപ്പാടൻ | 06 |
| ഫാ. ജെയ്സൻ പുന്നാശ്ശേരി | 07 |
| ഫാ. സിന്റോ കരേപറമ്പൻ | 09 |
| ഫാ. വിൽസൺ കണ്ണനായ്ക്കൽ | 10 |
| ഫാ. ചാക്കോ ചെറുവത്തൂർ | 11 |
| ഫാ. ഫെക്സിൻ കൂത്തൂർ | 11 |
| ഫാ. വർഗ്ഗീസ് മേലിട്ട് പാലത്തിങ്കൽ | 11 |
| ഫാ. അനീഷ് ചിറ്റിലപ്പിള്ളി | 12 |
| ഫാ. ജോൺസൻ ഊക്കൻ | 12 |
| ഫാ. ലിജോ ചിറ്റിലപ്പിള്ളി | 13 |
| ഫാ. ഷിജോ മാപ്രാണത്തുക്കാരൻ | 14 |
| ഫാ. സൈമൺ തേർമഠം | 14 |
| ഫാ. ജോർജ്ജ് ചിറമ്മൽ | 16 |
| ഫാ. ജോൺസൻ കുണ്ടുകുളം | 17 |
| ഫാ. ജോസ് വള്ളൂരാൻ | 17 |
| ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് | 18 |
| ഫാ. ഷാജു ഊക്കൻ | 18 |
| ഫാ. ജെയ്സൻ തെക്കുംപുറം | 20 |
| ഫാ. ജേക്കബ് ചെറയത്ത് | 22 |
| ഫാ. ജെയിംസ് ഇഞ്ചോടിക്കാരൻ | 22 |
| ഫാ. റാഫേൽ താണിശ്ശേരി | 22 |
| ഫാ. സോളി തട്ടിൽ | 23 |
| ഫാ. ജോസ് കോനിക്കര ജൂനിയർ | 25 |
| ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | 25 |
| ഫാ. ജേക്കബ് തൈക്കാട്ടിൽ | 25 |
| ഫാ. ജോൺസൻ അന്തിക്കാട്ട് | 26 |
| ഫാ. റോയ് ജോസഫ് വടക്കൻ | 26 |
| ഫാ. ആന്റോ ചിരിയങ്കണ്ടത്ത് | 27 |
| ഫാ. പോൾ കള്ളിക്കാടൻ | 27 |
| ഫാ. സേവിയർ പാണേങ്ങാടൻ | 28 |
| ഫാ. ജോൺസൻ ഒലക്കേങ്കിൽ | 29 |
| ഫാ. ചാക്കോ ചിറമ്മൽ | 30 |




## നാമഹേതുകതിരുനാൾ – ആഗസ്റ്റ് 2017

| | |
|---|---|
| ഫാ. ജോൺ ചെമ്മണ്ണൂർ | 04 |
| ഫാ. ജോൺ അയ്യങ്കാനയിൽ | 04 |
| ഫാ. ജോൺസൻ കുണ്ടുകുളം | 04 |
| ഫാ. ലോറൻസ് ഒലക്കേങ്കിൽ | 10 |
| ഫാ. ജിബി വാഴപ്പിള്ളി | 10 |
| ഫാ. ലോറൻസ് തൈക്കാട്ടിൽ | 10 |
| ഫാ. ബർണാർഡ് തട്ടിൽ | 20 |
| ഫാ. ഡേവിസ് ചിറമ്മൽ സീനിയർ | 21 |

| | |
|---|---|
| ഫാ. അഗസ്റ്റിൻ മംഗലം | 28 |
| ഫാ. ജോഷി വെണ്ണാട്ടുപറമ്പിൽ | 28 |
| ഫാ. ജോൺസൻ ഊക്കൻ | 29 |



അതിരൂപതയുടെ പ്രാർത്ഥനാശംസകൾ

## ചരമദിനങ്ങൾ – ആഗസ്റ്റ്

| | |
|---|---|
| ഫാ. പൗലോസ് എടശ്ശേരി | 26 - 08 - 1891 |
| ഫാ. വർഗ്ഗീസ് മുത്തേടൻ | 17 - 08 - 1903 |
| ഫാ. സെബാസ്റ്റ്യൻ ചിറമ്മൽ അവറാൻ | 15 - 08 - 1917 |
| മോൺ. ജോൺ പാലോക്കാരൻ | 19 - 08 - 1948 |
| ഫാ. ജോർജ്ജ് തൈവളപ്പിൽ | 15 - 08 - 1950 |
| ഫാ. ജോസ് പറമ്പൻ സീനിയർ | 17 - 08 - 1954 |
| ഫാ. ജേക്കബ് പനക്കൽ | 04 - 08 - 1955 |
| ഫാ. ഫ്രാൻസിസ് തലക്കോട്ടൂർ | 07 - 08 - 1955 |
| ഫാ. ജോർജ്ജ് പാനികുളം | 14 - 08 - 1957 |
| ഫാ. ആൻഡ്രൂസ് ചൊവ്വല്ലൂർ | 21 - 08 - 1961 |
| ഫാ. ജോൺ ചിറമ്മൽ സീനിയർ | 03 - 08 - 1968 |
| ഫാ. ജോർജ്ജ് മാളിയേക്കൽ സീനിയർ | 27 - 08 - 1968 |
| ഫാ. ജോസഫ് തറയിൽ | 11 - 08 - 1969 |
| ഫാ. ജേക്കബ് ആളൂർ | 11 - 08 - 1975 |
| ഫാ. ജോസഫ് ചക്കാലമറ്റം | 25 - 08 - 1978 |
| ഫാ. ജേക്കബ് വടാശ്ശേരി | 26 - 08 - 1978 |
| ഫാ. ജോസഫ് പുളിക്കൻ | 09 - 08 - 1979 |
| ഫാ. ജോസഫ് തോട്ടുങ്കൽ | 12 - 08 - 1988 |
| ഫാ. ജോർജ്ജ് ആലങ്ങാടൻ | 30 - 08 - 1994 |
| ഫാ. ജേക്കബ് ചാലക്കൽ | 08 - 08 - 2001 |
| ഫാ. പോൾ പൂവ്വത്തിങ്കൽ | 13 - 08 - 2005 |
| ഫാ. പോൾ അരിക്കാട്ട് | 16 - 08 - 2005 |
| ഫാ. ആന്റണി പൊറത്തൂർ | 04 - 08 - 2007 |



അതിരൂപതയുടെ സ്മരണാഞ്ജലി

# സന്യസ്തർ

## സി.ആർ.ഐ വാർത്തകൾ

സി.എച്ച്.എഫ്. കുഴിക്കാട്ടുശ്ശേരി വാഴ്ത്തപ്പെട്ട മറിയം ത്രേസ്യയുടെ തിരുനാളിനോടനുബന്ധിച്ചുള്ള ദിവ്യബലിക്കും, നൊവേനയ്ക്കും, വചനസന്ദേശത്തിനും പനമുക്ക് ഇടവക വികാരി റവ. ഫാ. ജെയ്സൺ മാറോക്കി നേതൃത്വം നൽകി.

03.06.2017 സി.എസ്.സി. മരിയ പ്രൊവിൻഷ്യൽ ഹൗസിൽ സോഷ്യൽബോഡിന്റെ മീറ്റിംഗ് നടന്നു. തൃശൂർ സെന്റ്. തോമസ് കോളേജ് പ്രൊഫസർ മിസ്സീസ്. വില്ലി വർഗ്ഗീസ് ആയിരുന്നു ക്ലാസ്സെടുത്തത്.

04.062017 സി.എം.സി. 12 കുട്ടികൾ മുള്ളൂർക്കര കോൺവെന്റിൽ candidacy യിൽ പ്രവേശിച്ചു.

സി.എസ്.എസ്. ജൂനിയർ സിസ്റ്റേഴ്സിന് പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടത്തിയ ഒരു ദിവസത്തെ റിന്യൂവൽ കോഴ്സിന് സി. ഷെറിൻ സി.എച്ച്.എഫ് നേതൃത്വം നല്കി.

എസ്.എ.ബി.എസ്. കാനോനിക വർഷം പൂർത്തിയാക്കിയ 6 നോവിസസ് മരോട്ടിച്ചാൽ, പങ്ങാരപ്പിള്ളി, കൂനംമൂച്ചി എന്നീ ഭവനസമൂഹങ്ങളിൽ തങ്ങളുടെ റീജൻസി കാലഘട്ടം ആരംഭിച്ചു.

06.06.2017 കളമശ്ശേരിയിൽ നടന്ന KCMS GENERAL BODY യിൽ വിവിധ സന്യാസസമൂഹങ്ങളിലെ മേജർ സുപ്പീരിയേഴ്സ് പങ്കെടുത്തു.

10.6.2017: സി.എസ്.എസ്. സ്നേഹോദയ പ്രൊവിൻഷ്യൽ ഹൗസിൽവച്ച് റവ. ഫാ. സാൻജുസ്, റവ. ഫാ. ജിനു എം.സി.ബി.എസ്. ഇവരുടെ നേതൃത്വത്തിൽ വാർഷിക ധ്യാനം നടത്തി.

എസ്.എ.ബി.എസ്. ചേറ്റുപുഴ കർമ്മലമാതാ ഇടവകയിൽ 2016, 2017 വർഷങ്ങളിൽ ആദ്യകുർബാനസ്വീകരണം നടത്തിയ കുട്ടികൾക്കു വേണ്ടി സംഘടിപ്പിച്ച ഏകദിന സെമിനാറിന് സി. വിനയ തച്ചിൽ നേതൃത്വം നൽകി.

11.06.2017 എഫ്.സി.സി. പ്രൊവിൻഷ്യൽ വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ ജാഗരണപ്രാർത്ഥന കുന്നംകുളം ആബ്ബാ കോവെന്റിൽ വെച്ച് നടത്തി.

സി.എസ്.എം. അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിൽ വച്ച് നടത്തിയ നവീകരണ ധ്യാനത്തിന്റെ 2-ാം ബാച്ചിൽ പ്രോവിൻസിൽ നിന്ന് സിസ്ററേഴ്സ് പങ്കടുത്തു.

എസ്.എ.ബി.എസ്. പരിശുദ്ധ കുർബാനയുടെ തിരുനാൾ ദിനത്തിൽ വിശുദ്ധ ബലി മദ്ധ്യേ സമൂഹം മുഴുവൻ വ്രതനവീകരണം നടത്തി. എല്ലാ ഭവനസമൂഹങ്ങളിലും 9 ദിവസത്തെ നവനാൾ ആരാധന നടത്തി ദൈവജനത്തെ തിരുനാളിനായി ഒരുക്കി.

16.06.2017 എസ്.എ.ബി.എസ്. ഇയ്യാൽ നിർമ്മല മാതാ കോൺവെന്റ് സ്ക്കൂളിൽ ISO അവാർഡ് പ്രഖ്യാപനവും മെറിറ്റ് ഡേയും സംയുക്തമായി ആഘോഷിച്ചു. വികാർ പ്രൊവിൻഷ്യൽ സി. സിറില്ല അദ്ധ്യക്ഷയായ ചടങ്ങിൽ പത്മശ്രി കെ.എസ്. ചിത്ര മുഖ്യാഥിതി ആയിരുന്നു.

17.06.2016 എഫ്.സി.സി. 2 pm ന് അസ്സീസിയിൽ വെച്ച് നടന്ന മീറ്റിംഗിൽ അസ്സീസി പ്രോവിൻസിന്റെ കീഴിലുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളിലെ പ്രിൻസിപ്പൽമാർ, ഹെഡ്മിസ്ട്രസ്സുമാർ, നേഴ്സറി സ്കൂളിന്റെ ചാർജ്ജ് വഹിക്കുന്നവർ തുടങ്ങി എല്ലാ അധ്യാപക അനധ്യാപക സിസ്റ്റേഴ്സും സംബന്ധിക്കുകയുണ്ടായി.

18.06.2017 എഫ്.സി.സി. രാവിലെ 10 am മുതൽ 4 pm വരെ അസ്സീസിയിൽ വെച്ച് നടന്ന FCC Health Care Fraternity മീറ്റിംഗിൽ ആതുര ശുശ്രൂഷാരംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സിസ്റ്റേഴ്സും സംബന്ധിച്ചു.

സി.എസ്.എസ്. സ്നേഹോദയ പ്രോവിൻസിന്റെ പ്ലീനറി അസംബ്ലി മണ്ണുത്തി പ്രൊവിൻഷ്യൽ ഹൗസിൽവച്ച് നടത്തുകയുണ്ടായി.

21.06.2017 സി.എം.സി. F F T യുടെ നേതൃത്വത്തിൽ ഒല്ലൂർ സെന്റ് റാഫേൽസ് സ്കൂളിൽ കുട്ടികൾക്ക് 10 ദിവസത്തേക്ക് നടത്തുന്ന Counselling & Guidance ആരംഭിച്ചു.

25.06.2017 സി.എം.സി. 1994-2000 വർഷങ്ങളിൽ ആദ്യവ്രതം ചെയ്ത സിസ്റ്റേഴ്സിനായി കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് 2 ദിവസത്തെ കോഴ്സ് Fr.Shaji Karimplanial OFM ന്റെ നേതൃത്വത്തിൽ നടത്തി.

സി.എസ്.എസ്. മണ്ണുത്തി ഇമ്മാക്കുലേറ്റ് കൺസെപ്ഷൻ നൊവീഷ്യേറ്റു ഭവനത്തിന്റെ സുവർണ്ണജൂബിലി സമാപനത്തോടനുബന്ധിച്ചുള്ള വി. ബലിയിൽ മേരിമാതാ മേജർ സെമിനാരി റെക്ടർ വെ. റവ. ഡോ. ടോണി നീലങ്കാവിൽ പ്രധാന കാർമ്മികത്വം വഹിച്ചു

27.06.2017 എസ്.എ.ബി.എസ്. ആസ്പിരൻസ് ഡിറക്ട്രസ് സി. ജിൻസ ആൻ കണ്ണംപടത്തിയും ആസ്പിരൻസും നെന്മണിക്കരയിലേക്കും പോസ്റ്റുലൻസ് ഡിറക്ട്രസ് സി. റോസ് മേരി പ്ലാക്കലും പോസ്റ്റുലൻസും പ്രൊവിൻഷ്യൽ ഹൗസിലേക്കും സ്ഥലം മാറി.

## ആദരാഞ്ജലികൾ

06.06.2017 എഫ്.സി.സി. മുണ്ടൂർ സെന്റ് ഫ്രാൻസീസ് ഭവനാംഗമായ ബ. സി. മേരി ജൂഡ് നിര്യാതയായി. 7-ാം തീയതി ഉച്ചതിരിഞ്ഞ് 4.00 മണിക്ക് തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറയുടെ പ്രധാന കാർമ്മികത്വത്തിൽ അരിമ്പൂർ സെന്റ് ജെമ്മാസ് മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ മൃതദേഹം സംസ്കരിച്ചു.



09.06.2017 എഫ്.സി.സി. തിരൂർ സിയോൻ ഭവനാംഗമായ ബ. സി. മരിയറ്റ നിര്യാതയായി. അന്നു തന്നെ ഉച്ചതിരിഞ്ഞ് 3.30 ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ തിരൂർ സിയോൻ മഠം ചാപ്പലിനോട് ചേർന്നുള്ള കല്ലറയിൽ സംസ്കരിച്ചു.



11.06.2017 സി.എം.സി. ഒല്ലൂർ സെന്റ് മേരീസ് ഭവനാംഗമായ സി.ബോസ്വെൽ നിര്യാതയായി. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



13.06.2017 സി.എസ്.സി കല്ലൂർ ഭവനാംഗമായ ബഹു.സി. ഇഗ്നേഷ്യ സി.എസ്.സി. നിര്യാതയായി. വൈകീട്ട് 3.45 ന് തൃശൂർ അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൂർക്കഞ്ചേരി മഠം കപ്പേളയിലെ കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



17.06.2017 സി.എം.സി. കുരിയച്ചിറ സെന്റ് പോൾസ് ഭവനാംഗവും നിർമ്മല പ്രോവിൻസിന്റെ മുൻ പ്രൊവിൻഷ്യലുമായ സി.ഗൽഗാനി നിര്യാതയായി. അഭിവന്ദ്യ മാർ റാഫേൽ തട്ടിൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ സംസ്കാര ശുശ്രൂഷകൾ നടത്തുകയും മഠം വക കല്ലറയിൽ സംസ്കരിക്കുകയും ചെയ്തു.



**സി. ജോസഫൈൻ പാലത്തിങ്കൽ SABS**

സി. ആർ.ഐ. സെക്രട്ടറി

# സ്ഥാപനങ്ങൾ

Ph : 2320828, 2333245

## മതബോധനകേന്ദ്രം

http://catechismtrichur.blogspot.in|

### മതബോധന വിദ്യാർത്ഥികൾക്ക് അഭിവന്ദ്യ മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കത്ത്

ഈശോയ്ക്ക് ഏറ്റവും ഇഷ്ടപ്പെട്ട പ്രിയ കുട്ടികളെ,

പുതിയ അദ്ധ്യയന വർഷം നിങ്ങൾ നന്നായി ആരംഭിച്ചു എന്ന് അറിയുന്നതിൽ സന്തോഷിക്കുന്നു. മഴക്കാലക്കെടുതികൾ ഉണ്ടെങ്കിലും നിങ്ങൾ നല്ല ആരോഗ്യത്തോടെ പഠനത്തിൽ മുന്നേറാൻ ഞാൻ നിങ്ങൾക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്നതാണ്. നിങ്ങളുടെ മാതാപിതാക്കൾക്കും, വികാരിയച്ചനും അദ്ധ്യാപകർക്കും എന്റെ പ്രത്യേക സ്നേഹാന്വേഷണങ്ങൾ നിങ്ങൾ അറിയിക്കണം.

ഓഗസ്റ്റ് മാസത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം നമ്മുടെ മനസ്സിൽ വരുക ഓഗസ്റ്റ് 15-ാം തിയ്യതിയെ കുറിച്ചാണ്. അത് സഭയ്ക്കും രാഷ്ട്രത്തിനും പ്രധാനപ്പെട്ട ദിവസമാണല്ലോ! മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളായതിനാൽ നമുക്ക് കടപ്പെട്ട ദിവസമാണ്. ഇന്ത്യയുടെ സ്വാതന്ത്ര്യദിനമായിരുന്നതിനാൽ രാഷ്ട്ര സ്നേഹം പ്രകടിപ്പിക്കുന്ന അവധി ദിനമാണ്.

വി.മത്തായിയുടെ സുവിശേഷം 22-ാം അദ്ധ്യായം 31 വാക്യത്തിൽ യേശു ഫരിസേയരുടെ കപടത നിറഞ്ഞ ചോദ്യത്തിന് മറുപടിയായി "ദൈവത്തിനുള്ളത് ദൈവത്തിനും സീസറിനുള്ളത് സീസറിനും കൊടുക്കാൻപറയുന്നുണ്ട്. നമുക്ക് ഉണ്ടായിരിക്കേണ്ട വിശ്വസ്ഥതയുടെ രണ്ട് ഭാവങ്ങളാണ് ഇത് കാണിക്കുന്നത്. നമ്മൾ സഭയുടെയും രാഷ്ട്രത്തിന്റെയും പൗരന്മാരാണ്. നീതി എന്നു പറയുന്നത് ഓരോരുത്തർക്കും അർഹമായത് നൽകലാണ്. (Give what is due) സൃഷ്ടികൾ എന്ന നില

യിൽ സൃഷ്ടാവായ ദൈവത്തിന് നാം ആരാധന അർപ്പിക്കുന്നത് നമ്മുടെ ഉത്തരവാദിത്വമാണ്. ഈശോയെ അനുഗമിക്കുന്ന ക്രിസ്ത്യാനികൾ എന്ന നിലയിൽ ക്രിസ്തു വിശ്വാസം മുറുകെ പിടിക്കുകയും അഭിമാനത്തോടെ മറ്റുള്ളവരോട് പ്രഖ്യാപിക്കുകയും ചെയ്യേണ്ടത് നമ്മുടെ ഉത്തരവാദിത്തമാണ്. ബൈബിളിൽ കാണുന്നതുപോലെ യേശുവാകുന്ന ശിരസിന്റെ അവയവങ്ങളായി സഭയോട് ചേർന്ന് ഒരു ആത്മാവും ഒരു ഹൃദയവുമായി (അപ്പ. 4 : 30) പങ്കുവെയ്ക്കുന്ന സമൂഹമായി (അപ്പ 2:44) അപ്പസ്തോലന്മാരുടെ പ്രബോധനത്തിലും, കൂട്ടായ്മയിലും, അപ്പംമുറിക്കലിലും അഥവാ കൂദാശ ജീവിതത്തിലും, പ്രാർത്ഥനയിലും നാം സദാ ജാഗരൂകരാകണം (അപ്പ. 2 : 42).

പ്രിയ കുട്ടികളെ നാം ഓരോ ദിവസവും ദൈവത്തിന് കൊടുക്കേണ്ടത് നൽകുന്നുണ്ടോ എന്ന് വേദോപദേശ ക്ലാസിൽ ചർച്ച ചെയ്യണം.

അതുപോലെ തന്നെ പൗരന്മാർ എന്ന നിലയിൽ രാഷ്ട്രത്തോടും നമുക്ക് ഉത്തരവാദിത്വമുണ്ട്. ദൈവത്തെ സ്നേഹിക്കുന്നവർ നമ്മുടെ സഹോദരനെയും സ്നേഹിക്കണം. ഭാരതീയർ എന്ന നിലയിൽ നാം അഭിമാനിക്കണം. നാടിന്റെ നന്മയ്ക്കുവേണ്ടി പടപൊരുതണം. പ്രകൃതിയെ സംരക്ഷിക്കുക മാത്രമല്ല; പ്രകൃതി സമ്പത്ത് അടുത്ത തലമുറയ്ക്ക് വേണ്ടി കാത്തു സൂക്ഷിക്കണം. നമ്മുടെ നാട്ടിലെ പാവപ്പെട്ടവരെ സഹായിക്കാൻ നമുക്ക് ഉത്തരവാദിത്വമുണ്ട്. എങ്ങനെ രാഷ്ട്രസേവനം നടത്താൻ കഴിയുമെന്ന് നിങ്ങൾ ചർച്ചചെയ്യുന്നത് നല്ലതാണ്.

നിങ്ങൾ ചർച്ച ചെയ്യേണ്ട മറ്റൊരു കാര്യംകൂടി നിങ്ങളെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിയ്ക്കുന്നു. അതായത് ദൈവത്തിനുകൊടുക്കേണ്ടത് ദൈവത്തിനും, സീസറിന് കൊടുക്കേണ്ടത് സീസറിനും കൊടുക്കുന്നുണ്ടോ? ദൈവത്തിനും സീസറിനും അർഹമായതുകൊടുക്കാതെ എന്റെ സ്വാർത്ഥമായ കാര്യങ്ങൾക്കുവേണ്ടി മാത്രം എന്റെ ജീവിതത്തെ വ്യയം ചെയ്യുകയോ ഒന്നും ചെയ്യാതിരിക്കുകയോ ചെയ്യുന്നുണ്ടോ? ഈ ചിന്തയുടെ അന്തരാർത്ഥങ്ങൾ നിങ്ങൾ ചർച്ച ചെയ്യുന്നത് നല്ലതാണ്. പ്രിയകുട്ടികളെ ഈ മാസത്തിൽ തന്നെയാണ് വൈദികരുടെ മദ്ധ്യസ്ഥനായ വി. വിയാനിയുടെയും (ആഗസ്റ്റ് 4) അതിരൂപതയിലെ വിശുദ്ധയായ വി. ഏവുപ്രാസ്യ അമ്മയുടെയും (ആഗസ്റ്റ് 29) തിരുനാൾ നാം ആഘോഷിക്കുന്നത്.

വൈദികർക്കുവേണ്ടിയും സമർപ്പിതർക്കുവേണ്ടിയും നിങ്ങൾ പ്രത്യേകം പ്രാർത്ഥിക്കുമല്ലോ. ഇടവകകളിലും മറ്റും ആരംഭിക്കാൻ പോകുന്ന അസംബ്ലിയുടെ വിജയത്തിനുവേണ്ടിയും നിങ്ങൾ പ്രാർത്ഥിക്കണം.

പ. അമ്മയുടെ മദ്ധ്യസ്ഥത വഴി ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഞാൻ നിങ്ങൾക്ക് പൈതൃക്കമായ ആശീർവ്വാദം നൽകുന്നു. നിങ്ങൾ എനിക്കുവേണ്ടിയും അതിരൂപതയ്ക്കുവേണ്ടിയും പ്രാർത്ഥിക്കണം.

എന്ന് നിങ്ങളുടെ വത്സലപിതാവ്

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

പരിശുദ്ധ കന്യാമറിയത്തിന്റ് ***സ്വർഗ്ഗാരോപണ തിരുന്നാളിന്റെയും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനത്തിന്റെയും ആശംസകൾ*** എല്ലാ മതാധ്യാപകർക്കും വിദ്യാർത്ഥിനീവിദ്യാർത്ഥികൾക്കും നേരുന്നു.

ദൈവത്തെ കൂടുതൽ അറിയാനും അവിടുത്തെ നന്മകൾ സ്വായത്ത മാക്കാനും അവിടുത്തെ പൂർണ്ണതയിലേക്ക് അടുക്കാനും നമ്മുടെ സ്വാതന്ത്ര്യം വിനിയോഗിക്കാം. ഈ മാസം സഭ സവിശേഷമായി അനുസ്മരിക്കുന്ന നമ്മുടെ അമ്മയും ദൈവമാതാവുമായ പരിശുദ്ധ കന്യകാമറിയത്തിന്റെയും വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെയും നമ്മുടെ പ്രിയപ്പെട്ട വി. എവുപ്രാസ്യമ്മയുടെയും മാദ്ധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ട് ഈശോയിലേയ്ക്കടുക്കുവാൻ കൂടുതൽ പരിശ്രമിക്കാം; വിശ്വാസ പരിശീലനത്തിൽ മുന്നേറാം.

മതാധ്യാപകരുടെ ഏകദിന സെമിനാറിൽ പങ്കെടുത്ത എല്ലാ അധ്യാപ കർക്കും സെമിനാറിൽ പങ്കെടുക്കാൻ അധ്യാപകരെ പ്രോത്സാഹിപ്പിച്ച ബഹു. വികാരിമാർക്കും പ്രധാനാധ്യാപകർക്കും നന്ദി.

**1. തൃശ്ശൂർ അതിരൂപതാ മതബോധന P. T. A. സിൽവർ ജൂബിലി സമ്മേ ളനം**

25 വർഷമായി മതബോധന P. T. A. യൂണിറ്റ് – ഫൊറോന – അതിരൂപ താതലത്തിൽ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട് എന്നത് ഏറെ സന്തോ ഷവും അഭിമാനവും നൽകുന്ന കാര്യമാണ്. മക്കളുടെ നല്ല ഭാവി മുന്നിൽ കണ്ടുകൊണ്ട് നല്ലൊരു പ്രവർത്തന രീതി ഇവിടെ വളർത്തിയെടുക്കുന്നുണ്ട്. അതിന് ആരംഭം തൊട്ട് ഇന്ന് വരെ എല്ലാതലങ്ങളിലുമുള്ള ഭാരവാഹികളും അംഗങ്ങളും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. ഈ കാൽ നൂറ്റാണ്ടു കാലത്തെ പ്രവർത്തനംകൊണ്ട് വിശ്വാസപരിശീലനത്തിൽ ഒരു പാട് നന്മ കൾ ലഭിച്ചിട്ടുണ്ട് എന്നത് ഏറെ സംതൃപ്തിക്ക് വക നൽകുന്നു.

പി. ടി. എ. സിൽവർ ജൂബിലിയാഘോഷമായി പി. ടി. എ. യൂണിറ്റ് ഭാരവാഹികളുടെ സമ്പൂർണ്ണ സമ്മേളനം DBCLCയിൽ നടത്തുന്നതാണ്. ഓരോ യൂണിറ്റിലെയും എല്ലാ PTA ഭാരവാഹികളെയും (ഡയറക്ടർ, പ്രസി ഡന്റ്, വൈസ് പ്രസിഡന്റ്, സെക്രട്ടറി, ജോയിന്റ് സെക്രട്ടറി, ട്രഷറർ) സമ്മേ ളനത്തിലേക്ക് ക്ഷണിക്കുന്നു.

**തിയ്യതി: 13 ആഗസ്റ്റ് 2017, ഞായർ**
**സമയം: 2PM-5PM**
**സ്ഥലം: DBCLC, തൃശ്ശൂർ**

ജൂബിലിയുടെ പ്രധാനാഘോഷം യൂണിറ്റുകളിലെ PTA പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും മാതാപിതാക്കന്മാരെ കുട്ടികളുടെ വിശ്വാസപരിശീല നത്തിൽ കൂടുതൽ ഉത്സുകരാക്കുകയുമാണ്. അതിനാവശ്യമായ മെച്ചപ്പെട്ട ബോധവൽക്കരണക്ലാസ്സുകളും പരിപാടികളും യൂണിറ്റുകളിൽ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

## 2. ACC Convocation : Tuesday, 15th August 2017, 10 AM - 5PM

2016–2017 അധ്യയനവർഷത്തിൽ കോഴ്സ് പൂർത്തിയാക്കി ഡിപ്ലോമയ്ക്ക് അർഹരായ എല്ലാ വിദ്യാർത്ഥിളുടെയും സംഗമവും ഡിപ്ലോമാദാനവും നട ത്തുന്നു.

**തിയ്യതി: 15 ആഗസ്റ്റ് 2017, ചൊവ്വ**
**സമയം: 10AM-5PM**
**സ്ഥലം: DBCLC, തൃശ്ശൂർ**

വി. കുർബാന ഉണ്ടായിരിക്കുന്നതാണ് ഡിപ്ലോമയ്ക്ക് അർഹരായവ രുടെ പേരുവിവരം Blog -ലെ NOTICE BOARD-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. (catechismtrichur.blogspot.in/p/notice-board.html).

## 3. Catechetical Merit Day 02.00 PM.

ഈ വർഷത്തെ മെറിറ്റ് ഡേ സമ്മേളനത്തിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

**തിയ്യതി: 15 ആഗസ്റ്റ് 2017, ചൊവ്വ**
**സമയം: 2PM-5PM**
**സ്ഥലം: DBCLC, തൃശ്ശൂർ**

വ്യക്തിഗത സമ്മാനങ്ങൾക്കോ സർട്ടിഫിക്കറ്റുകൾക്കോ അർഹരാ യവർ താഴെപ്പറയുന്ന ഇനത്തിൽപ്പെട്ടവരാണ്. (ലിസ്റ്റ് Blog -ൽ പ്രസിദ്ധീക രിച്ചിട്ടുണ്ട്. (catechismtrichur.blogspot.in/p/notice-board.html)

**Sunday Catechism**

a) ACC Rank Holders
b) ACC Top Mark Holders
c) Std. XII Rank Holders
d) Scholarship Examination Rank Holders

*(sunday catechism selected 4 students)*

e) SMCC Prathibha Sangamam Std. VII

f) Full Attendance Std. I to ACC (15 years)

g) ACC Eligible for Diploma

## School Catechism & Moral Science

a) Scholarship Examination Rank Holders

b) KCBC Rank Holders - Moral Science Std. X & XII

**യൂണിറ്റ്/ സ്കൂൾ അധികൃതരുടെ ശ്രദ്ധയ്ക്ക്.**

1. സമ്മാനർഹരെ അധികൃതർ വഴിയായി പ്രത്യേകം അറിയിക്കുകയും ക്ഷണിക്കുകയും ചെയ്യുന്നുണ്ട്. ACC ഡിപ്ലോമയ്ക്ക് അർഹരായവരെ വ്യക്തിപരമായി ക്ഷണിക്കുന്നുണ്ട്. (സമ്മാനാർഹരുടെ പേരുവിവരം Blog -ലെ NOTICE BOARD-ലും പ്രസിദ്ധീകരിച്ചിട്ടുണ്ട് (catechismtrichur.blogspot.in/p/notice-board.html).

2. മതബോധനകേന്ദ്രത്തിൽ ലഭിച്ചിട്ടുള്ള മേൽവിലാസത്തിൽ അറിയിപ്പുകൾ നൽകുന്നതാണെങ്കിലും ഏതെങ്കിലും കാരണവശാൽ അറിയിപ്പ് ലഭിച്ചില്ലെങ്കിലും സമ്മാനാർഹരുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നതിന് ഇക്കാര്യം അവരെ നേരിട്ട് അറിയിക്കുവാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കുമല്ലോ.

3. സമ്മാനർഹരായ കുട്ടികളോടൊപ്പം അവരുടെ മാതാപിതാക്കളെ പറഞ്ഞയയ്ക്കുവാൻ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

4. ACC ഡിപ്ലോമദാന ചടങ്ങുകളിലേക്ക് Rank Holders, Top Mark Holders എന്നിവരുടെമാത്രം മാതാപിതാക്കളെ ക്ഷണിക്കുന്നു.

5. അതിരൂപതാ മതബോധന കമ്മീഷൻ, പി. ടി. എ. കേന്ദ്രകമ്മിറ്റി എന്നിവയുടെ സഹകരണം പ്രത്യേകം അഭ്യർത്ഥിക്കുന്നു.

### 4. കുട്ടികൾക്കുള്ള ഡയറി

പല യൂണിറ്റുകളും കുട്ടികൾക്കുള്ള ഡയറി വിതരണം ചെയ്തു എന്ന് കാണുന്നതിൽ വളരെ സന്തോഷമുണ്ട്, മാതാപിതാക്കളുമായി ബന്ധപ്പെടാൻ ഒരു മുഖ്യ ഉപാധിയാണിത്. അവർക്ക് മതബോധന യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മനസ്സിലാക്കുന്നതിനും അത് ഉപകരിക്കും. ഡയറിയുടെ രണ്ടുകോപ്പി വീതം മതബോധനകേന്ദ്രത്തിൽ എത്തിച്ചുതരുവാൻ താത്പര്യപ്പെടുന്നു.

വിശ്വാസപരിശീലനത്തിൽ വി. കുർബാനയിലുള്ള പങ്കാളിത്തം ഏറ്റവും പ്രധാനപ്പെട്ടതാണ്. വി. കുർബാനയിലുള്ള പങ്കാളിത്തം സജീവമാക്കാൻ കുട്ടികൾ "വി. കുർബാനയുടെ പുസ്തകം" ഉപയോഗിക്കുവാൻ മതാധ്യാപകർ പ്രോത്സാഹിപ്പിക്കണം. ഡയറിയിൽ വി. കുർബാന അച്ചടിക്കുന്നതിന് അനുവാദമില്ല. വർഷാവർഷം മാറുന്ന ഡയറിയെക്കാൾ തുടർച്ചയായി ഉപയോഗിക്കുന്നതിന് കുട്ടികൾക്ക് സ്വന്തമായി കുർബാനപ്പുസ്തകം ഉണ്ടായിരിക്കുന്നതാണ് നല്ലത്. മതബോധനാവശ്യത്തിനായി പ്രത്യേകമായി തയ്യാറാക്കിയിരിക്കുന്ന കുർബാനപുസ്തകം മതബോധനകേന്ദ്രത്തിലെ ബുക്ക്സ്റ്റാളിൽ നിന്നും ലഭ്യമാണ്. യൂണിറ്റുകൾ ആവശ്യപ്പെടുന്നപക്ഷം, പുസ്തകത്തിന്റെ കവറിൽ ഇടവകയുടെ പേര് പ്രിന്റ് ചെയ്ത് കുർബ്ബാനപ്പുസ്തകം ലഭ്യമാക്കാൻ മതബോധനകേന്ദ്രത്തിന് സാധിക്കും.

## 5. യൂണിറ്റ് വിസിറ്റ്

യൂണിറ്റ് വിസിറ്റ് ജൂലായ് 16 മുതൽ ആരംഭിച്ചിരിക്കുകയാണ്. ഇത് ഫലപ്രദമാക്കാൻ യൂണിറ്റുകളും വിസിറ്റിംഗ് ടീമംഗങ്ങളും ആത്മാർത്ഥമായി സഹകരിക്കുന്നതിൽ വലിയ സന്തോഷമുണ്ട്. നിശ്ചിത ക്രമമനുസരിച്ച് മുന്നോട്ട് പോകുവാൻ എല്ലാവരും സഹകരിക്കണമെന്ന് ആവശ്യപ്പെടുന്നു. നിശ്ചയിച്ച തിയ്യതികൾ മാറ്റുന്നത് എളുപ്പമായിരിക്കില്ല.

ഏതെങ്കിലും സ്ഥലത്ത് യൂണിറ്റ് വിസിറ്റും പാരിഷ് അസംബ്ലിയും ഒരേദിവസം വരുന്നുണ്ടെങ്കിൽ ആ വിവരം ഇവിടെ അറിയിക്കേണ്ടതാണ്. ഫൊറോനയിലെ മറ്റേതെങ്കിലും യൂണിറ്റുമായി അഡ്ജസ്റ്റ് ചെയ്ത് ക്രമീകരണങ്ങളിൽ മാറ്റം വരുത്താവുന്നതാണ്. ക്രമീകരണമാറ്റം ഉണ്ടെങ്കിൽ മതബോധന കേന്ദ്രങ്ങളിൽ അറിയിക്കണം. അർദ്ധവാർഷിക പരീക്ഷകൾക്ക് മുമ്പ് യൂണിറ്റ് വിസിറ്റ് പൂർത്തിയാക്കിയിരിക്കണം.

യൂണിറ്റ് വിസിറ്റിനു വരുന്ന ടീമിന്റെ യാത്രചിലവ് (ഒരംഗത്തിന് കൂടിയത് നൂറ്റിയമ്പതു രൂപ എന്ന തോതിൽ) സന്ദർശിക്കപ്പെടുന്ന യൂണിറ്റിൽനിന്നും നല്കേണ്ടതാണ്.

## 6. SMCC Std. VII & XII

പ്രവേശന ഫോമുകൾ ബ്ലോഗിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പരിശീലനത്തിന് യോഗ്യരായ കുട്ടികളെ തെരഞ്ഞെടുത്ത് ഫോമുകൾ പൂരിപ്പിച്ച് മതബോധനകേന്ദ്രത്തിൽ ആഗസ്റ്റ് 19-നുമുമ്പ് നൽകണം. ഫോമുകൾ ഇവിടെ ലഭിച്ചതിനുശേഷം മതബോധനകേന്ദ്രത്തിൽ നടക്കുന്ന ഒരു ദിവസത്തെ ക്യാമ്പിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരുകൾ ബ്ലോഗിൽ പ്രസിദ്ധീകരിക്കുന്നതാണ്. അതനുസരിച്ച് ഈ കുട്ടികൾ ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

**7. Std. XII വിദ്യാർത്ഥികൾക്കുള്ള പ്രബോധന വിഷയ സെമിനാർ**

വാർഷികപ്രോഗ്രാം പേജ് 47 കാണുക.

എല്ലാ യൂണിറ്റുകളിലും പ്രസ്തുത സെമിനാർ നടത്തിയിരിക്കണം. കുട്ടികളെ പ്രസ്തുത വിഷയത്തിൽ ബോധവാന്മാരാക്കാനുള്ള രീതിയിൽ ക്ലാസ്സുകൾ കൈകാര്യം ചെയ്യേണ്ടതാണ്. ഈ സെമിനാറിനുള്ള റിസോഴ്സ് ടീം ട്രെയ്നിങ്ങ് സെപ്റ്റംബർ 3ന് അവസാനിക്കുന്നതാണ്. ക്ലാസ്സെടുക്കുന്ന വരെ ലഭിക്കാൻ അപ്പോൾ മുതൽ കൂടുതൽ സൗകര്യം ലഭിക്കുന്നതാണ്.

**8. അധ്യാപകരുടെ ആപ്റ്റിറ്റ്യൂഡ് പഠനം**

ആപ്റ്റിറ്റ്യൂഡ് പഠനത്തിനുള്ള പുസ്തം *സീറോമലബാർ സഭയുടെ ആരാധനക്രമവിശ്വാസപരിശീലനം* മതബോധനകേന്ദ്രത്തിൽനിന്നും ലഭ്യമാണ്.

**9. പുതിയ കമ്പ്യൂട്ടർ പ്രോഗ്രാമിന്റെ പ്രവർത്തനം**

മതബോധനകാര്യങ്ങൾ നിർവ്വഹിക്കുന്നത് പുതിയ കമ്പ്യൂട്ടർ പ്രോഗ്രാം ഉപയോഗിച്ചുതുടങ്ങി. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വിവരങ്ങൾ പൂർണ്ണമായും കൃത്യമായും നൽകി പുതിയ സോഫ്റ്റ്വെയർ ഉപയോഗിച്ചുതുടങ്ങിയ യൂണിറ്റുകൾക്ക് അഭിനന്ദനങ്ങൾ. ഇത് വളരെ ഫലപ്രദവും കാര്യക്ഷമവുമാണെന്ന് അറിയിച്ചതിന് നന്ദി.

കമ്പ്യൂട്ടർ പ്രോഗ്രാം യൂണിറ്റുകളുടെ ഉപയോഗത്തിന് നല്കിക്കഴിഞ്ഞാൽ, യൂണിറ്റിനെയും അധ്യാപകരെയും വിദ്യാർത്ഥികളെയും സംബന്ധിച്ച കാര്യങ്ങളിൽ വരുന്ന മാറ്റങ്ങളനുസരിച്ച് ഉടൻതന്നെ കമ്പ്യൂട്ടർ പ്രോഗ്രാമിലും തിരുത്തലുകൾ വരുത്തി യൂണിറ്റിന്റെ ഡാറ്റ സദാ up-to-date ആയി പാലിക്കണം.

ഈ വർഷത്തിന്റെ ആരംഭത്തിൽത്തന്നെ എല്ലാ അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റ കൃത്യമാക്കിയാൽ, തുടർന്ന് ആവശ്യമായ വിവിധ ലിസ്റ്റുകളും ഫോമുകളും തയ്യാറാക്കുന്നതിന് വളരെ എളുപ്പമായിരിക്കും. പുതിയതായി ചേരുന്ന അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും ഡാറ്റ അവർ ചേരുന്ന അവസരത്തിൽത്തന്നെ ശേഖരിച്ച് പ്രോഗ്രാമിൽ ഉൾക്കൊള്ളിക്കുക.

**പ്രത്യേകശ്രദ്ധയ്ക്ക്:**

പരീക്ഷയ്ക്കുള്ള ഇംഗ്ലീഷ്, മലയാളം ചോദ്യപേപ്പറുകളുടെ എണ്ണം, സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള വിദ്യാർത്ഥികൾ, വിദ്യാർത്ഥികളുടെ TC, സർട്ടിഫിക്കറ്റുകൾ, അധ്യാപകരുടെ സർവ്വീസ് മുതലായ എല്ലാകാര്യങ്ങളും ഇനിമുതൽ കൈകാര്യം ചെയ്യുന്നത് കമ്പ്യൂട്ടർപ്രോഗ്രാമിലേക്ക് യൂണി

റ്റിൽനിന്ന് തന്നിട്ടുള്ള വിവരങ്ങളുടെ (ഡാറ്റ) അടിസ്ഥാനത്തിലായിരിക്കും. ഓരോ ആവശ്യത്തിനും യൂണിറ്റുകളിൽനിന്ന് പ്രത്യേകം പ്രത്യേകം ലിസ്റ്റുകൾ തയ്യാറാക്കി നല്കേണ്ടിവരില്ല. ആവശ്യമുള്ള ഡാറ്റ നല്കാതിരുന്നാൽ ഇക്കാര്യങ്ങളുടെയെല്ലാം നടത്തിപ്പിൽ യൂണിറ്റുകളിലും മതബോധനകേന്ദ്രത്തിലും കൂടുതൽ ബുദ്ധിമുട്ടുകളുണ്ടാകും. ചില യൂണിറ്റുകളിൽനിന്ന് തന്നിട്ടുള്ള ലിസ്റ്റിൽ പോരായ്മകളോ അപാകതളോ ചൂണ്ടിക്കാണിച്ചിട്ടുള്ളത് എത്രയും വേഗം പരിഹരിച്ചു നൽകിയാലേ ആ യൂണിറ്റുകൾക്ക് പുതിയ സോഫ്റ്റ്വെയറിന്റെ സേവനം ലഭ്യമാകൂ. അവർ ആഗസ്റ്റ്മാസത്തിൽത്തന്നെ ലിസ്റ്റുകൾ പൂർണ്ണമാക്കി നൽകേണ്ടതാണ്. അർദ്ധവാർഷിക പരീക്ഷ അടുത്തുവരുന്നതിനാൽ, അവ തടസ്സപ്പെടാത്തവിധം ഈ സംരംഭം പൂർത്തീകരിക്കുന്നതിനും പ്രയോഗത്തിൽവരുത്തുന്നതിനും യൂണിറ്റധികാരികളും അധ്യാപകരും, അവശ്യബോധത്തോടെ, സഹകരിക്കുമല്ലോ.

## 10. ഷോർട്ട് ഫിലിം മത്സരം:

അതിരൂപതയിലെ മതബോധന വിദ്യാർത്ഥികൾക്കായ് ഷോർട്ട് ഫിലിം മത്സരം മതബോധനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്നു.

വിഷയം: **കുടുംബങ്ങളിലെ വിശ്വാസപരിശീലനം**

സമർപ്പിക്കേണ്ട അവസാന തിയ്യതി : **2017 നവംബർ 17**

ഒന്നാം സമ്മാനം 10,000 രൂപ, രണ്ടാം സമ്മാനം 9,000 രൂപ, മൂന്നാം സമ്മാനം 8,000 രൂപ, എ ഗ്രേഡ് 5,000 രൂപ.

**നിബന്ധനകൾ**

**വിഷയം**

വിശ്വാസപരിശീലനം കുടുംബങ്ങളിൽ എന്ന വിഷയത്തെ ആസ്പദമാക്കിയാണ് ഷോർട്ട് ഫിലിം നിർമ്മിക്കേണ്ടത്. പങ്കെടുക്കുന്നവർ 2017 ആഗസ്റ്റ് 15 ന് മുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 50 രൂപ.

**സമയദൈർഘ്യം**

ടൈറ്റിൽസും എൻഡ്ക്രെഡ്രിറ്റും ഉൾപ്പെടെ 10 മിനിറ്റിൽ കവിയരുത്.

**ഭാഷ & സൃഷ്ടി**

ഉപയോഗിക്കുന്ന ഭാഷ മലയാളത്തിലായിരിക്കണം. സൃഷ്ടികൾ മൗലികമായിരിക്കണം. മറ്റു ചിത്രങ്ങളിൽ നിന്ന് പകർത്തിയതോ, ഏതെങ്കിലും മത്സരത്തിലോ, സോഷ്യൽ മീഡിയയിലോ അവതരിപ്പിച്ചതോ ആയിരിക്കരുത്. ഇംഗ്ലീഷിൽ സബ്ബ് ടൈറ്റിൽ ഉൾപ്പെടുത്താവുന്നതാണ്.

**എൻട്രി**

HD നിലവാരത്തിൽ Mp4 ഫോർമാറ്റിൽ DVDയിൽ ഷോർട്ട് ഫിലിം സമർപ്പിക്കണം. അവസാന തിയ്യതി 2017 നവംബർ 17. മത്സരത്തിന് നൽകുന്ന എൻട്രികൾ മതബോധനാവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കാൻ മതബോധനകേന്ദ്രത്തിന് അവകാശമുണ്ടായിരിക്കുന്നതാണ്.

**നിർമ്മാണം**

മൊബൈൽ ഫോൺ ഉൾപ്പെടെ എന്ത് ഡിവൈസും ഉപയോഗിച്ച് നിർമ്മിക്കാവുന്നതാണ്.

**അവാർഡുകൾ**

പ്രമേയം, അഭിനയം, സംവിധാനം, സാങ്കേതികത്വം, പ്രമേയത്തിന്റെ ക്രൈസ്തവമൂല്യങ്ങൾ എന്നീ ഘടകങ്ങൾ വിധി നിർണ്ണയത്തിന് പരിഗണിക്കുന്നു. ജൂറിയുടെ തീരുമാനം അന്തിമമായിരിക്കും. 1,2,3 സമ്മാനങ്ങൾക്ക് പുറമേ എ ഗ്രേയ്ഡ് കരസ്ഥമാക്കുന്നവർക്കും സമ്മാനങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

## 11. Rank Holders

Sunday Catechism Rank Holders

ACC 3 Years Diploma Course Successfully Completed



First Rank
TEENA ROSE
PERAMANGALAM



Second Rank
MERLIN WILSON
PANAMKUTTICHIRA



Third Rank
ALWIN ANTONY
VELAPPAYA

## ACC 2016-2017 Annual Examination - Top Mark Holders



First Rank
TEENA ROSE
PERAMANGALAM



Second Rank
DEEPTHY P. J.
AMMADAM



Third Rank
GEETHU C. JOSE
THANDILAM

## Std. XII Annual Common Examination



First Rank
ANN BRIJITH JOHN
CATHEDRAL



Second Rank
ROSE MUTTATH
KOTTAPADY



Third Rank
JOVIN JOJU
KOZHUKKULLY

## Scholarship Examination First Rank Holders
## Sunday Catechism

Std. IV



ANCY JOSEPH
PATHIYARAM

Std. V



ANNA JOSEPH K.
AYYANTHOLE

Std. VI



LYNN MARY
THIROOR

Std. VII



BINEESH P. BINNY
MUKKATTUKARA

Std. VIII



ANN MARY
THIROOR

Std.IX



IRENE BIJU
THRISSUR LOURDES

Std. X



SONA JENSON
THALORE

Std. XI



NAVYA S. KAVIL
KALLUR E.

## School Catechism

Std. IV



ALENA E. S.
LITTLE FLOWER CGHS
MAMMIYUR

Std. VII



ALEENA V. T.
SACRED HEART CGHSS
THRISSUR

Std. X



ANET MARIA JAISON M.
SACRED HEART CGHSS
THRISSUR

## Moral Science

Std. IV



SREELAKSHMI M. S.
SACRED HEART C. LPS
THRISSUR

Std. VII



KRISHNA RAMACHANDRAN
SACRED HEART CGHSS
THRISSUR

Std. X



ANAGHA PRAKASH
VIJAYAMATHA ENG
PONNANI

## SMCC Prathiba Sangamam - Syro-Malabar Church Level

### Std. VII



NIVIN CYRIAC
VETTUKAD
PRATHIBA



JANICE GEORGE
THALORE
PARTICIPANT



ALWIN P. WINSTON
KOTTAPADY
PARTICIPANT



NIYA MICHAEL
THRIKKUR
PARTICIPANT

## Moral Science Annual Examination January 2017 : KCBC Winners (More than 90% Marks )

ARDHRA T.G
ST. THERESA'S G.H.S
BRAHMAKULAM

Std. X



CHINCHILA M. S.
LITTLE FLOWER
C.G.H.S.S
MAMMIYOOR
Std. XII



## Full Attendance Std. I to ACC (15 Years)



NIMA CHERIAN
NIRMALAPURAM



ANEESH C. B.
THRISSUR LOURDES



JISSA MARIYA
VADOOKARA



VINSTON VARGHESE
OLLUKKARA

*Congratulations!*

Fr. Tens Kunnappilly
Fr. Jijo Kappilamnirappel
Asst. Directors

Fr. Raphael Akkamattathil
Director

# INSTITUTE OF THEOLOGY, TRICHUR

(Phone : 0091-0487- 2333245)

E-mail: Institute.of.theology@gmail.com

## Correspondence Theology Course:

**പുതിയ ബാച്ച്**

ഈ കോഴ്സിലേക്കുള്ള പുതിയ ബാച്ച് ജൂലൈ 23ന് ആരംഭിച്ചിരിക്കുന്നു. എല്ലാ മാസത്തിലും രണ്ടാം ഞായർ, നാലാം ഞായർ എന്നീ ദിവസങ്ങളിൽ 2 PM മുതൽ 5 PM വരെയായിരിക്കും ക്ലാസ്സുകൾ.

**ആഗസ്റ്റ് മാസത്തിലെ ക്ലാസ്സുകൾ**

കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ ആഗസ്റ്റ് 13, 27 എന്നീ ഞായറാഴ്ച്ചകളിൽ 2 PM മുതൽ 5 PM വരെയായിരിക്കും.

ആശംസകളോടെ,

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ,**

ഡയറക്ടർ

---



## പാലയൂർ മാർതോമ അതിരൂപതാ തീർത്ഥകേന്ദ്രം

**1. കുർബ്ബാനസമയം**

എല്ലാദിവസവും - രാവിലെ 6.30 ന്, ഇതിനുപുറമേ,
ഞായർ - രാവിലെ 10.30 നും, വൈകീട്ട് 5.15 നും
ചൊവ്വ - ഉച്ചയ്ക്ക് 12.05 നും, വൈകീട്ട് 5.15 നും
ശനി - വൈകീട്ട് 5.15 നും

**2. മാർതോമാചൊവ്വാഴ്ച ആചരണം**

നൊവേന, വചനപ്രഘോഷണം, ആരാധന, മധ്യസ്ഥപ്രാർത്ഥന, കൗൺസലിങ്ങ്, കുമ്പസാരം, സാക്ഷ്യങ്ങൾ, വി. കുർബ്ബാന, ഉച്ചഭക്ഷണം എന്നിവയോടുകൂടി മാർതോമ ചൊവ്വാഴ്ച ആചരണം തീർത്ഥകേന്ദ്രത്തിൽ എല്ലാ ചൊവ്വാഴ്ചകളിലും നടക്കുന്നുണ്ട്. ഓരോ ചൊവ്വാഴ്ച കഴിയുന്തോറും പങ്കെടുക്കുന്നവരുടെ എണ്ണവും സാക്ഷ്യം പറയുന്നവരുടെ എണ്ണവും കൂടിവരുന്നുണ്ട്. ആഗസ്റ്റ് 15 ന് ചൊവ്വാഴ്ചയാചരണം ഉണ്ടായിരിക്കില്ല.

**3. മുപ്പിട്ട് ഞായർ തിരുനാളും ദണ്ഡവിമോചനവും**

ആഗസ്റ്റ് 12, 13 തിയ്യതികളിൽ മുപ്പിട്ടുഞായർ തിരുനാളായതിനാൽ 12-ാം തിയ്യതി വൈകീട്ട് 5.00 മണിമുതൽ 13-ാം തിയ്യതി രാത്രിവരെ, വിശ്വാസകവാടത്തിലൂടെ യോഗ്യതയോടെ പ്രവേശിക്കുന്നവർക്ക് ദണ്ഡവിമോചനം ലഭിക്കുന്നതാണ്.

മുപ്പിട്ടുഞായറിൽ 3.00 മണിക്ക് തളിയകുളത്തിൽ ആഘോഷമായ മാമ്മോദീസയും പ്രദക്ഷിണവും 3.45 ന് വി. കുർബ്ബാനയും, നൊവേനയും, തിരുശേഷിപ്പുവണക്കവും ഉണ്ടായിരിക്കും. അന്നത്തെ മറ്റെല്ലാ കുർബ്ബാനയോടൊപ്പവും തിരുനാൾ കർമ്മങ്ങളും തിരുശേഷിപ്പുവണക്കവും നേർച്ചയും ഉണ്ടായിരിക്കും.

**4. തീർത്ഥകേന്ദ്രം സന്ദർശനസമയം**

തീർത്ഥാടകരുടെ ആവശ്യം പരിഗണിച്ചുകൊണ്ട്, രാവിലെ 6.00 മണിമുതൽ വൈകീട്ട് 7.00 മണിവരെ തീർത്ഥാടകർക്ക്, തീർത്ഥകേന്ദ്രം സന്ദർശിക്കാനും പ്രാർത്ഥിക്കാനും നേർച്ചക്കാഴ്ചകൾ സമർപ്പിക്കാനും സാധിക്കുന്നതാണ്.

സമർപ്പണം (അടിമയിരുത്തൽ) ചെയ്യാൻ, ചൊവ്വാഴ്ചകളിലും മുപ്പിട്ടു ഞായറാഴ്ചകളിലും ഓരോ കുർബ്ബാനയ്ക്കും ശേഷം സാധിക്കുന്നതാണ്.

**5. മാർതോമാ മക്കൾ സംഗമം**

മാർതോമാ മക്കൾ സംഗമത്തിൽ, കഴിഞ്ഞ കാലങ്ങളിൽ തളിയക്കുളത്തിൽ മാമ്മോദീസ സ്വീകരിച്ചവരായ, രൂപതയ്ക്കു പുറത്തുനിന്നുള്ളവർ ഉൾപ്പടെ, അറന്നൂറോളം പേരും, അവരുടെ കുടുംബാംഗങ്ങളായി ആയിരത്തോളം പേരും പങ്കെടുത്തു. ജൂലൈ 8-ാം തിയ്യതി മോൺ. ജോർജ്ജ് കോമ്പാറ മുഖ്യകാർമ്മികത്വം വഹിച്ച സംഗമ ത്തിൽ മാമ്മോദീസ നവീകരണം, സമർപ്പണം നവീകരണം, പ്രത്യേകപ്രാർത്ഥനകൾ, തിരുനാളാചരണം, സ്നേഹവിരുന്ന്, മെമന്റോ വിതരണം എന്നിവ ഉണ്ടായി.

അടുത്ത വർഷം, ജൂലൈ 7-ാം തിയ്യതി ശനിയാഴ്ച മാർതോമ മക്കൾ സംഗമം നടത്താൻ തീരുമാനിച്ചു. അതിരൂപതയുടെ വിവിധ ഭാഗങ്ങളിൽ നിന്നായി പന്ത്രണ്ടംഗ കമ്മിറ്റിയും തെരഞ്ഞെടുത്തു.

**6. തിരുനാൾ ആഘോഷങ്ങൾ**

ദുക്റാന തിരുനാൾ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷിച്ചു. അന്നത്തെ സൗജന്യ നേർച്ചയൂട്ടിൽ മുപ്പതിനായിരത്തോളം പേർ പങ്കെടുത്തു. തീർത്ഥകേന്ദ്രത്തിൽ അന്ന്

അർപ്പിച്ച 5 കുർബ്ബാനകളിലും ധാരാളം ഭക്തജനങ്ങൾ ഉണ്ടായിരുന്നു.

തർപ്പണ തിരുനാൾ കൊടിയേറ്റ് 3-ാം തിയ്യതി നടന്നു. തുടർന്നുള്ള നൊവേന ദിവസങ്ങളിൽ, ഓരോ ദിവസം ഓരോ സ്കൂളിന്റേതായി കലാപരിപാടികളും, പ്രൊഫഷണൽ കലാസാംസ്ക്കാരിക പരിപാടികളും, അരങ്ങേറി. അരങ്ങേറ്റമഹോത്സവം, സമാദരണസദസ്സ്, സാംസ്ക്കാരിക സദസ്സ് എന്നിവ സവിശേഷതയാർന്നതായി.

**ഫാ. ജോസ് പുന്നോലിപറമ്പിൽ**
വികാരി/റെക്ടർ

# മേരിമാതാ മേജർ സെമിനാരി

**സെമിനാരി കുടുംബത്തിലേക്ക് സ്വാഗതം (ജൂൺ 17)**

സെമിനാരി കുടുംബത്തിലേക്ക് പുതുതായി നിയമിതനായ ബഹു. ജിബിൻ താഴേക്കാടൻ അച്ചനെ ബഹു. റെക്ടറച്ചൻ സ്വാഗതം ചെയ്തു. തത്ത്വശാസ്ത്ര വിഭാഗത്തിലെ അദ്ധ്യാപകനായും ആദ്ധ്യാത്മിക പിതാവുമായാണ് അച്ചൻ ചുമതലയേറ്റിരിക്കുന്നത്.

**Extension Lecture (June 22)**

ഈ അദ്ധ്യയന വർഷത്തിലെ പ്രഥമ Extension lecture ജൂൺ 22ന് ഉച്ചക്ക് 2.00 മണിക്ക് നടത്തപ്പെട്ടു. "കത്തോലിക്കാ വിശ്വാസം പ്രതിക്കൂട്ടിൽ : ഇസ്ലാം വിശ്വാസികളുടെ ചോദ്യങ്ങളും അവയ്ക്കുള്ള മറുപടികളും" എന്ന വിഷയത്തെ കുറിച്ച് ശ്രീ. മാരിയോ ജോസഫ് പ്രഭാഷണം നടത്തി. ഖുറാന്റെ ഉത്ഭവവും, ഖുറാനിലെയും ക്രിസ്തുമതത്തിലെയും ആശയങ്ങൾ തമ്മിലുള്ള സാമ്യങ്ങളും വ്യത്യാസങ്ങളും അദ്ദേഹം തുറന്നു കാണിച്ചു.

**ദിവ്യകാരുണ്യസന്നിധിയിൽ (ജൂൺ 23)**

ജൂൺ ഇരുപത്തിമൂന്നിന് മേരിമാതാ കുടുംബം ദിവ്യകാരുണ്യസന്നിധിയിൽ ആരാധന ദിനമായി ആചരിച്ചു. അന്നേ ദിവസം വി. കുർബ്ബാനയോടുകൂടി ആരംഭിച്ച ആരാധനയ്ക്ക് വിവിധ ബാച്ചുകൾ നേതൃത്വം നൽകി. ഉച്ചകഴിഞ്ഞ് നടത്തപ്പെട്ട സമാപന പൊതു ആരാധനയിൽ എല്ലാവരും സംബന്ധിച്ചു. അദ്ധ്യയനവർഷത്തിന്റെ ആരംഭത്തിൽ തന്നെ ലഭിച്ച ആരാധാനാദിനം ഏവരും ഫലപ്രദമായി വിനിയോഗിച്ചു.

**യാത്രാമംഗളങ്ങൾ (ജൂലൈ 2)**

മേരിമാതയിൽ ഓഫീസ് ഇൻ-ചാർജ്ജായി 2 വർഷം സ്തുത്യർഹമായി

സേവനം ചെയ്ത റവ. സി. എൽസി ഇല്ലിക്കൽ SNDS ന് യാത്രാമംഗളങ്ങൾ നേർന്നു. അന്നേ ദിവസം വൈകുന്നേരം ബഹു. റെക്ടറച്ചനും ബ്രദർ ലിബിൻ പുത്തൻപുരക്കലും സിസ്റ്ററിന് നന്ദിയർപ്പിച്ച് സംസാരിക്കുകയും റെക്ടറച്ചൻ സെമിനാരി കുടുംബത്തിന്റെ ഉപഹാരം സിസ്റ്ററിന് നൽകുകയും ചെയ്തു. പുതുതായി ഓഫീസ് സ്റ്റാഫായി ചുമതലയേറ്റ റവ. സി. ജാൻസി ചിറക്കൽ SNDSന് സ്വാഗതം നേർന്നു.

## എന്റെ കർത്താവേ, എന്റെ ദൈവമേ (ജൂലൈ 3)

ഈശോയെ തൊട്ടറിഞ്ഞ വിശ്വാസ തീക്ഷ്ണതയുമായി ഭാരതമണ്ണിൽ വന്ന് നമ്മുടെ ക്രിസ്തീയ വിശ്വാസത്തിന് തിരി കൊളുത്തിയ വി. തോമാശ്ലീഹായുടെ ഓർമ്മതിരുനാൾ ജൂലൈ 3-ാം തിയതി സാഘോഷം ആചരിച്ചു. ജൂലൈ 2-ാം തിയതി വൈകുന്നേരം ബഹു. റോയ് മൂക്കനച്ചന്റെ കാർമ്മികത്വത്തിൽ നടന്ന സായാഹ്ന പ്രാർത്ഥനയോടുകൂടി ദുക്റാന തിരുനാളിന് ആരംഭം കുറിച്ചു. തിരുനാൾ ദിനത്തിൽ ബഹു. ബിൽജു വാഴപ്പിള്ളി അച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ ആഘോഷമായ റാസ കുർബ്ബാന അർപ്പിച്ചു. വിശുദ്ധ കുർബ്ബാന മദ്ധ്യേ ബഹു. സൈജോ തൈക്കാട്ടിലച്ചൻ വചന സന്ദേശം നൽകി. ഉച്ചയ്ക്ക് ശേഷം പാലയൂർ തീർത്ഥാടനത്തിനുള്ള അവസരം ഉണ്ടായിരുന്നു. സെമിനാരിയുടെ കലാ-സാഹിത്യവേദിയായ സർഗ്ഗജ്യോതി അന്നേ ദിവസം വൈകുന്നേരം ഉദ്ഘാടനം ചെയ്യപ്പെട്ടു. ബഹു. ടോണി നീലങ്കാവിലച്ചൻ അദ്ധ്യക്ഷപദം അലങ്കരിച്ച യോഗത്തിൽ പ്രശസ്ത സിനിമാ നടനും പരസ്യ നിർമ്മാതാവുമായ സിജോയ് വർഗ്ഗീസ് മുഖ്യാതിഥിയായിരുന്നു. കാലഘട്ടത്തിനനുസരിച്ചുള്ള നവസുവിശേഷവൽക്കരണത്തിലേക്കു കടന്നുവരണമെന്നും സുവിശേഷവൽക്കരണത്തിനായി നവ സമൂഹമാധ്യമങ്ങൾ ഉപയോഗപ്പെടുത്തണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു.

## മാതാപിതാക്കളുടെ സംഗമം (ജൂലൈ 8)

മേരിമാതയുടെ ബെഞ്ചമിൻസായ ഒന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥികളുടെ മാതാപിതാക്കളുടെ സംഗമം ജൂലൈ 8 ശനിയാഴ്ച ആഘോഷിച്ചു. ബഹു. റെക്ടറച്ചൻ ദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിക്കുകയും ബഹു. വൈസ് റെക്ടർ സന്ദേശം നൽകുകയും ചെയ്തു. ഉച്ചഭക്ഷണത്തിനുശേഷം നടന്ന പൊതു സമ്മേളനത്തിൽ ബഹു. റെക്ടറച്ചൻ അദ്ധ്യക്ഷനായിരുന്നു. ഏവർക്കും പരസ്പരം പരിചയപ്പെടാനും ഒന്നാം വർഷക്കാരെയും അവരുടെ കുടുംബാംഗങ്ങളെയും അടുത്തറിയുവാനും ഇത് നല്ല അവസരമായി. മേരിമാതയുടെ സ്നേഹാദരങ്ങൾ സ്വീകരിച്ച് വൈകുന്നേരത്തോടെ അവർ മടങ്ങി.

**ഉപകാരി സംഗമം (ആഗസ്റ്റ് 5)**

മേരിമാതാ സെമിനാരിയിലെ വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിൽ സഹായിക്കുന്ന ഉപകാരികളുടെ സംഗമം ആഗസ്റ്റ് മാസം 5-ാം തിയതി ശനിയാഴ്ച സെമിനാരിയിൽ വെച്ച് നടത്തപ്പെടുകയാണ്. രാവിലെ 10 മണിക്ക് ആരംഭിച്ച് ഉച്ചഭക്ഷണത്തോടുകൂടി സമാപിക്കുന്ന രീതിയിലാണ് ഈ വർഷത്തെ സംഗമം ക്രമീകരിച്ചിരിക്കുന്നത്. എല്ലാ ഉപകാരികളെയും ഈ സംഗമത്തിലേക്ക് സ്നേഹപൂർവ്വം ക്ഷണിക്കുന്നു. (വരുന്ന കാര്യം അറിയിക്കുമല്ലോ. ഫോൺ : 0487-2315516, 2345535)

**മേരി മാതാ ബേഴ്സ് സ്ഥാപിച്ചവർ**

## I. Individual Special Patron Membership

1. സെന്റ് ഫ്രാൻസീസ് അസ്സീസി എഫ്. സി. കോൺവെന്റ്, മുണ്ടൂർ
2. ശ്രീ. സി. സെബാസ്റ്റ്യൻ, കോക്കാടൻ ഹൗസ്, പുതുക്കാട്
3. ശ്രീ. ടി. കെ. തോമസ്, തരകൻ ഹൗസ്, അരണാട്ടുകര
4. ശ്രീമതി വത്സ തോമാസ്, തരകൻ ഹൗസ്, അരണാട്ടുകര
5. ശ്രീ. വിൽഫ്രഡ് എ. വർഗ്ഗീസ്, ആലപ്പാട്ട് ഹൗസ്, പുഴയ്ക്കൽ

## II. Individual Wellwisher Membership

1. ശ്രീമതി ലില്ലി ജേക്കബ്, ആലൂക്കൽ ഹൗസ്, ചെവ്വൂർ
2. ശ്രീ. കെ.വി. റപ്പായി, കുറ്റിക്കാടൻ ഹൗസ്, ചെവ്വൂർ
3. ശ്രീ. ജോസഫ് വീരമ്പുള്ളി, വീരമ്പുള്ളി ഹൗസ്, ചെവ്വൂർ

**ഫാ. ടോണി നീലങ്കാവിൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**ദുക്റാന തിരുനാൾ**

നമ്മുടെ വിശ്വാസത്തിന്റെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ദുക്റാന തിരുനാൾ സെമിനാരിയിൽ സമുചിതമായി ആചരിച്ചു. തിരുനാൾ വി. കുർബ്ബാനയർപ്പിച്ച് തിരുവചനസന്ദേശം നൽകിയത് ബഹു. ജിൻസൺ ചിരിയങ്കണ്ടത്ത് അച്ചനായിരുന്നു. വൈകീട്ട് സെമിനാരി ഓഡിറ്റോറിയത്തിൽ വച്ച് എക്യുമെനിക്കൽ പ്രാർത്ഥനാകൂട്ടായ്മയും പൊതുയോഗവും ഉണ്ടായിരുന്നു. പൊതുയോഗം ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കാൻ അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് സന്നിഹിതനായിരുന്നു. ട്രിച്ചൂർ എക്യമെ

നിക്കൽ ഗ്രൂപ്പ് ഭാരവാഹികൾ പൊതുയോഗത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയുണ്ടായി. ആ ദിവസത്തിന്റെ ചൈതന്യത്തിനണങ്ങുന്ന വിവിധ കലാപരിപാടികൾ സെമിനാരി വിദ്യാർത്ഥികൾ അവതരിപ്പിച്ചു.

**മാസധ്യാനങ്ങൾ**

ജൂലൈ 7, 8 എന്നീ തിയ്യതികളിൽ മാസധ്യാനം നടത്തപ്പെട്ടു. ബഹു. സ്റ്റാർസൺ കള്ളിക്കാടനച്ചൻ മൈനർ സെമിനാരി വിദ്യാർത്ഥികൾക്കും ബഹു. ജെൻസ് തട്ടിലച്ചൻ ബിരുദവിദ്യാർത്ഥികളായ സെമിനാരികാർക്കും ജൂലൈ മാസം 14, 15 ദിവസങ്ങളിൽ ബഹു. ജോൺസൺ കുണ്ടുകുളം അച്ചൻ റീജൻസി ബ്രദേഴ്സിനും ധ്യാനചിന്തകൾ നൽകി.

**എക്സ്റ്റൻഷൻ ലക്ചർ**

വരാനിരിക്കുന്ന വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനൊരുക്കമായി വിയാനി പുണ്യവാന്റെ ജീവചരിത്രത്തെ ആസ്പദമാക്കി ബഹു. അൽജോ കരേരക്കാട്ടിലച്ചൻ ജൂലായ് മാസം 15-ാം തിയ്യതി വൈദികവിദ്യാർത്ഥികൾക്ക് ക്ലാസ്സെടുത്തു

**ബിരുദവിദ്യാർത്ഥികൾ**

ഒന്നാം വർഷബിരുദവിദ്യാർത്ഥികൾക്കായുള്ള 3 ദിവസത്തെ ഒരുക്കധ്യാനം ബഹു. രൻജിത്ത് അത്താണിക്കൽ സി. എം. ഐ അച്ചന്റെ നേതൃത്വത്തിൽ ജൂൺ മാസം 7, 8, 9 തിയ്യതികളിൽ നടത്തപ്പെട്ടു. കൂടാതെ അവർക്കുവേണ്ടിയുള്ള ഓറിയേന്റെഷൻ പ്രോഗ്രാം ജൂൺ മാസം 23, 24 തിയ്യതികളിൽ ബഹു. മാർട്ടിൻ കൊളമ്പ്രത്തച്ചനും പ്രൊഫ. സി. ജെ. ഡേവീസും സംയുക്തമായി നടത്തി.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ. എ. എഫ് ടോണി, അക്കര ഹൗസ്, ഒല്ലൂർ
2. ശ്രീ. സുമിത് കുന്നുംകൽ, ഹൈദരാബാദ്
3. പ്രസിഡണ്ട് & മെമ്പേഴ്സ്, ലോഫ്, തൃശ്ശൂർ അതിരൂപത
4. Frau. Gisela Behringer, Germany
5 ശ്രീമതി സി. ജെ. ലീലാമ്മ, അരിമ്പൂർ ചീരോത, കാഞ്ഞാണി
6. ശ്രീമതി. ലില്ലി ജോസ്, പുലിക്കോട്ടിൽ ഹൗസ്, കൂനംമ്മൂച്ചി

വൈദീകവിദ്യാർത്ഥികളെ സ്വന്തമെന്നപോലെ കരുതി ആത്മാർത്ഥമായി പ്രാർത്ഥിച്ചും, സാമ്പത്തികമായി സഹായിച്ചും പിന്തുണ നൽകുന്ന ഏവരെയും അനുഗ്രഹങ്ങളുടെ നാഥനായ ഈശോ അനുഗ്രഹിക്കട്ടെ

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ

# കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ..... 2017 ആഗസ്റ്റ്**

4. വെള്ളി - വി. ജോൺ മരിയ വിയാനി
ആദ്യവെള്ളി, വിശുദ്ധ കുർബ്ബാന,
9 ബുധൻ - ക്വിറ്റ് ഇന്ത്യാ ദിനം
11. വെള്ളി - വി. ക്ലാര
15 ചൊവ്വ - ഇന്ത്യൻ സ്വാതന്ത്ര്യദിനം
മറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ
21 തിങ്കൾ - വി. പത്താം പിയൂസ് മാർപാപ്പ
28 തിങ്കൾ - വി. അഗസ്റ്റിൻ
29 ചൊവ്വ - വി. എവുപ്രാസ്യ

## 2. മെറിറ്റ് ഡേ സമ്മേളനം

കോർപ്പറേററ് എഡ്യുക്കേഷണൽ ഏജൻസി 2017 ജൂൺ 30ന് വെള്ളിയാഴ്ച മെറിറ്റ് ഡേ ആഘോഷിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് ഡി.ബി.സി. എൽ. സി. ഓഡിറ്റോറിയത്തിൽ നടന്ന മെറിറ്റ് ഡേ സമ്മേളനം അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷത വഹിച്ചു. ഉന്നതവിജയം നേടിയ പുത്തൻപീടിക ഹയർ സെക്കണ്ടറി പ്രിൻസിപ്പാൾ മാത്യു സാറും മായന്നൂർ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ജോൺസൺ സാറും ആശംസകൾ നേർന്നു. പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും സ്കൂളുകൾക്കുമുള്ള സർട്ടിഫിക്കറ്റുകളും ക്യാഷ് അവാർഡുകളും ട്രോഫികളും അഭിവന്ദ്യ പിതാവ് വിതരണം ചെയ്തു. എല്ലാവർക്കും ഒരിക്കൽ കൂടി അഭിനന്ദനങ്ങൾ!

## 3. സ്കൂൾ കണക്ക്/ റിപ്പോർട്ട്

സ്കൂളിന്റെ 2016-17 വർഷത്തിലെ കണക്കും റിപ്പോർട്ടും ഏജൻസി ഓഫീസ്സിൽ നിന്ന് ലഭിക്കുന്ന നിശ്ചിത ഫോറത്തിൽ എഴുതി കച്ചേരിയിലും പകർപ്പ് ഏജൻസി ഓഫീസിലും നൽകേണ്ടതാണ്. തെരട്ട് കൊണ്ടുവരുമ്പോൾ മാനേജരച്ചന്മാർ ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## 4. സ്റ്റാഫ് ഫിക്സേഷൻ ഓർഡർ

വിദ്യാഭ്യാസ വകുപ്പിൽ നിന്ന് സ്റ്റാഫ് ഫിക്സേഷൻ ഓർഡർ ലഭിച്ചാൽ എത്രയും വേഗം അത് ഏജൻസി ഓഫീസിൽ എത്തിക്കേണ്ടതാണ്.

## 5. S.S.L.C. & Plus Two Results

SCHOOLS WHICH PRODUCED THE HIGHEST PERCENTAGE OF RESULTS FROM THE TOTAL NUMBER OF STUDENTS APPEARED IN THE HIGHER SECONDARY EXAMINATION MARCH – 2017

| RANK | NAME OF SCHOOL | STUDENTS APPEARED | PASSED | PERCENTAGE |
|---|---|---|---|---|
| First | St. Thomas College H.S.S., Thrissur | 247 | 246 | 99.59 |
| Second | St. Antony's H.S.S., Puthenpeedika | 97 | 95 | 97.93 |
| Third | C.J.M.A.H.S.S., Varandarappilly | 200 | 191 | 95.50 |

SCHOOLS WHICH PRODUCED THE HIGHEST PERCENTAGE OF RESULTS IN GROUP WISE IN THE HIGHER SECONDARY EXAMINATION MARCH – 2017

| SL. NO. | NAME OF SCHOOL | GROUP | STUDENTS APPEARED | PASSED | PERCENTAGE |
|---|---|---|---|---|---|
| 1. | C.J.M.A.H.S.S., Varandarappilly | Science | 100 | 100 | 100 |
| | St. Antony's H.S.S., Puthenpeedika | Science | 50 | 50 | 100 |
| 2. | St. Thomas C.H.S.S., Thrissur | Commerce | 98 | 98 | 100 |
| 3. | St. Antony's H.S.S., Puthenpeedika | Humanities | 47 | 45 | 95.74 |

RESULT OF S.S.L.C. EXAMINATION – MARCH 2017

| Sl. No. | Name of school | Students appeared | No. of pupils who got D+ and above in all subject | School percentage 2016-2017 |
|---|---|---|---|---|
| 1. | St. Thomas H.S.S., Mayannur | 262 | 262 | 100 |
| 2. | St. Sebastian's H.S., Chittattukara | 235 | 235 | 100 |
| 3. | St. Thomas H.S.S., Thiroor | 234 | 234 | 100 |
| 4. | St. Antony's H.S.S., Pazhuvil | 187 | 187 | 100 |
| 5. | St. Xavier's H.S., Chevoor | 152 | 152 | 100 |
| 6. | St. Thomas C.H.S.S., Thrissur | 151 | 151 | 100 |
| 7. | St. Sebastian's H.S., Mannamangalam | 144 | 144 | 100 |
| 8. | St. Thomas H.S.S., Vallachira | 53 | 53 | 100 |
| 9. | St. Antony's H.S.S., Puthenpeedika | 20 | 20 | 100 |
| 10. | Tharakan's H.S., Aranattukara | 15 | 15 | 100 |
| 11. | Matha H.S., Mannampetta | 198 | 197 | 99.49 |
| 12. | St. Antony's H.S.S., Ammadam | 168 | 167 | 99.40 |
| 13. | St. Joseph's H.S., Enamakkal | 143 | 142 | 99.30 |
| 14. | St. Antony's H.S.S., Pudukad | 275 | 273 | 99.27 |
| 15. | St. Thomas H.S.S., Engandiyur | 368 | 365 | 99.18 |

| | | | | |
|---|---|---|---|---|
| 16. | C.J.M.A.H.S.S., Varandarappilly | 357 | 354 | 99.16 |
| 17. | St. Thomas H.S.S., Thope, Thrissur | 99 | 98 | 99.00 |
| 18. | St. Mary's H.S., Chengaloor | 191 | 185 | 96.86 |
| 19. | St. Joseph's H.S.S., Velupadam | 123 | 121 | 98.47 |
| 20. | St. John's H.S.S., Parappur | 278 | 258 | 92.80 |
| 21. | St. Joseph's H.S.S., Avinissery | 20 | 18 | 90.00 |

## 6. RESULT OF THE SCHOLARSHIP EXAMINATION HELD ON MARCH 11 – 2017

| Sl. No. | Rank | Name of pupil | Name of School |
|---|---|---|---|
| | | *Standard I* | |
| 1. | First | Sourav T.M. | St. Joseph's L.P.S., Pavaratty. |
| 2. | Second | Sreelakshmi V.B. | St. Antony's L.P.S., Varandarappilly. |
| 3. | Third | Angel Jesline Shajan | St. Francis L.P.S., Wadakkanchery. |
| 4. | Third | Aswin E. Nair | Matha H.S., Mannampetta. |

**Pupils who secured 60% of marks and above**

| | | | |
|---|---|---|---|
| 5. | | Afrah Fathima | St. Joseph's H.S., Enamakkal. |
| 6. | | Abhishek Krishna K.S. | St. Antony's U.P.S., Kodannur. |
| 7. | | Thejasree | St. Thomas U.P.S., Koonammuchi. |
| 8. | | Aswathy Anilkumar | St. Joseph's U.P.S., Kundannur. |
| 9. | | Sera Mariya K.S. | St. Ignatius U.P.S., Manalur. |
| 10. | | Savinay P. Sandeep | R.C.U.P.S.,Thoyakkavu. |
| 11. | | Farsana P.F. | St. F.X.R.C.U.P.S., Vatanappally. |
| 12. | | Abhinavu Prasad V.A. | St. Xavier's U.P.S., Velur. |
| 13. | | Alha C.J. | Tharakan's L.P.S., Aranattukara. |
| 14. | | Vismaya Vinoj | St. Thomas L.P.S., Arthat. |
| 15. | | Arjunkrishna T.H. | St. Antony's L.P.S., Attupuram. |
| 16. | | Christy C.T. | St Thomas C.G.S., Kanjany. |
| 17. | | Amith O.A. | R.C.C.L.P.S., East Mangad. |
| 18. | | Alan John Babu | Mission Home L.P.S., Mariapuram. |
| 19. | | Mahadevan V. Babu | St. Thomas L.P.S., Palayoor. |

| | | | |
|---|---|---|---|
| 20. | | Sreebadhra V.R. | St. Mary's A.L.P.S., Pallissery. |
| 21. | | Sreehari C.S. | Little Flower L.P.S., Ponnore. |
| 22. | | Abhinav P.J. | St. Sebastian's R.C.L.P.S., Valapad. |
| 23. | | Sivapriya A.G. | St. Francis Xavier's L.P.S., Vendore. |
| 24. | | Amal Thomas | St. Louis L.P.S., Venmenad. |
| 25. | | Dhrisya C.D. | St. John's L.P.S., Parappur. |

Standard II

| | | | |
|---|---|---|---|
| 26. | First | Dheeraj Nair | St. Thomas L.P.S., Thiroor. |
| 27. | Second | Megha C.A. | St. Joseph's U.P.S., Kundannur. |
| 28. | Third | Judhith K.J. | Matha H.S., Mannampetta. |
| 29. | Third | Irine Jose | St. Antony's L.P.S., Varandarappilly. |

**Pupils who secured 60% of marks and above**

| | | |
|---|---|---|
| 30. | Jeen Joy C. | St. Joseph's H.S., Enamakkal. |
| 31. | Anandha K.S. | St. Ignatius U.P.S., Manalur. |
| 32. | Abhishek Sunil | St. Antony's U.P.S., Poovathur. |
| 33. | Jithul Krishna K.V. | R.C.U.P.S., Thoyakkavu. |
| 34. | Anjelo C.J. | St. Mary's U.P.S., Lourdes, Thrissur. |
| 35. | Gayathri P.S. | St. Xavier's U.P.S., Velur. |
| 36. | Aparna K.S. | St. Antony's L.P.S., Attupuram. |
| 37. | Dharmik K.M. | C.A.L.P.S., Chevoor. |
| 38. | Athul K.M. | R.C.C.L.P.S., East Mangad. |
| 39. | Angeleena Binoy | Mission Home L.P.S., Mariapuram. |
| 40. | Hitha Fathima | St. Thomas L.P.S., Palayoor. |
| 41. | Jolsna Joshy | St. Mary's A.L.P.S., Pallissery. |
| 42. | Vachany P.S. | St. John's L.P.S., Parappur. |
| 43. | Sabson | St. Joseph's L.P.S., Pavaratty. |
| 44. | Catherine Mary C.J. | A.L.P.S., Thiruvenkidom. |
| 45. | Avani P.R. | St. Sebastian's R.C.L.P.S., Valapad. |

Standard III

| | | | |
|---|---|---|---|
| 46. | First | Anitta Rose | St. Joseph's U.P.S., Kundannur. |
| 47. | Second | Abel James | St. Joseph's L.P.S., Pavaratty. |
| 48. | Third | Nandhana P.P. | St. Ignatius U.P.S., Manalur. |

**Pupils who secured 60% of marks and above**

| | | |
|---|---|---|
| 49. | Namitha C.S. | St. Sebastian's H.S., Chittattukara. |
| 50. | Farhana R.M. | St. Joseph's H.S., Enamakkal. |
| 51. | Jomon P. James | R.C.U.P.S., Thoyakkavu. |
| 52. | Anandhukrishnan M.L. | St. Francis Xavier's R.C.U.P.S., Vatanappally. |
| 53. | Johny Babu | Tharakan's L.P.S., Aranattukara. |
| 54. | Sana G.S. | St. Antony's L.P.S., Attupuram. |
| 55. | Antony Johnson | C.A.L.P.S., Chevoor. |
| 56. | Sandra T.S. | Church School, Karamuck. |
| 57. | Jesmiya Denny | R.C.C.L.P.S., East Mangad. |
| 58. | Antony Paul | St. Jose A.L.P.S., Marathakara. |
| 59. | Bhuvana V. Kaimal | Mission Home L.P.S., Mariapuram. |
| 60. | Amarnath M.M. | St. Thomas L.P.S., Palayoor. |
| 61. | Aswathy K.R. | St. John's L.P.S., Parappur. |
| 62. | Abhinatto Rinson | St. Antony's L.P.S., Pudukad. |
| 63. | Ebin C.A. | St. Francis L.P.S., Pudussery. |
| 64. | Megha Sudheesh | St. Thomas L.P.S., Thiroor. |
| 65. | Ann Baby Manjaly | St. Antony's L.P.S., Varandarappilly. |
| 66. | Ayana Baby | St. Francis Xavier's L.P.S., Vendore. |
| 67. | Aleena V. Jose | St. Louis L.P.S., Venmenad. |
| 68. | Gopika K.S. | St. Francis L.P.S., Wadakkanchery. |

Standard V

| | | | |
|---|---|---|---|
| 69. | First | Syamjith P.S., | St. John's H.S.S., Parappur. |
| 70. | Second | Niranjan C.D. | St. Antony's H.S.S., Pazhuvil. |
| 71. | Second | Akash A. | St. George's U.P.S., Mukkattukara. |
| 72. | Third | Sudev P.S. | St. Mary's H.S., Chengaloor. |

### Pupils who secured 60% of marks and above

| | | |
|---|---|---|
| 73. | Krishnendhu C.S. | St. Antony's H.S.S., Puthenpeedika. |
| 74. | Anugraha K.S. | St. Sebastian's H.S., Chittattukara. |
| 75. | Aswathy Aniyan | Matha H.S., Mannampetta. |
| 76. | Julia Loju | St. Antony's U.P.S., Kodannur. |
| 77. | Muhammad Sinan | St. Thomas U.P.S., Koonammuchi. |
| 78. | Merin C.T. | St. Xavier's U.P.S., Velur. |
| 79. | Alin Rose K.B. | Little Flower L.P.S., Ponnore. |

### Standard VI

| | | | |
|---|---|---|---|
| 80. | First | Aryadevi P.N. | St. Thomas U.P.S., Kooanmmuchi. |
| 81. | Second | Anitha Babu P. | St. Antony's H.S.S., Ammadam. |
| 82. | Third | Irene K. Josan | St. Joseph's H.S., Enamakkal. |

### Standard VIII

| | | | |
|---|---|---|---|
| 83. | First | Sandra Paul | C.J.M.A.H.S.S., Varandarappilly. |
| 84. | Second | Harikrishan M.S. | St. Sebastian's H.S., Chittattukara. |
| 85. | Third | Guilta Benny | St. Antony's H.S.S., Puthenpeedika. |

### Pupils who secured 60% of marks and above

| | | |
|---|---|---|
| 86. | Adithya K.S. | St. Thomas H.S.S., Engandiyur. |
| 87. | Kajal M.S. | St. Antony's H.S.S., Pudukad. |
| 88. | Aswin Krishna M.S. | St. Thomas C.H.S.S., Thrissur. |
| 89. | Adithya T.B. | St. Thomas H.S.S., Vallachira. |
| 90. | Nivedh M.B. | St. Xavier's H.S., Chevoor. |
| 91. | Vishnu Sivasanker | St. Sebastian's H.S., Mannamangalam. |
| 92. | Nandhana P. Nair | Matha H.S., Mannampetta. |
| 93. | Aiswarya M. | St. Thomas H.S.S., Mayannur. |

Standard IX

| | | | |
|---|---|---|---|
| 94. | First | Anusree I.T. | C.J.M.A.H.S.S., Varandarappilly. |
| 95. | Second | Silpa T.S. | St. Antony's H.S.S., Ammadam. |
| 96. | Third | Melga Joy | St. Sebastian's H.S., Mannamangalam. |

**Pupils who secured 60% of marks and above**

| | | |
|---|---|---|
| 97. | Tinu Thomas | St. Thomas H.S.S., Mayannur. |
| 98. | Merin Benny | St. Antony's H.S.S., Pudukad. |
| 99. | Harikrishnan P.M. | St. Thomas C.H.S.S., Thrissur. |
| 101. | Aswin K. Suresh | St. Xavier's H.S., Chevoor. |
| 102. | Navya K.L. | St. Sebastian's H.S., Chittattukara. |
| 103. | Paul B. John | St. Joseph's H.S., Enamakkal. |
| 104. | Adarsh Ramesh | Matha H.S., Mannampetta. |

**ഫാ. ആന്റണി ചെമ്പകശ്ശേരി**
കോർപ്പറേറ്റ് മാനേജർ

# മഹാജൂബിലി ട്രെയ്നിംഗ് കോളേജ്

## യാത്രയയപ്പ് ചടങ്ങ് നടന്നു:

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ 2015-2017 അദ്ധ്യയന വർഷ വിദ്യാർത്ഥികൾക്കായുള്ള യാത്രയയപ്പ് ചടങ്ങ് 27.06.2017 ന് കോളേജ് ഓഡിറ്റോറിയൽ വച്ച് നടന്നു. ജൂനിയർ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന ഈ ചടങ്ങ് കോളേജ് പ്രിൻസിപ്പാൾ റവ.ഡോ. ചാക്കോ ചിറമ്മേലും കോളേജ് അസി. മാനേജർ ബാബു അപ്പാടനും ചേർന്ന് ദീപം തെളിയിച്ച് സമാരംഭം കുറിച്ചു. വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ നടന്ന വിവിധ കലാ പരിപാടികൽ ചടങ്ങിന് മോടികൂട്ടി.

## കമ്മീഷൻ സമാപിച്ചു

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ 2015-2017 അദ്ധ്യയന വർഷ വിദ്യാർത്ഥികളുടെ കമ്മീഷൻ 30.06.2017ന് കോളേജിൽ വെച്ച് നടന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള അദ്ധ്യാപകരുടെ നേതൃത്വത്തിലായിരുന്നു കമ്മീഷൻ.

## മോഡൽ പരീക്ഷ നടന്നു

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിലെ 2016-2018 അദ്ധ്യയന വർഷ വിദ്യാർത്ഥികളുടെ 2-ാം സെമസ്റ്റർ മോഡൽ പരീക്ഷകൾ 04.07.2017 മുതൽ 10.07.2017 വരെ നടന്നു.

## കമ്മ്യൂണിറ്റി ലിവിങ്ങ് ക്യാമ്പ്

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ 2016-2018 അദ്ധ്യയന വർഷ വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയുടെ ഭാഗമായിരുന്ന കമ്മ്യൂണിറ്റി ലിവിങ്ങ് ക്യാമ്പ് 11.07.2017 മുതൽ 14.07.2017 വരെ നടന്നു. 4 ദിവസം നീണ്ടുനിന്ന ക്യാമ്പിൽ വിവിധ സെമിനാറുകളും മത്സരങ്ങളും നടന്നു.

## പുതിയ അദ്ധ്യയന വർഷം ആരംഭിച്ചു.

മുള്ളൂർക്കര മഹാജൂബിലി ട്രെയ്നിംഗ് കോളേജിൽ 2017-2018 അദ്ധ്യയന വർഷക്ലാസ്സുകൾ ജൂലൈ മാസത്തിൽ സമാരംഭം കുറിച്ചു.

കോളേജ് പ്രിൻസിപ്പാൾ
**റവ. ഡോ. ചാക്കോ ചിറമ്മേൽ**

അസി. മാനേജർ
**ഫാ. ബാബു അപ്പാടൻ**

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

## 1. സെന്റ് തോമസ് കോളേജിൽ ബിരുദദാന ചടങ്ങ്

2015-16 വർഷം ബിരുദാനന്തര ബിരുദവും 2014-2017 വർഷം ബിരുദവും പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ബിരുദദാന ചടങ്ങ് മോൺ.ജോൺ പാലോക്കാരൻ സ്ക്വയറിൽവെച്ചു നടന്നു. കാലിക്കറ്റ് യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. കെ. മുഹമ്മദ് ബഷീർ ബിരുദദാനം നിർവ്വഹിച്ചു. കോളേജ് പാട്രേൻ - മാർ ആൻഡ്രൂസ് താഴത്ത്, മാനേജർ, മാർ റാഫേൽ തട്ടിൽ എന്നിവർ വിദ്യാർത്ഥികളെയും രക്ഷിതാക്കളേയും അഭിസംബോധന ചെയ്തു. യൂണിഴേസിറ്റി രജിസ്ട്രർ-ഡോ. അബ്ദുൾമജീദ്, പരീക്ഷ കൺട്രോളർ - ഡോ. വി. വി. ജോർജ്ജുകുട്ടി, ഗവേണിംഗ് കൗൺസിൽ മെമ്പർ - ഡോ. ജയശ്രീ കുറുപ്പ് എന്നിവർ ആശംസകൾ നേർന്നു. 520 ഓഫ് വിദ്യാർത്ഥികൾ പങ്കെടുത്ത ചടങ്ങിന് പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസൺ സ്വാഗതവും കോളേജ് പരീക്ഷ കൺട്രോളർ ഡോ. ജോയി നന്ദിയും പറഞ്ഞു.

## ബോട്ടണി ഡിപ്പാർട്ടുമെന്റിന്റെ സെമിനാറുകൾ

ബോട്ടണി ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ Recent Advances in Environmental Stability എന്ന വിഷയത്തെ അധികരിച്ചും Specious the Passion III എന്ന വിഷയത്തെ സെമിനാറുകൾ നടന്നു. ഡോ. ശിവകുമാർ പാട്ടത്തിൽ, ഡോ. ജോമി ആഗസ്റ്റിൻ എന്നിവർ മുഖ പ്രഭാഷണങ്ങൾ നടത്തി. കോളേജ് പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസന്റെ അധ്യക്ഷതയിൽ നടന്ന സെമിനാറുകൾക്ക് ഡോ. സി.ഡി. വർഗ്ഗീസ്, ഡോ. പി.വി. ആന്റോ പ്രഫ. ഗീതു എലിസബത്ത് എന്നിവർ നേതൃത്വം നൽകി.

## ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായുള്ള കണക്റ്റിംഗ് യൂത്ത്:

ഡിജിറ്റൽ ഇന്ത്യയുടെ ഭാഗമായുള്ള ബി.എസ്.എൻ.എൽ. കണക്റ്റിംഗ് യൂത്ത് എന്ന പരിപാടിയിൽ കോളേജ് പങ്കാളിയായി. ഇതിന്റെ ഭാഗമായി കോളേജിലെ വിദ്യാർത്ഥികൾക്ക് സൗജന്യ ബി.എസ്.എൻ.എൽ. സിം വിതരണം ബി.എസ്.എൻ.എൽ. അസി. ജനറൽ മാനേജർ ബെൻസി, കോളേജ് പ്രിൻസിപ്പാൾ ഡോ. പി.ഒ. ജെൻസനു കൈമാറി ഉദ്ഘാടനം ചെയ്തു.

## ലഹരി വിരുദ്ധ സെമിനാർ നടത്തി.

കോളേജ് പി.ടി.എയുടെ അഭിമുഖ്യത്തിൽ എക്സൈസ് ഡിപ്പാർട്ട്മെന്റിന്റെ സഹകരണത്തോടെ ആന്റി നർക്കോട്ടിക് സെമിനാർ നടത്തി. എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ കെ.എ. നെൽസൺ ഉൽഘാടനം ചെയ്ത യോഗത്തിൽ പ്രിൻസിപ്പൽ ഡോ. പി.ഒ. ജെൻസൺ അദ്ധ്യക്ഷത വഹിച്ചു.

**യൂണിവേഴ്സിറ്റി ഓഫ് ടൊറന്റോയിൽ പ്രബന്ധമവതരിപ്പിച്ചു.**

മലയാള വിഭാഗത്തിലെ അസി. പ്രഫസർ, റവ.സി. ഷാരോൺ സി.എം. സി. കാനഡ ഇന്റർ നാഷണൽ കോൺഫറൻസ് ഓൺ എഡ്യൂക്കേഷൻ (CICE 2017) പ്രബന്ധാവതരണം നടത്തി. ടൊറന്റോ യൂണിവേഴ്സ്റ്റിയിൽ വെച്ചുനടന്ന പരിപാടിയിൽ 48 രാജ്യങ്ങളിൽ നിന്നുള്ള വ്യക്തികൾ പങ്കെടുത്തിരുന്നു. Importance of Mother Tongue in Education എന്നതായിരുന്നു സിസ്റ്ററിന്റെ പ്രബന്ധം

**റവ. ഡോ. മാർട്ടിൻ കൊളമ്പ്രത്ത്**
ബർസാർ

**ഡോ. ഡെയ്സൺ പാണേങ്ങാടൻ**
പി.ആർ.ഒ.

## ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസെർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ബിഷപ്പ് ആലപ്പാട്ട് റോഡ്, ജൂബിലി മിഷൻ പി. ഒ., തൃശ്ശൂർ ഈസ്റ്റ് - 680005

**സർവ്വകലാശാല ഗവേഷണം**

കോയമ്പത്തൂർ കാരുണ്യ സർവ്വകലാശാല വൈസ്ചാൻസിലർ ഡോ. സുന്ദർ മനോഹരൻ ജൂൺ 3-ന് ജൂബിലി സന്ദർശിച്ച് ഗവേഷണ സഹകരണത്തിനുള്ള മാർക്ഷങ്ങൾ ചർച്ച ചെയ്തു. IIT – യിൽ നിന്നുള്ള ശാസ്ത്രജ്ഞരും അദ്ദേഹത്തോടൊപ്പം ഉണ്ടായിരുന്നു. ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്, ഡോ. ബെന്നി ജോസഫ്, ഫാ. ടിജോ മുള്ളക്കര, ഡോ. സുശീല ജേക്കബ്ബ് ഇന്ന, ഡോ. പി. ആർ. വർഗ്ഗീസ്, ഡോ. പ്രശാന്ത് വർക്കി, ഡോ. പ്രദ്യോത് എം. കെ. എന്നിവർ ഉൾപ്പെടെ ധാരാളം ജൂബിലി അംഗങ്ങളും ചർച്ചയിൽ പങ്കെടുത്തു.

**ജേർണൽ ക്ലബ്ബ്**

ജൂബിലി ജേർണൽ ക്ലബ്ബിന്റെ പതിനാറാമത് യോഗം ന്യൂ സി.സി.എം. ഹാളിൽ നടന്നു. നിയോനേറ്റോളജി വിഭാഗം മേധാവി ഡോ. വി. സി. മനോജ് പ്രബന്ധം അവതരിപ്പിച്ചു. സിസേറിയൻ പ്രസവത്തിൽ ജനിക്കുന്ന കുട്ടികളെക്കാൾ പ്രതിരോധശേഷി സാധാരണ പ്രസവത്തിൽ ജനിക്കുന്ന കുട്ടികൾക്കുണ്ടെന്ന നിഗമനം അദ്ദേഹം വിശദീകരിച്ചു. (Partial restoration of the microbiota of cesarean – born infants via vaginal microbial transfer). നേച്ചർ മെഡിസിൻ എന്ന പ്രസിദ്ധീകരണത്തിലുള്ള ന്യൂയോർക്ക് യൂണിവേഴ്സിറ്റിയിൽ നിന്നുള്ള ലേഖനമാണ് അദ്ദേഹം അവതരിപ്പിച്ചത്.

തുടർന്ന് നടന്ന ചർച്ചയിൽ ഡോ. സുശീല ജേക്കബ്ബ് ഇന്ന, ഡോ. മാത്യു ജോൺ എന്നിവർ പങ്കെടുത്തു.

**മെഡിക്കൽ എഞ്ചിനീയറിങ്ങ് സഹകരണം**

മെഡിക്കൽ കോളേജ് - എഞ്ചിനീയറിങ്ങ് കോളേജ് സഹകരണത്തിന്റെ രണ്ടാംഘട്ടം, എൻജിനീയറിങ്ങ് കോളേജിൽ ജൂൺ 6-ന് നടന്നു. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് വൈസ് പ്രിൻസിപ്പൽ ഡോ. സുശീല ജേക്കബ്ബ് ഇന്ന മുഖ്യപ്രഭാഷണം നടത്തി. ഡോ. എസ് രഞ്ജിത്ത്, ഡോ. പി. ആർ വർഗ്ഗീസ് എന്നിവർ ജൂബിലിയിൽ നിന്നും പങ്കെടുത്തു.

**അഭിനന്ദനങ്ങൾ .. ആശംസകൾ ..**

എമർജൻസി മെഡിസിൻ വിഭാഗം റോഡ് സുരക്ഷാവാരത്തിന്റെ ഭാഗമായി നടത്തിയ മുദ്രാവാക്യം മത്സരത്തിൽ, ഇംഗ്ലീഷ് വിഭാഗത്തിൽ ഒന്നാം സമ്മാനം, റിസർച്ച് കോർഡിനേറ്റർ ഡോ. പി. ആർ. വർഗ്ഗീസിന് ലഭിച്ചു. Apply brain and break; avoid tears'; എന്നതായിരുന്നു മുദ്രാവാക്യം.

മലയാള വിഭാഗത്തിൽ ഒന്നാം സമ്മാനം, യൂറോ ഓപ്പറേഷൻ തിയ്യേറ്റർ ഇൻചാർജ്ജ്-സിസ്റ്റർ ലളിതയ്ക്ക് ലഭിച്ചു. പയ്യെ പോയാൽ പലനാൾ താണ്ടാം - എന്നതായിരുന്നു മുദ്രാവാക്യം.

തൃശ്ശൂർ പൂരം എക്സിബിഷനിൽ ഏറ്റവും മികച്ച മെഡിക്കൽ പവലിയനുള്ള ഒന്നാം സമ്മാനം ജൂബിലി മിഷൻ നേടി.

കേരള ആരോഗ്യസർവ്വകലാശാലയിൽ ഖോ ഖോ സംസ്ഥാനതല മത്സരത്തിൽ മൂന്നാം സ്ഥാനം ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിങ്ങ് ടീം കരസ്ഥമാക്കി.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

1. സെന്റ് ഡൊമിനിക് ചർച്ച്, പഴയന്നൂർ, തൃശ്ശൂർ (46 ഡയാലിസിസ്)
2. സെന്റ് ജോർജ്ജ് ചർച്ച്, സി. എൽ. സി., മുക്കാട്ടുക്കര, തൃശ്ശൂർ (80 ഡയാലിസിസ്)
3. സെന്റ് ആന്റണീസ് ചർച്ച്, ഗുരുവായൂർ പി. ഒ., തൃശ്ശൂർ (20 ഡയാലിസിസ്)
4. ശ്രീ. ജോണി ചിറയത്ത്, പ്രസിഡന്റ്, മരത്താക്കര, തൃശ്ശൂർ (50 ഡയാലിസിസ്)
5. ശ്രീ. നിമിൽ ജോസഫ്, കണ്ണംമ്പുഴ ഹൗസ്, കുന്നത്തങ്ങാടി, തൃശ്ശൂർ (20 ഡയാലിസിസ്)
6. സെന്റ് ആന്റണീസ് ചർച്ച്, പ്രയർ ഗ്രൂപ്പ്, മച്ചാട്, തൃശ്ശൂർ (50 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ

# THRISSUR EDUCATIONAL TRUST & Jyothi Engineering College

- **അന്താരാഷ്ട്രയോഗാദിനം** : ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ എൻ.എസ്.എസ്. യൂണിറ്റിന്റെ നേതൃത്വത്തിൽ ജൂൺ 21 ന്, അന്താരാഷ്ട്രയോഗാദിനം സംഘടിപ്പിച്ചു. അസിസ്റ്റന്റ് മാനേജർ ഫാ. ജോജു ചിരിയൻങ്കണ്ടത്തിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം, യോഗ ട്രെയ്നർ ശ്രീ. സുനിൽ കുമാർ ഉദ്ഘാടനം ചെയ്തു. ആധുനീക ജീവിതരീതിയിൽ യോഗയ്ക്കുള്ള പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം സദസ്സിനെ ഉദ്ബോധിപ്പിച്ചു. കോളേജ് പ്രിൻസിപ്പൽ ഡോ. കെ കെ ബാബു, എൻ.എസ്.എസ്. പ്രോഗ്രാം ഓഫീസർ കെ.എസ്. ശിവകുമാർ എന്നിവർ പങ്കെടുത്ത് സംസാരിച്ചു.

- **"IoT and Light Weight Embedded Systems" – ഏകദിന സെമിനാർ:** ജൂലായ് 1ന്, ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിംഗ് വിഭാഗം, ഐ.എസ്.ടി.ഇ., ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ സ്റ്റുഡൻസ് അസോസിയേഷൻ എന്നിവയുടെ നേതൃത്വത്തിൽ **IoT and Light Weight Embedded Systems** എന്ന വിഷയത്തിൽ ഏകദിന സെമിനാർ നടത്തി. ശ്രീ. ടോം വർഗ്ഗീസ് കോനിക്കര (R&D Engineer, Mercedes Benz, India.) സെമിനാറിന് നേതൃത്വം നല്കി.

- **ഇഷ്യൂസ് ഇൻ സൈബർ സെക്യൂരിറ്റി – ഏകദിന സെമിനാർ :** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സൊസൈറ്റി ഓഫ് ഇന്ത്യ, കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് സ്റ്റുഡന്റ്സ് അസോസിയേഷൻ എന്നിവയുടെ നേതൃത്വത്തിൽ ഇഷ്യൂസ് ഇൻ സൈബർ സെക്യൂരിറ്റി എന്ന വിഷയത്തിൽ ഏകദിന സെമിനാർ സംഘടിപ്പിച്ചു. ജൂലായ് 6ന് സംഘടിപ്പിച്ച പ്രസ്തുത സെമിനാറിന് ശ്രീ. എം.വി. സംഘമേശ്വരൻ (പ്രിൻസിപ്പാൾ സെക്യൂരിറ്റി ആർട്ടിടെക്റ്റ്, Symentec, കാനഡ) നേതൃത്വം നല്കി.

**മോൺ. തോമസ് കാക്കശ്ശേരി**
മാനേജർ

അസി. മാനേജേഴ്സ്
**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയൻങ്കണ്ടത്ത്**
**ഫാ. ജിന്റോ പെരേപ്പാടൻ**

തൃശ്ശൂർ അതിരൂപത

# ബൈബിൾ അപ്പസ്തൊലേറ്റ്

Ph: 0487-2320780; E-mail: trichurbibleapostolate@gmail.com

## വെരിത്താസ് ക്വിസ് രജിസ്ട്രേഷൻ

അതിരൂപത ബൈബിൾ അപ്പസ്തൊലേറ്റ് ആദ്യമായി അണിയിച്ചൊരുക്കിയ വെരിത്താസ് ക്വിസിന് ആവേശകരമായ സ്വീകരണമാണ് ദൈവജനം നല്കിയത്. അമ്പതിനായിരത്തോളം പേരെ പങ്കെടുപ്പിച്ചുകൊണ്ട് ഇടവകതലങ്ങളിൽ ഈ വചനമഹോത്സവം വൻ വിജയമാക്കാൻ അക്ഷീണം പ്രയത്നിച്ച വികാരിയച്ചന്മാരേയും, ബൈബിൾ ആനിമേറ്റേഴ്സിനെയും മതബോധന അദ്ധ്യാപകരെയും, ഗുണകാംക്ഷികളേയും നന്ദിയോടെ ഓർക്കുന്നു.

വെരിത്താസ് ക്വിസ് 2017ന്റെ ഉത്തരങ്ങൾക്കും റിസൾട്ടിനും 2017 ആഗസ്റ്റ് 15നുശേഷം വെബ്സൈറ്റ് സന്ദർശിക്കുക: www.veritasquiz.com, www.thrissurbibleapostolate.org കൂടുതൽ വിവരങ്ങൾക്ക് ബൈബിൾ അപ്പസ്തൊലേറ്റുമായി ബന്ധപ്പെടുക: 0487-2320780, 9745346088, 7558937090

## ഇതര വെരിത്താസ് ക്വിസ് മത്സരങ്ങൾ

അതിരൂപതതലത്തിൽ വിവിധ വിഭാഗങ്ങൾക്കുവേണ്ടി നടത്തപ്പെട്ട ഇതര വെരിത്താസ് ക്വിസ് മത്സരങ്ങൾ ജൂൺ 11ന് സമർപ്പിത വെരിത്താസ് ക്വിസിനോടുകൂടെ ആരംഭം കുറിച്ചു. ഏകദേശം 150ഓളം സമർപ്പിതർ പങ്കെടുത്തു. അതിരൂപതയിലെ കുടുംബങ്ങൾ ഒരുമിച്ചെഴുതിയ ഫാമിലി വെരിത്താസ് ക്വിസിൽ 300ഓളം കുടുംബങ്ങൾ പങ്കെടുത്തു. യുവജനങ്ങൾക്കുവേണ്ടിയുള്ള യൂത്ത് വെരിത്താസ് ക്വിസിൽ 250ഉം, മതബോധന വിദ്യാർത്ഥികൾക്കായുള്ള കാറ്റിക്കിസം വെരിത്താസ് ക്വിസിൽ 400 പേരും പങ്കെടുത്തു. മതാധ്യാപകർക്കുവേണ്ടിയുള്ള ടീച്ചേഴ്സ് വെരിത്താസ് ക്വിസിന് 350ഓളം അദ്ധ്യാപകരാണ് എത്തിച്ചേർന്നത്. അതിരൂപതയിലെ വചനസ്നേഹികൾക്കായി നടത്തിയ വചനമെഴുത്ത് മത്സരത്തിൽ 750ൽ അധികം പേർ പങ്കെടുത്തു. **ഇതര വെരിത്താസ് ക്വിസിന്റെ ഫലപ്രഖ്യാപനം 2017 സെപ്റ്റംബർ 08ന് ആയിരിക്കും.**

## CD ലൈബ്രറി

ബൈബിൾ രംഗങ്ങളും വിശുദ്ധരുടെ ജീവചരിത്രങ്ങളും അവതരിപ്പിക്കുന്ന വിഡിയോകളുടെയും, സിനിമകളുടെയും ഒരു കൊച്ചുശേഖരം നവീകരിച്ചൊരുക്കിയിരിക്കുന്നു. മതബോധന വിദ്യാർത്ഥികൾക്കും, സംഘടനകൾക്കും, വിവിധ ഗ്രൂപ്പുകൾക്കും ഇടവക-സ്ക്കൂൾ തലങ്ങളിൽ ഫലപ്രദമായി ഉപയോഗിക്കാവുന്ന ഈ CD കൾ മിതമായ നിരക്കിൽ ബൈബിൾ

അപ്പസ്തൊലേറ്റ് വാടകയ്ക്ക് നൽകുന്നു. താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ..

**ബൈബിൾ കോഴ്സ്**

ബൈബിൾ ഡിപ്ലോമ കോഴ്സിനും പോസ്റ്റൽ സ്റ്റഡിയ്ക്കും പങ്കെടുക്കാൻ താത്പര്യമുള്ളവർ ബൈബിൾ അപ്പസ്തൊലേറ്റ് ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.....

**തീർത്ഥാടനങ്ങൾ**

റോം - യൂറോപ്പ് തീർത്ഥാടനം ഒക്ടോബർ 1നും, വിശുദ്ധനാട് തീർത്ഥാടനങ്ങൾ ഈ വർഷം 2017 ഒക്ടോബർ 3, നവംബർ 7, ഡിസംബർ 26 എന്നീ തിയ്യതികളിലും, അടുത്ത വേനലവധിക്കാലത്ത് 2018 ഏപ്രിൽ, മെയ് മാസങ്ങളിലും പുറപ്പെടുന്നു. പങ്കെടുക്കാൻ താത്പര്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുമല്ലോ..

ഫോൺ: 0487-2320780, 7558937090, 8921266465

**ഫാ. ലിജോ ചിറിയങ്കണ്ടത്ത്**
**അസി. ഡയറക്ടർ**

**ഫാ. ഫ്രാൻസീസ് കൂത്തൂർ**
**ഡയറക്ടർ**

# സാന്ത്വനം

(സെക്രട്ടറിയേറ്റ് ഓഫ് സോഷ്യൽ അപ്പൊസ്റ്റൊലേറ്റ് ഓഫ് ദി ആർച്ച്ഡയോസിസ് ഓഫ് ട്രിച്ചൂർ)

പേപ്പൽ ടവ്വർ, ശക്തൻ തമ്പുരാൻ നഗർ, തൃശൂർ – 680 001, ഫോൺ 0487 2445580, 2424981

E-mail: santhwanamtcr@gmail.com, website: www.santhwanamtcr.org


**'ലാവൻഡർ ആർമി'**

**കാൻസർ പോരാട്ടത്തിന് വിദ്യാർത്ഥികളുടെ കർമ്മസേന**

കാൻസർ രോഗത്തെ പ്രതിരോധിക്കുവാൻ തൃശൂരിലെ വിദ്യാർത്ഥികൾക്കായി രൂപീകരിക്കപ്പെട്ട ആശാകിരണം 'ലാവൻഡർ ആർമി' യുടെ ഉദ്ഘാടനം തൃശൂർ D.B.C.L.C യിൽവെച്ച് ജൂൺ 14ന് മുൻ തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ജേക്കബ് തൂങ്കുഴി നിർവ്വഹിച്ചു. വിദ്യാർത്ഥികളിൽ കൂടി ഇന്നത്തെ ജീവിതശൈലിക്ക് മാറ്റം വരുത്താനാവുമെന്നും അതിൽക്കൂടി വർദ്ധിച്ചുവരുന്ന കാൻസർ രോഗത്തിനെ തടയിടാനാവുമെന്നും അദ്ദേഹം ഉദ്ബോധിപ്പിച്ചു. സെന്റ് ക്ലെയേഴ്സ് സ്കൂളിലെ വിദ്യാർത്ഥികളുടെ രംഗപൂജയോടെ ആരംഭിച്ച യോഗത്തിൽ സെന്റ് മേരീസ് കോളേജ്, സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിലെ വിദ്യാർത്ഥികൾ തെരുവുനാടകം അവതരിപ്പിച്ചു. വിവിധ സ്കൂളുകളിൽ നിന്നായി ആയിരത്തിലേറെ വിദ്യാർത്ഥികൾ പങ്കെടുത്ത യോഗത്തിൽ അതിരൂപത വികാരി ജനറാൾ, മോൺ. തോമസ് കാക്കശ്ശേരി സ്വാഗതം ആശംസിക്കുകയും സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ആമുഖ പ്രഭാഷണം നടത്തുകയും ചെയ്തു. ഓരോരുത്തരുടെയും കുടുംബങ്ങളിൽക്കൂടിയാണ് കാൻസർ പ്രതിരോധയജ്ഞം ആരംഭിക്കേണ്ടതെന്നും അതിനുള്ള ചാലകശക്തിയാവേണ്ടത് വിദ്യാർത്ഥികളാണെും അദ്ധ്യക്ഷപ്രസംഗത്തിൽ സി. റോസ് അനിത പ്രൊവിൻഷ്യൽ FCC ഓർമ്മപ്പെടുത്തി.

വിദ്യാർത്ഥികളിൽക്കൂടി കാൻസർ പ്രതിരോധത്തിന് തുടക്കമിടുന്നത് ഒരു നൂതന സംരംഭമാണെന്നും ആയത് ഭാവി തലമുറക്ക് തന്നെ അനുകരണീയമാണെന്നും മുഖ്യപ്രഭാഷണം നടത്തിക്കൊണ്ട് അജിത്ത് കുമാർ I.P.S അഭിപ്രായപ്പെട്ടു. പങ്കുവെയ്ക്കലിന്റെ മഹത്തായ അനുഭവത്തിലൂടെ വിദ്യാർത്ഥികൾ കടുപോകണമെന്ന് ലാവൻഡർ ആർമി യുടെ ലോഗോ പ്രകാശനം ചെയ്തു കൊണ്ട് കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ശ്രീമതി. സിബി പൗലോസ് അഭിപ്രായപ്പെട്ടു. നമ്മുടെ കൊച്ചുജീവിതം കൊണ്ട് മറ്റുള്ളവർക്ക് എന്ത് നന്മ ചെയ്യാം എന്നതാവണം നമ്മുടെ മനോഭാവം എന്ന് കാരിത്താസ് ഇന്ത്യ അസോ. ഡയറക്ടർ റവ. ഫാ. പോൾ മുഞ്ഞേലി അനുഗ്രഹ പ്രഭാഷണം നട

ത്തിക്കൊണ്ട് ഉദ്ബോധിപ്പിച്ചു. സാന്ത്വനം കോ-ഓർഡിനേറ്റർ ശ്രീമതി. ബിനിത രതീഷ് ലാവൻഡർ ആർമിയിലെ സ്ഥാന ചിഹ്നങ്ങൾ പരിചയപ്പെടുത്തുകയും അവ വിദ്യാർത്ഥി പ്രതിനിധികളെ അണിയിച്ചുകൊണ്ട് കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ശ്രീ. അബീഷ് ആന്റണി ആശംസനേരുകയും ചെയ്തു. കാൻസറിനെതിരായുള്ള പ്രതിജ്ഞ, റവ. സി. അനീജ തെരേസാ, ഹെഡ്മിസ്ട്രസ് സെന്റ് ക്ലെയേഴ്സ് ചൊല്ലിക്കൊടുക്കുകയും ലാവൻഡർ ആർമി അംഗങ്ങൾ അത് ഏറ്റുചൊല്ലുകയും ചെയ്തു.

**ലാവൻഡർ ആർമി-സ്കൂളുകളിൽ**

കാരിത്താസ് ഇന്ത്യയുമായി സഹകരിച്ച് കൊണ്ട് സാന്ത്വനം നടപ്പിലാക്കുന്ന ആശാകിരണം പദ്ധതിയുടെ ഭാഗമായ ലാവൻഡർ ആർമിയുടെ പ്രവർത്തനം നെല്ലിക്കുന്ന്, അരിമ്പൂർ, അമലനഗർ, ബ്രഹ്മകുളം, മമ്മിയൂർ ലിറ്റിൽ ഫ്ളവർ, ഗുരുവായൂർ നസ്രത്ത് എന്നീ സ്കൂളുകളിൽ ആരംഭിച്ചു. സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി ക്ലാസ്സ് നയിക്കുകയും കുടുബകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിത്ത് വിതരണം ചെയ്യുകയും ചെയ്തു.

**ധനസഹായം നല്കി.**

ശക്തമായ കാറ്റിലും മഴയിലും പെട്ട് നാശനഷ്ടങ്ങൾ സംഭവിച്ച തൃശൂർ ജില്ലയിലെ ആർത്താറ്റ് തുടങ്ങിയ സ്ഥലങ്ങൾ സാന്ത്വനം ഡയറക്ടർ, അസി. ഡയറക്ടർ, കോ-ഓർഡിനേറ്റർമാർ, സ്റ്റാഫംഗങ്ങൾ എന്നിവർ സന്ദർശിക്കുകയും പ്രശ്നത്തിന്റെ ഗൗരവം മനസ്സിലാക്കി നാശനഷ്ടം സംഭവിച്ച ഭവനങ്ങൾക്ക് 15000 രൂപ വീതം സഹായം നല്കുകയും ചെയ്തു. അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ. ആൻഡ്രൂസ് താഴത്ത് സഹായങ്ങൾ വിതരണം ചെയ്തു.

**ഗോഡ്സ് ഓൺ ഫാമിലി**

ഗോഡ്സ് ഓൺ ഫാമിലി പദ്ധതിയിയിൽ അംഗങ്ങളായ ഗുണഭോക്താക്കൾക്ക് ജാതിമതഭേദമെന്യേ വിവിധ ആവശ്യങ്ങൾക്കായി സഹായങ്ങൾ വിതരണം ചെയ്തു. ഗോഡ്സ് ഓൺ ഫാമിലി മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.

വലക്കാവ്: Rs. 5000, വെങ്ങിണിശ്ശേരി: Rs. 5000, പെരിഞ്ചേരി: Rs. 5000, പുറനാട്ടുകര: Rs. 25000, വില്ലടം: Rs. 15000, പൊങ്ങണംകാട്: Rs. 10000, അന്തിക്കാട്: Rs. 30000, അരിമ്പൂർ: Rs. 14000, കാഞ്ഞാണി: Rs. 15000, കല്ലൂർ: Rs. 5000, മരത്താക്കര: Rs. 15000,

ചിറ്റിശ്ശേരി: Rs. 10000, ലൂർദ്ദ്: Rs. 4416, ചേലക്കര: Rs. 23922, നട ത്തറ: Rs. 5000.

**വായ്പ വിതരണം ചെയ്തു.**

സാന്ത്വനം സ്വിഫ്റ്റ് മൈക്രോക്രെഡിറ്റിന്റെ നേതൃത്വത്തിൽ ചേല ക്കര, മാന്ദാമംഗലം, വലക്കാവ്, വെട്ടുകാട്. വരടിയം മേഖലകളിൽ പ്രവർത്തിക്കുന്ന 9 സ്വയം സഹായസംഘങ്ങൾക്ക് സ്വയം തൊഴിൽ സംരം ഭങ്ങൾ ആരംഭിക്കുന്നതിനായി വായ്പ വിതരണം ചെയ്തു. തൃശൂർ ഫാമിലി അപ്പസ്തോലേറ്റ് ഹാളിൽ നടന്ന ചടങ്ങിൽ സാന്ത്വനം ഡയറ ക്ടർ ഫാ.തോമസ് പൂപ്പാടി അദ്ധ്യക്ഷത വഹിച്ചു. കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ശ്രീ. അബീഷ് ആന്റണി, സാന്ത്വനം അസി സ്റ്റന്റ് ഡയറക്ടർ ഫാ.പോൾ മാളിയമ്മാവ്, സ്വിഫ്റ്റ് കുറീസ് മാനേജർ ശ്രീ. തോമസ് പെരിഞ്ചേരി, കോ-ഓർഡിനേറ്റർ ശ്രീ. സി. പി. ജോർജ്ജ് തുടങ്ങിയവർ പ്രസംഗിച്ചു.

**വാർഷികം ആഘോഷിച്ചു.**

ആറംപിള്ളി യൂണിറ്റിൽ സാന്ത്വനത്തിന്റെ നേതൃത്വത്തിൽ പ്രവർത്തി ച്ചുവരുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം സാന്ത്വനം അസി. ഡയറക്ടർ ഫാ. പോൾ മാളിയമ്മാവ് ഉദ്ഘാടനം ചെയ്തു. ബെയ്സിക് ഏക്ഷൻ ടീം (BAT) പ്രസിഡണ്ട് ശ്രീമതി. ഡെയ്സി ആന്റ ണി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കോ-ഓർഡിനേറ്റർ സി.പി. ജോർജ്ജ് ആശംസകൾ നേർന്നു. വാർഷികാഘോഷത്തോടനുബന്ധിച്ച് കലാപരിപാടികൾ, വിവിധ പരീക്ഷകളിൽ ഉന്നത വിജയം നേടിയ കുട്ടി കളെ ആദരിക്കൽ, സ്നേഹവിരുന്ന് തുടങ്ങിയ പരിപാടികളും സംഘടി പ്പിച്ചിരുന്നു.

**പരിസ്ഥിതി ദിനാഘോഷവും ജനറൽബോഡിയോഗവും സംഘടിപ്പിച്ചു.**

സ്നേഹനിധിയുടെ ആഭിമുഖ്യത്തിൽ ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് ലോകപരിസ്ഥിതിദിനാഘോഷം സംഘടിപ്പിച്ചു. സാന്ത്വനം ഡയറ ക്ടർ ഫാ.തോമസ് പൂപ്പാടി അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കാരി ത്താസ് ഇന്ത്യ സ്റ്റേറ്റ് പ്രോഗ്രാം ഓഫീസർ ശ്രീ. അബീഷ് ആന്റണി ആശംസ നേർന്നു കൊണ്ട് സംസാരിക്കുകയും എല്ലാ അംഗങ്ങൾക്കും " ജൈവപച്ചക്കറി വിത്തുകൾ " വിതരണം ചെയ്യുകയും ചെയ്തു. ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നുള്ള ശ്രീമതി. സംഗീത ജോജി(ഡയറ്റീഷ്യൻ) "ഭക്ഷണക്രമവും ജീവിതശൈലീരോഗങ്ങളും" എന്നതിനെക്കുറിച്ച് ക്ലാസ്സ് നയിക്കുകയുണ്ടായി.

**തുണിസഞ്ചികൾ വിതരണം ചെയ്തു.**

പരിസ്ഥിതി ദിനാഘോഷത്തിന്റെ ഭാഗമായി ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് നടത്തിയ പരിപാടിയിൽ സാന്ത്വനം ഡയറക്ടർ ഫാ. തോമസ് പൂപ്പാടി തുണിസഞ്ചികൾ വിതരണം ചെയ്തു. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുവാനും പ്രകൃതിയോട് ഇണങ്ങി ജീവിക്കാൻ സഹായിക്കുന്ന തുണിസഞ്ചികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുവാനും ഡയറക്ടർ എല്ലാവരോടും ആഹ്വാനം ചെയ്തു.

**വിനോദയാത്ര സംഘടിപ്പിച്ചു.**

സ്നേഹനിധി എക്സിക്യൂട്ടീവ് അംഗങ്ങൾക്കായി അതിരപ്പിള്ളി, വാഴച്ചാൽ എന്നീ സ്ഥലങ്ങളിലേക്ക് ഒരു ഏകദിന വിനോദയാത്ര സംഘടിപ്പിച്ചു.

**സ്നേഹനിധി - സഹായങ്ങൾ വിതരണം ചെയ്തു.**

സ്നേഹനിധി അംഗങ്ങൾക്ക് വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും ജൂൺ മാസം വരെ 2,80,000/-രൂപ വിവാഹ സഹായവും 115,000/-രൂപ ചികിത്സാസഹായവും 50,000/-രൂപ മരണാനന്തരസഹായവും നൽകി.

**ഫണ്ട് വിതരണം ചെയ്തു.**

ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാമിലെ 6 വർഷം പൂർത്തിയാക്കിയ 6 കുടുംബങ്ങളുടെ ബാങ്ക് എക്കൗണ്ട് അവസാനിപ്പിക്കുകയും ഫണ്ട് വിതരണം ചെയ്യുകയും ചെയ്തു. FDP മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും:- ചേറൂർ: Rs. 20,500, നെല്ലിക്കുന്ന്: Rs. 31,000, മനക്കൊടിഠ Rs. 21,488, വില്ലടം: Rs. 24,000, മുളയം: Rs. 20,000, ഇരവിമംഗലം: Rs. 10,000, ചെവ്വൂർ: Rs. 6,116, വരടിയം: Rs.10,941, കൊട്ടേക്കാട്: Rs. 9,485, പുല്ലംകണ്ടം: Rs.15,740, നെല്ലങ്കര: Rs. 9,436.

**മീറ്റിംഗ് നടത്തി.**

ഫാമിലി ഡെവലപ്പമെന്റ് പ്രോഗ്രാമിന്റെ ഭാഗമായി അരിമ്പൂർ, പാലയൂർ ഇടവകകളിൽ ഫാമിലി ഏക്ഷൻ ടീം മീറ്റിംഗ് നടത്തി. ഇടവക വികാരി, കോൺവെന്റ് സുപ്പീരിയർ, സാമൂഹ്യക്ഷേമസമിതി അംഗം, അംഗൻവാടി അദ്ധ്യാപകർ, കുടുംബയൂണിറ്റ് ഭാരവാഹികൾ, സ്നേഹനിധി അംഗങ്ങൾ, സാന്ത്വനം ഡയറക്ടർ, അസി. ഡയറക്ടർ, കോ-ഓർഡിനേറ്റർ, ആനിമേറ്റർ എന്നിവർ പങ്കെടുത്ത യോഗത്തിൽ പദ്ധതിയിലുള്ള കുടുബങ്ങളെക്കുറിച്ചും അവരുടെ പുരോഗതിയെക്കുറിച്ചും വിശദമായ ചർച്ച നടത്തി.

**സാമൂഹ്യക്ഷേമസമിതി ഫൊറോനതല മീറ്റിംഗ് സംഘടിപ്പിച്ചു.**

പാലയൂർ, പുതുക്കാട്, കൊട്ടേക്കാട്, പറപ്പൂർ ഫൊറോനകളിൽ സാമൂഹ്യക്ഷേമസമിതിയുടെ മീറ്റിംഗ് നടത്തുകയും ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ഫൊറോന വികാരിമാർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സാന്ത്വനം ഡയറക്ടർ, ഫാ.തോമസ് പൂപ്പാടി സാന്ത്വനത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ക്ലാസ്സ് എടുക്കുകയും ഓരോ ഇടവകയിലും സാമൂഹ്യക്ഷേമസമിതി ഊർജ്ജസ്വലമായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഉദ്ബോധിപ്പിക്കുകയും ചെയ്തു. സാമൂഹ്യക്ഷേമസമിതി സജീവമായി പ്രവർത്തിക്കുന്ന ഇടവകകളിൽ നിന്നുള്ള അപേക്ഷകൾ മാത്രമേ സഹായത്തിനായി പരിഗണിക്കുകയുള്ളുവെന്ന് ഡയറക്ടർ ഓർമ്മിപ്പിച്ചു. സേവ് എ ഫാമിലി പ്ലാൻ പദ്ധതിയിലേക്ക് പുതിയ കുടുംബങ്ങളെ തിരഞ്ഞെടുക്കുന്നതിനായി ഇടവക സാമൂഹ്യക്ഷേമസമിതി വഴി അർഹതയുള്ള കുടുബങ്ങളെ കണ്ടെത്തി നല്കണമെന്ന് ഡയറക്ടർ അറിയിച്ചു.

**ഫാ.പോൾ മാളിയമ്മാവ്** — അസി.ഡയറക്ടർ

**ഫാ.തോമസ് പൂപ്പാടി** — ഡയറക്ടർ

# സംഘടനകൾ / പ്രസ്ഥാനങ്ങൾ

## ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ

### ഏകസ്ഥരുടെ കൂട്ടായ്മ

**ആഗസ്റ്റ് 5**

തൃശ്ശൂർ അതിരൂപതയിലെ ഏകസ്ഥരായി കഴിയുന്നവർക്കായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഏകദിന കൂട്ടായ്മ ആഗസ്റ്റ് 5-ാം തിയ്യതി ശനിയാഴ്ച രാവിലെ 9.30 ന് ആരംഭിച്ച് ഒരു മണിക്ക് വി.കുർബ്ബാനയോടെ സമാപിക്കും. ഏകസ്ഥരായി കഴിയുന്നവരെ സഭയുടെയും സമൂഹത്തിന്റെയും നന്മയ്ക്കും പരിവർത്തനത്തിനുമായി ഉപയോഗിക്കണമെന്നത് ദൈവീകപദ്ധതിയും സഭയുടെ പഠനവുമാണ്. ഈ ഉത്തരവാദിത്തങ്ങൾ നിർവഹിക്കുന്നതോടൊപ്പം പരസ്പരം പ്രാർത്ഥിച്ചും പങ്കുവച്ചും വളരുന്നതിനുള്ള അവസരമാണ് ഏകസ്ഥരുടെ കൂട്ടായ്മ. ഈ മഹനീയലക്ഷ്യത്തോടെ സംഘടിപ്പിക്കുന്ന ഏകദിന കൂട്ടായ്മയിലേക്ക് ഏകസ്ഥരായി കഴിയുന്ന എല്ലാ സഹോദരങ്ങളേയും ക്ഷണിക്കുന്നു.

### നവദമ്പതിസംഗമം

**ആഗസ്റ്റ് 20**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ആഭിമുഖ്യത്തിൽ നവദമ്പതികളുടെ അഞ്ചാമത്തെ കൂട്ടായ്മയാണ് ആഗസ്റ്റ് 20-ാം തിയ്യതി ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നത്. 2017 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ, ജൂലായ് മാസങ്ങളിൽ വിവാഹിതരായവരാണ് ഈ കൂട്ടായ്മയിൽ പങ്കെടുക്കേണ്ടത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. സമയം രാവിലെ 9.30 മുതൽ 1.00 മണി വരെയായിരിക്കും. വിശുദ്ധ കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

**ഫാ.ജിയോ തെക്കിനിയത്ത്**
അസോ.ഡയറക്ടർ

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

# മാതൃവേദി

## ജനറൽബോഡി മീറ്റിങ്ങ്

**ആഗസ്റ്റ് 22 (രാവിലെ 10 മുതൽ 4.00 വരെ)**

മാതൃവേദിയുടെ ജനറൽബോഡി മീറ്റിങ്ങ് ആഗസ്റ്റ് 22-ാം തിയ്യതി ചൊവ്വാഴ്ച്ച രാവിലെ 10.00 ന് ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ഇതിൽ പങ്കെടുക്കേണ്ടവർ അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ, യൂണിറ്റ് പ്രസിഡണ്ടുമാർ, ഫൊറോന ഭാരവാഹികൾ എന്നിവരാണ്. ജനറൽബോഡി മീറ്റിങ്ങിൽ പങ്കെടുക്കുവാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

## ജ്യൂസ് മെയ്ക്കിങ്ങ് & കേക്ക് മെയ്ക്കിങ്ങ് പരിശീലനം

**ആഗസ്റ്റ് 22 (രാവിലെ 11 മുതൽ)**

അതിരൂപതയിലെ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 22-ാം തിയ്യതി വിവിധങ്ങളായ ജ്യൂസ് കേക്ക് എന്നിവ ഉണ്ടാക്കാൻ പഠിപ്പിക്കുന്നതായിരിക്കും. താൽപര്യമുള്ള അമ്മമാരെ ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

## ക്യാൻസർ സഹായ ഫോം കൊടുക്കൽ

**ആഗസ്റ്റ് 22 (ഉച്ചകഴിഞ്ഞ് 1.30 മുതൽ)**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ക്യാൻസർ സഹായ ഫോം പരിചയപ്പെടുത്തുകയും സഹായ ഫോം കൊടുക്കുകയും ചെയ്യുന്നതാണ്. ഈ പദ്ധതിയെക്കുറിച്ച് അറിയുവാൻ താൽപര്യമുള്ള അമ്മമാരെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

## സോപ്പ് പൗഡർ, സോപ്പ് മെയ്ക്കിങ്ങ് പരിശീലനം

**ആഗസ്റ്റ് 22 (ഉച്ചകഴിഞ്ഞ് 2 മുതൽ)**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ ഉച്ചക്കഴിഞ്ഞ് 2.00 ന് സോപ്പ് പൗഡർ, സോപ്പ് മെയ്ക്കിങ്ങ് പരിശീലനവും ഉണ്ടായിരിക്കും. താൽപര്യമുള്ള മാതൃവേദി അമ്മമാരെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

| | | |
|---|---|---|
| **ശ്രീമതി. ബീന ജോഷി** | **ഫാ.അൽജോ കരേരക്കാട്ടിൽ** | **ഫാ.ഡെന്നി താണിക്കൽ** |
| പ്രസിഡണ്ട് | അസി.ഡയറക്ടർ | ഡയറക്ടർ |

# കുടുംബകൂട്ടായ്മ

### ചർച്ചാപഠനപരിശീലന ക്യാമ്പ്

**26.08.2017**

ജൂലായ് മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. സെപ്റ്റംബർ മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് ആഗസ്റ്റ് 26-ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലിഅപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാപഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് രണ്ടുപേരെയെങ്കിലും പറഞ്ഞയക്കുമല്ലോ.

### അതിരൂപത തല മത്സരം

**26.08.2017**

അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികൾക്ക് വേണ്ടി ഫൊറോന തലത്തിൽ നടത്തപ്പെട്ട മത്സരത്തിൽ വിജയികളായവർക്ക് ആഗസ്റ്റ് മാസം 26-ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 10 മുതൽ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് മൂന്ന് സേറ്റജുകളിലായി മത്സരങ്ങൾ ഉണ്ടായിരിക്കുന്നതാണ്. ഫൊറോന തലത്തിൽ വിജയികളായ എല്ലാവരും സംബന്ധിക്കാൻ പരിശ്രമിക്കുമല്ലോ. ഫൊറോന ആനിമേറ്റർമാർ മത്സരവിജയികളുടെ ലിസ്റ്റ് കൊടുത്തുവിടുമല്ലോ.

| | | |
|---|---|---|
| **ഫാ.ഡെന്നി താണിക്കൽ** | **എ.എ. ആന്റണി** | **ഫാ. അൽജോ കരേരക്കാട്ടിൽ** |
| ഡയറക്ടർ | ജനറൽ കൺവീനർ | അസി.ഡയറക്ടർ |

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന**

**ആഗസ്റ്റ് 7 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

| | |
|---|---|
| **ജെയിംസ് ആഴ്ചങ്ങാടൻ** | **ഫാ.ഡെന്നി താണിക്കൽ** |
| പ്രസിഡന്റ് | ഡയറക്ടർ |

# കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി, തൃശ്ശൂർ

**1. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണം**

1. അതിരൂപത മദ്യവിരുദ്ധ സമിതിയുടെയും വേലൂർ ഫൊറോന സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണം തലക്കോട്ടുകര അസീസി ഇംഗ്ലീഷ് സ്കൂളിൽ സംഘടിപ്പിച്ചു. സംസ്ഥാന സെക്രട്ടറിയും ഫൊറോന പ്രസിഡണ്ടുമായ ജോസ് ചെമ്പിശ്ശേരി അദ്ധ്യക്ഷത വഹിച്ച ബോധവൽക്കരണ സമ്മേളനത്തിൽ സെക്രട്ടറി റപ്പായി മേച്ചേരി, പ്രിൻസിപ്പൽ റവ. സി. ഡെയ്സി സെബാസ്റ്റ്യൻ, ജോസ് തേർമഠം, റൂബി ടീച്ചർ തുടങ്ങിയവർ പ്രസംഗിച്ചു. ഡയറക്ടറച്ചനാണ് പരിപാടി ഉദ്ഘാടനം ചെയ്തത്. സമ്മേളനത്തിന്റെ സമാപനത്തിൽ എല്ലാവരും ലഹരി വിരുദ്ധ പ്രതിജ്ഞയെടുത്തു. ഇതോടനുബന്ധിച്ച് ഫൊറോന സമിതി ആ മേഖലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ നോട്ടീസുകൾ വിതരണം ചെയ്തു. ഈ പരിപാടി മംഗളകരവും വിജയകരവുമാക്കാൻ സഹകരിച്ച എല്ലാവർക്കും പ്രത്യേകിച്ച് സ്കൂൾ അധികൃതർക്കും ഏറെ നന്ദി.

2. അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി പുതുക്കാട് ഫൊറോനയിൽ മുൻവർഷങ്ങളിലെ പോലെ ഇരുചക്രവാഹന റാലി സംഘടിപ്പിച്ചു. ഫൊറോന വികാരി വെരി. റവ. ഫാ. പോൾസൺ പാലത്തിങ്കലാണ് റാലി ഉദ്ഘാടനം ചെയ്തത്. ഫൊറോനയിലെ എല്ലാ കേന്ദ്രങ്ങളും സന്ദർശിച്ച് ആമ്പല്ലൂർ സെന്ററിൽ സമാപന സമ്മേളനം അരങ്ങേറി. ഫൊറോന പ്രൊമോട്ടർ ഫാ. ജോമോൻ മുരിങ്ങാത്തേരി, ആന്റണി പന്തല്ലൂക്കാരൻ, മാർട്ടിൻ പെരേക്കാടൻ തുടങ്ങിയവരാണ് എല്ലാറ്റിനും നേതൃത്വം നൽകിയത്. കോരിച്ചൊരിയുന്ന മഴയെ തൃണവൽഗണിച്ച് സംഘടിപ്പിച്ച പരിപാടിക്ക് ജനശ്രദ്ധയാകർഷിച്ചു.

3. ലഹരി വിരുദ്ധദിനാചരണത്തിന്റെ ഭാഗമായി ഗുരുവായൂരിൽ മദ്യവിരുദ്ധ സമിതി ബോധവൽക്കരണ റാലി നടത്തി. വികാരി. ഫാ. ജോസ് പുലിക്കോട്ടിൽ, സ്റ്റീഫൻ ജോസ്, തുടങ്ങിയവർ നേതൃത്വം കൊടുക്കുകയും സമാപന യോഗത്തിൽ പ്രസംഗിക്കുകയും ചെയ്തു. ജീവികാരുണ്യ പ്രവർത്തകനും വൈലത്തൂർ പള്ളി വികാരിയുമായ ഫാ.ഡേവീസ് ചിറമ്മൽ വിശിഷ്ടാതിഥിയായി പങ്കെടുത്ത് മുഖ്യപ്രഭാഷണം നടത്തി. ഈ ദിനാചരണം അർത്ഥവത്താക്കി തീർത്ത ഗുരുവായൂർ യൂണിറ്റിന് പ്രത്യേക അഭിനന്ദനങ്ങൾ.

4. വലപ്പാട് മദ്യവിരുദ്ധ സമിതി ലഹരി വിരുദ്ധ ദിനാചരണം സമുചിത

മായി ആചരിച്ചു. വികാരി. ഫാ. പ്രിൻസ് പൂവ്വത്തിങ്കൽ തിരുക്കർമ്മങ്ങൾക്കു ശേഷം പതാക ഉയർത്തി. അന്നേദിവസം ഇടമുട്ടം സെന്ററിൽ കൂടിയ ബോധ വൽക്കരണ സമ്മേളനത്തിൽ പ്രശസ്ത വ്യക്തികൾ പങ്കെടുത്തു സംസാരി ച്ചു. അതിരൂപതാ മുൻപ്രസിണ്ട് ജോസ് ആലപ്പാട്ടും, സഹപ്രവർത്തകരും പരിപാടി സംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകി. ജില്ലാ പഞ്ചായത്ത് അംഗം ശ്രീ. ശോഭ സുബിൻ, പഞ്ചായത്ത് അംഗം ശരത് തുടങ്ങിയവർ പ്രസംഗിക്കു കയുണ്ടായി.

5. കരുമത്ര ഇടവകയിൽ ലഹരി വിരുദ്ധ ഫ്ളക്സും ബാനറുകളും പ്രദർശി പ്പിച്ച് ബോധവൽക്കരണത്തിന് പ്രയത്നിച്ചു. വികാരി. ബഹു. ജോബി പുത്തൂർ പ്രഭാഷണം നടത്തി. അതിരൂപത ട്രഷറർ ഫ്രാൻസീസ് തേർമഠംവും സഹ പ്രവർത്തകരും നേതൃത്വം കൊടുത്തു.

| | |
|---|---|
| **ഹിറ്റ്ലസ് ചാക്കുണ്ണി** | **ഫാ. ദേവസ്സി പന്തല്ലൂക്കാരൻ** |
| (പി. ആർ.ഒ.) | ഡയറക്ടർ |

# LOAF

ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (ലോഫ്/ LOAF) സഹ കാരി കുടുംബങ്ങളുടെ ഇടവകകളിലെ ആദ്യ യൂണിറ്റ് തിരൂർ സെന്റ് തോമസ് ഇടവകയിൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ഉദ്ഘാടനം ചെയ്തു. തൃശൂർ അതിരൂപതയിലെ കുടുംബ നവീകരണത്തിനായി 2009ൽ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് ആരംഭിച്ച കുടുംബങ്ങൾക്ക് വേണ്ടിയുള്ള സമർപ്പിത കുടുംബങ്ങളുടെ കൂട്ടായ്മയാണ് ലീജിയൻ ഓഫ് അപ്പസ്തോലിക് ഫാമി ലിസ് (ലോഫ്/LOAF). കുടുംബ പ്രേഷിതത്വരംഗത്ത് കൂടുതൽ ആഴമായി പ്രവർത്തിക്കുന്നതിനായി ലോഫ് ആവിഷ്കരിച്ച പ്രവർത്തന പദ്ധതിയാണ് ഇടവകകൾ തോറും സഹകാരി കുടുംബങ്ങളുടെ കൂട്ടായ്മകൾ ആരംഭിക്കുക എന്നത്. ഇത്തരം കൂട്ടായ്മകളിൽ എത്തുന്ന കുടുംബങ്ങൾക്കിടയിൽ കൂടു തൽ ഫലപ്രദമായി ഇടപെടാൻ ലോഫിനാകും. മാത്രമല്ല ഈ കൂട്ടായ്മയുടെ ജീവിതരീതി പരിചയപ്പെടാനും ദൈവിക പദ്ധതിയോട് ചേർന്ന് തങ്ങളുടെ കുടുംബ ജീവിതം രൂപപ്പെടുത്താനും സഭയോട് ചേർന്ന് ജീവിക്കാനും പ്രവർത്തിക്കുവാനും അവർക്ക് പ്രചോദനം ലഭിക്കുകയും ചെയ്യും.

അതിരൂപതയിലെ ഇടവകകളിൽ ആരംഭിക്കുന്ന ഇത്തരത്തിലുള്ള സഹ കാരി കുടുംബങ്ങളുടെ കൂട്ടായ്മകളിൽ ആദ്യത്തേത് തിരൂർ സെന്റ തോമസ്

ഇടവകയിൽ ആരംഭിച്ചു. ലോഫിന്റെ സ്ഥാപകനും തലവനുമായ അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് തിരൂർ സെന്റ് തോമസ് പള്ളിയിൽ വിശുദ്ധ കുർബാനയ്ക്ക് മുൻപ് നിലവിളക്ക് തെളിയിച്ചുകൊണ്ട് ഉദ്ഘാടനം ചെയ്തു. കുടുംബങ്ങൾ വെല്ലുവിളികൾ നേരിടുന്ന ഇക്കാലത്ത് കുടുംബ ജീവിതത്തിന്റെ ഉദാത്ത മാതൃകകളായി വർത്തിക്കുന്ന മിഷനറി കുടുംബങ്ങൾ ഉണ്ടാകേണ്ടതിന്റെ ആവശ്യകത പിതാവ് എടുത്തു പറഞ്ഞു. ഇക്കാര്യത്തിൽ കുടുംബങ്ങൾക്കായി നടന്ന സിനഡിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായും സിനഡു പിതാക്കന്മാരും പ്രേഷിത കുടുംബങ്ങൾ ഉണ്ടാകണമെന്ന് അഭിപ്രായപ്പെട്ടതായി പിതാവ് അറിയിച്ചു. ഈ മേഖലയിൽ ലോഫിനു ഫലപ്രദമായി പ്രവർത്തിക്കാൻ സാധിക്കുമെന്ന് പിതാവ് കൂട്ടിചേർത്തു. അവിശ്വസ്തതയും മൂല്യച്യുതിയും മുഖമുദ്രയായ ഈ കാലഘട്ടത്തിൽ പുളിമാവായി വർത്തിച്ചു കുടുംബന്ധങ്ങളെ ശക്തിപ്പെടുത്താൻ ലോഫ് കുടുംബങ്ങളെ പരിശുദ്ധാത്മാവ് ശക്തിപ്പെടുത്തട്ടെയെന്നു പിതാവ് ആശംസിച്ചു. തുടർന്ന് വിശുദ്ധ കുർബാന മദ്ധ്യേ 16 ലോഫ് കുടുംബങ്ങൾ താൽക്കാലികമായി വ്രതവാഗ്ദാനം നടത്തി. ലോഫിലെ 8 സ്ഥിരാംഗ കുടുംബങ്ങൾ വ്രത നവീകരണവും നടത്തി. ലോഫ് കൂട്ടായ്മയിൽ ആസ്പരിൻസിക്ക് അപേക്ഷിക്കുന്ന 6 കുടുംബങ്ങൾ പിതാവിനു അപേക്ഷ നൽകി. പ്രാഥമിക ഘട്ടത്തിലുള്ള 6 ദമ്പതികളും സന്നിഹിതരായിരുന്നു പുതിയതായി ആരംഭിച്ച തിരൂർ യൂണിറ്റിലെ വിവിധ ഘട്ടങ്ങളിലുള്ള 10 കുടുംബങ്ങൾ ഉണ്ട്. തിരൂർ ഇടവകവികാരി ഫാ ഡേവിസ് പനംകുളം, അസി. വികാരി ഫാ. ഫ്രെജോ വാഴപ്പിള്ളി, ലോഫ് ഡയറക്ടർ ഫാ. ഫ്രാൻസീസ് ആളൂർ, അസോ. ഡയറക്ടർ ഫാ. ബിനോയി ചിറ്റിലപ്പിള്ളി, സ്പിരിച്വൽ ഡയറക്ടർ ഫാ. ഡെന്നി താണിക്കൽ, ലോഫ് ഭാരവാഹികളായ ഡോ. ടോണി/ ഡോ. സുനി ദമ്പതികളും, ഡോ.ജോർജ്ജ്/ അനി ദമ്പതികളും, ജെയിംസ്/ ജെസ്സി ദമ്പതികളും ഇടവകാംഗങ്ങളും സംബന്ധിച്ചു.

അതിരൂപതയിലെ മറ്റു ഇടവകകളിലേക്കും ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ ലോഫിന് പദ്ധതിയുണ്ട്. എല്ലാ ബഹുമാനപ്പെട്ട വികാരിയച്ചന്മാരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

**ഫാ. ഫ്രാൻസീസ് ആളൂർ**
ഡയറക്ടർ

**ഡോ.ടോണി/ ഡോ. സുനി**
പ്രസിഡണ്ട് ദമ്പതികൾ

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി – തൃശ്ശൂർ കമ്മീസിയത്തിന്റെ 673–ാമതും തൃശ്ശൂർ കുരിയായുടെ 724–ാമതും സമ്മേളനം 2017 ജൂലായ് 2 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30ന് കമ്മീസിയം പ്രസിഡണ്ട് ബ്ര. കെ. പി. ജോയിയുടെ അദ്ധ്യക്ഷതയിലും ആദ്ധ്യാത്മിക നിയന്താവ് ബഹു. ജോൺ മൂലനച്ചന്റെ സാന്നിദ്ധ്യത്തിലും പാസ്റ്ററൽ സെന്ററിലുള്ള ഓഫീസിൽ വെച്ച് പ്രാരംഭ പ്രാർത്ഥനയോടും ജപമാലയോടും കൂടി ആരംഭിച്ചു.

നിയമഗ്രന്ഥത്തിൽ നിന്ന് 301 മുതൽ 302 വരെ ഭാഗം ബ്ര. പ്രസഡിന്റ് ജ്ഞാനവായന നടത്തി. സെക്രട്ടറി ബ്ര. പി. സി. കുരിയപ്പൻ മുൻമാസ റിപ്പോർട്ടും ട്രഷറർ ബ്ര. ജിമ്മി റാഫേൽ മുൻമാസ വരവ് ചിലവ് കണക്കും അവതരിപ്പിച്ചത് യോഗം പാസാക്കി.

കമ്മീസിയം ഭാരവാഹികൾക്ക് പുറമെ ഒല്ലൂർ, പുതുക്കാട്, പറവട്ടാനി, പാവറട്ടി, കുരിയച്ചിറ, പഴുവിൽ, മരത്താക്കര, കണ്ടശ്ശാംകടവ്, പടിഞ്ഞാറേക്കോട്ട, ലൂർദ്ദ്, ഏനാമാക്കൽ, പള്ളിക്കുന്ന്, വടക്കാഞ്ചേരി, കുരിയായിൽ നിന്നും വേലൂർ, തിരൂർ, പ്രസീദിയങ്ങളിൽ നിന്നും സൈനികർ ഹാജരുണ്ടായിരുന്നു.

സൈനീക ജപശൃംഖലയ്ക്ക് ശേഷം ആദ്ധ്യാത്മിക നിയന്താവ് പ്രഭാഷണം നടത്തി. ഓരോ ദിവസത്തേയും ആദ്യത്തെ ഭക്ഷണം വി.കുർബ്ബാനയാണ്. എല്ലാ ദിവസവും ദൈവാലയത്തിൽ ചെന്ന് സ്തുതിക്കാൻ സൈനീകരെ ഓർമ്മപ്പെടുത്തി. ആത്മാവിനെയും ശരീരത്തെയും രക്ഷിക്കാൻ ശുദ്ധിയുള്ള വരാകണം. പരി. കൃപാവരത്താൽ ജീവിതത്തെ ധന്യമാക്കാൻ ഓരോ മരിയ സൈനികനും പരിശ്രമിക്കണമന്ന് പ്രഭാഷണത്തിലൂടെ ഊന്നിപ്പറയുന്നു.

എല്ലാ കൂരിയായും പ്രസീദിയങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് നൽകണമെന്ന് ഓർമ്മിപ്പിച്ചു. ലൂർദ്ദ് കൂരിയ–പ്രസീദിയങ്ങൾ സന്ദർശിച്ച് റിപ്പോർട്ട് സമർപ്പിച്ചു. കണ്ടശ്ശാംകടവ്, ലൂർദ്ദ്, ഒല്ലൂർ, പറവട്ടാനി കൂരിയായും, തിരൂർ പ്രസീദിയവും പ്രവർത്തന റിപ്പോർട്ട് സമർപ്പിച്ചു.

കമ്മീസിയം അസി. ആദ്ധ്യാത്മിക നിയന്താവായിരുന്ന റവ.ഡോ. സി. മരിയറ്റ എ. തേറാട്ടിൽ സ്ഥലം മാറ്റമായി പോയതിനാൽ സെന്റ് മേരീസ് കോളേജിലെ പുതിയ പ്രിൻസിപ്പാളിനെ അടുത്ത യോഗത്തിൽ സ്വീകരിക്കാമെന്നും സി. മരിയറ്റ ലീജിയൻ ഓഫ് മേരി സംഘടനക്ക് നൽകിയ സേവനത്തെ പ്രത്യേകം പ്രകീർത്തിക്കുകയും ചെയ്തു.

വർഷം തോറും നടത്തി വരുന്ന ആരാധന ദിനം 2017 ആഗസ്റ്റ് 12 ശനിയാഴ്ച ഫാമിലി അപ്പസ്തോലേറ്റ് സെന്റിൽ വെച്ച് നടത്തുന്നതിന് തീരുമാനിച്ചു. 9.30 മുതൽ 4.30 വരെ സമയമത്ത് തുടർച്ചയായി ജപമാല, ആരാധന, മരിയൻ സന്ദേശം, വി.കുർബ്ബാന എന്നിവ നടത്തുന്നത്. പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റേയും പരി. അമ്മയുടെ ജനനതിരുനാളിന്റെയും സ്മരണ പുതുക്കുന്ന ഈ ദിവസം എല്ലാ മരിയ സൈനീകരും സഹായകാംഗങ്ങളും പങ്കെടുക്കേണ്ടതാണ്.

അവസാന പ്രാർത്ഥനയ്ക്കും ആദ്ധ്യാത്മിക നിയന്താവിന്റെ ആശീർവ്വാദത്തിനും ശേഷം സമ്മേളനം 5 മണിക്ക് സമംഗളം പര്യവസാനിച്ചു.

ഏവർക്കും സ്വർഗ്ഗാരോപണ തിരുനാൾ മംഗളം നേരുന്നു.

**റവ. ഡോ. ജോൺ മൂലൻ**
ആദ്ധ്യാത്മിക നിയന്താവ്

**കെ. പി. ജോയ്**
പ്രസിഡണ്ട്

**പി.സി. കുരിയപ്പൻ**
സെക്രട്ടറി

# കലാസദൻ

## കലാസദൻ തേൻതുള്ളികൾ 'സ്വരസുഗന്ധ്'

പഴയക്കാല ഗാനാസ്വാദകരുടെ കൂട്ടായ്മയായ 'കലാസദൻ തേൻ തുള്ളികൾ' സംഗീത പരമ്പരയിലെ നാലാമത് പ്രോഗ്രാം – 'സ്വരസുഗന്ധ്' – 2017 ആഗസ്റ്റ് 6ന് ഞായറാഴ്ച വൈകീട്ട് 5.30ന് തൃശ്ശൂർ റീജ്യണൽ തിയ്യറ്ററിന്റെ എ. സി. ഓഡിറ്റോറിയത്തിൽ ഒരുക്കുന്നു.

ഹിന്ദി ചലചിത്രലോകത്തെ ഇതിഹാസ ഗായക പ്രതിഭകളായിരുന്ന മുഹമ്മദ് റാഫി, കിഷോർ കുമാർ, മുകേഷ് എന്നിവരുടെ അനശ്വര ഗാനങ്ങൾ കോർത്തിണക്കിയ സംഗീതവിരുന്നാണ് ഒരുക്കുന്നത്. വിഖ്യാതരായ കലാസദൻ മുൻഹിന്ദിഗായകരായ ശ്രീ. പീറ്റർ, എ. എഫ്. പോൾസൺ എന്നിവരെ തദവസരത്തിൽ ആദരിക്കുന്നതാണ്.

**ജെയ്ക്കബ്ബ് ചെങ്ങലായ്**
കൺവീനർ

**ഫാ. പോൾ പുളിക്കൻ**
സെക്രട്ടറി

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സി.സി. വാർത്തകൾ

1. വടക്കാഞ്ചേരി AC മുൻപ്രസിഡണ്ട് ബ്ര. എം.ടി. ലൂക്കോസ്, പാലയൂർ AC മുൻ പ്രസിഡന്റ് ബ്ര. എ. ജെ. വറുതുണ്ണി എന്നിവരുടെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി.
2. നെടുപുഴ ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ നടത്തിയ വിൻസെൻഷ്യൻ ധ്യാനത്തിൽ 110 അംഗങ്ങൽ പങ്കെടുത്തു. സി. സി. ആദ്ധ്യാത്മികോപദേഷ്ടാവ് റവ.ഡോ. ആന്റണി ചെമ്പകശ്ശേരി ധ്യാനം ഉദ്ഘാടനം ചെയ്തു. റവ. ഫാ. ബാസ്റ്റ്യൻ പുന്നോലിപറമ്പിൽ, സി. റോസ് അലക്സ്, ബ്ര. അനി ജോർജ്ജ് എന്നിവർ ധ്യാനത്തിന് നേതൃത്വം നൽകി.
3. 06.08.2017 ഞായറാവ്ച 10.30 am ന് എ.സി. സെക്രട്ടറി, ട്രഷറർ, പ്രൊജക്ട് ആഫീസർ സി.വി. അംഗങ്ങൾ എന്നിവരുടെ ഒരു സംയുക്ത യോഗം വിൻസെൻഷ്യൻ കോംപ്ലക്സ് ഹാളിൽ വെച്ചു നടത്തുന്നു. നാഷണൽ കൗൺസിൽ പ്രൊജക്ട് ഓഫീസർ ബ്ര. ബേബി തെക്കൻ പ്രൊജക്ടിന് സംബന്ധിച്ച് ക്ലാസ്സ് എടുക്കുന്നതാണ്.
4. 13.08.2017 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് മതബോധനം 10, 11, 12 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ക്വിസ്സ് മത്സരം നടത്തുന്നു. വിജയികൾക്ക് 5000 രൂപ, 3000 രൂപ 2000 രൂപ എന്നിങ്ങനെ I, II, III സമ്മാനങ്ങൾ നൽകുന്നതാണ്. മത്സരങ്ങൾക്കുള്ള വിശദാംശങ്ങളും ചോദ്യോത്തരങ്ങളും ഉൾക്കൊള്ളുന്ന 'പ്രശ്നോത്തരി' കോൺഫ്രൻസ് പ്രസിഡണ്ടുമാർക്ക് വിതരണം ചെയ്തിട്ടുണ്ട്.
5. സി.സി.യുടെ കമ്മിറ്റിയുടെ നേതൃത്വത്തിൽ 'യുവജനദിനം' ആഘോഷിച്ചു. KRCC സെക്രട്ടറി ബ്ര. ബിനു കുരിയാക്കോസ് സെമിനാർ നയിച്ചു. യുവജനദിനാഘോഷം സി. സി. ആദ്ധ്യാത്മികോപദേഷ്ടാവ് റവ.ഡോ. ആന്റണി ചെമ്പകശേരി ഉദ്ഘാടനം ചെയ്തു. സി.സി. പ്രഡിഡണ്ട് ബ്ര. ഷിബു കെ. എ. യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു. സി. സി. വൈ. പ്രസിഡണ്ടുമാരായ ബ്ര. പൗലോസ് അറയ്ക്കൽ, ബ്ര. പോളി ജോസ്, വി. സി. സി. സെക്രട്ടറി ബ്ര. കെ. കെ. പോൾസൺ എന്നിവർ ആശംസകൾ നേർന്നു. യൂത്ത് പ്രതിനിധികളായ ബ്ര. ജിനോ ജോസ്, ബ്ര. ഷനിൽ വി. മാത്യു, ബ്ര. ഡാന്റസ് കെ. ജെ. എന്നിവർ ആഘോഷങ്ങൾക്ക് നേതൃത്വം നൽകി.

| സി.സി. ആദ്ധ്യാത്മികോപദേഷ്ടാവ് | പ്രസിഡണ്ട് | സെക്രട്ടറി |
|---|---|---|
| **റവ. ഡോ. ആന്റണി ചെമ്പകശ്ശേരി** | **ബ്ര. കെ. എ. ഷിബു** | **ബ്ര. കെ. കെ. പോൾസൺ** |

# കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ

ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിന്റേയും പരി. അമ്മയുടെ സ്വർഗ്ഗാരോപണതിരുനാളിന്റെയും പ്രാർത്ഥനാമംഗളങ്ങൾ.

കത്തോലിക്ക സഭ ഇന്നും എന്നും മാതൃകാപരമായ ആതുരശുശ്രൂഷാ കാഴ്ച വെക്കുന്നു. വിലക്കയറ്റവും മറ്റ് ജീവിത നിലവാരവും വർദ്ധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഗവൺമെന്റ് നിശ്ചയിക്കുന്ന വേതനം നൽകാൻ കത്തോലിക്ക സഭയുടെ കീഴിലുള്ള എല്ലാ ആതുരാലയങ്ങളും തയ്യാറാകണം. എന്നാൽ ജീവനെ സംരക്ഷിക്കേണ്ട കനിവിന്റെ മാലാഖമാർ, ജീവനുവേണ്ടി മല്ലടിക്കുന്ന രോഗികളെ ഉപേക്ഷിച്ച് സമരമുറകൾക്ക് ഇറങ്ങി തിരിച്ചതിനോട് അനുകൂലിക്കുവാൻ ആർക്കും കഴിയുകയില്ല. എന്നാൽ രാഷ്ട്രീയ രംഗങ്ങൾക്കും, വർഗ്ഗീയ ശക്തികൾക്കും സമരത്തിൽ സ്വാധീനം ഉണ്ടെങ്കിൽ അതിനെ നാം ജാഗ്രതയോടെ നോക്കി കാണണം.

5.7.2017ൽ പാലാരിവട്ടം പി.ഒ.സി.യിൽ കത്തോലിക്കസഭയിലെ വിവിധ ഹോസ്പിറ്റലുകളിൽ നിന്നും ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്ന സംഘടനകളുടെ സംയുക്തമായ മീറ്റിംഗ് നടന്നു. തൃശ്ശൂർ അതിരൂപതാ സി.എൻ.ജി. ഐ. യുടെ പ്രതിനിധിയായി പ്രസിഡണ്ട് റവ. സി. ദെപ്പാസി സി.എസ്.സി. പങ്കെടുത്തു. നേഴ്സുമാരുടെ സമരദിവസങ്ങളിൽ ആശുപത്രികളുടെ സുഖമാമായ നടത്തിപ്പിനുവേണ്ടി സി.എൻ.ജി.ഐ. സർവ്വ പിന്തുണയും സഹകരണവും നൽകുകയുണ്ടായി. 2017 ജൂലൈ 13ന് സി.എൻ.ജി.ഐയുടെ അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് നടന്നു. ഏറ്റവും അടുത്ത ദിവസത്തിൽ തന്നെ ജനറൽ ബോഡി മീറ്റിംഗ് നടത്താൻ നിശ്ചയിച്ചു. ദിവസവും സ്ഥലവും അറിയിക്കുന്നതായിരിക്കും.

**ഫാ. സിജോ അരിക്കാട്ട്**
ഡയറക്ടർ

**സി. റൊസീന ഡേവീസ് എഫ്. സി. സി.**
സെക്രട്ടറി

# സി. എൽ.സി.

### വി. ഇഗ്നേഷ്യസ് ലെയോള അനുസ്മരണം

വി. ഇഗ്നേഷ്യസ് ലെയോള അനുസ്മരണവും സി. എൽ. സി. യുവജന സംഗമവും പറപ്പൂർ ഫൊറോനയിൽ വെച്ച് സംഘടിപ്പിച്ചു. അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. വടക്കാഞ്ചേരി MLA അനിൽ അക്കര, വികാരി ജനറാൾ മോൺ തോമസ് കാക്കശേരി എന്നിവർ പങ്കെടുത്തു. വിവിധ യൂണിറ്റുകളിൽ നിന്ന് സി.എൽ.സി. പ്രവർത്തകർപങ്കെടുത്തു. SSLC, +2 , Full A+ നേടിയവർക്കുള്ള സമ്മാനദാനവും മതബോധനത്തിൽ +2, ACC റാങ്ക് ജേതാക്കൾക്കും മരിയോത്സവം കലാമത്സരം, പ്രസംഗ മത്സര വിജയികൾക്കും സമ്മാനം വിതരണം ചെയ്തു. പൊതുസമ്മേളനത്തിനു മുന്നോടിയായി പറപ്പൂർ ഫൊറോനയുടെ മൂന്ന് അതിർത്തികളിൽ നിന്ന് പതാക പ്രയാണവും ദീപശിഖ പ്രയാണവും ഛായചിത്രപ്രയാണവും നടന്നു. അതിരൂപത സി. എൽ. സി. പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത്, അതിരൂപതാ പ്രസിഡന്റ് ബിജിൽ സി. ജോസഫ്, പറപ്പൂർ,ഫൊറോന വികാരി വെരി. റവ. ഫാ. പോളി നീലങ്കാവിൽ, ഫൊറോന പ്രൊമോട്ടർ റവ. ഫാ. ലിജോ ചിരിയങ്കണ്ടത്ത്, അതിരൂപത അസി. പ്രൊമോട്ടർ റവ. ഫാ. ഫ്രജോ വാഴപ്പിള്ളി, റവ. ഫാ. ജസ്റ്റിൻ പൂഴിക്കുന്നേൽ, സംസ്ഥാന സി.എൽ. സി. പ്രസിഡണ്ട് ഡിൽജോ തരകൻ ഫൊറോന പ്രസിഡന്റ് ഐജോ പൊറുത്തൂർ എന്നിവർ സംസാരിച്ചു.

### സി. എൽ.സി. മരിയോത്സവം

സി. എൽ. സി. തൃശ്ശൂർഅതിരൂപത മരിയോത്സവം ഒക്ടോബർ 7, 14 തിയിതികളിൽ സെന്റ് തോമസ് കോളേജിൽ വെച്ച് സംഘടിപ്പിക്കുകയാണ്. ഫൊറോന തലത്തിൽ മത്സര വിജയികൾക്ക് അതിരൂപത തലത്തിൽ മത്സരത്തിനർഹതയുള്ളൂ. ഫൊറോന മരിയോത്സവം ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ സംഘടിപ്പിക്കുമെന്ന് അഭ്യർത്ഥിക്കുന്നു.

### സി. എൽ. സി. സോക്കർകപ്പ് 2017

ഫാ. സിജോ ചീരൻ മെമ്മോറിയൽ സി. എൽ. സി. സോക്കർ കപ്പ് സെപ്തംബർ 5, 6, 7 തീയിതികളിൽ തൃശ്ശൂർ തോപ്പ് സ്റ്റേഡിയത്തിൽ വച്ച് സംഘടിപ്പിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 28 ടീമുകൾക്കാണ് മത്സരത്തിൽ പങ്കെടുക്കുവാൻ അർഹതയുള്ളൂ. രജിസ്ട്രേഷൻ SMS വഴിയാണ്.കൂടുതൽ വിവരങ്ങൾക്ക് കൺവീനർ ജോമി ജോൺസൺ 9447769815 എന്ന നമ്പറിൽ ബന്ധപ്പെടേണ്ടതാണ്.

## സി. എൽ.സി. ജനറൽബോഡി യോഗം

സി. എൽ.സി. അതിരൂപത ജനറൽ ബോഡിയോഗം തൃശ്ശൂർ കാത്തലിക് പാസ്റ്ററൽ സെൻററിൽ വച്ച് കൂടി. സി. എൽ.സി. അസി. പ്രൊമോട്ടർ റവ. ഫാ. ഫ്രജോ വാഴപ്പിള്ളി ജനറൽ ബോഡിയോഗം ഉദ്ഘാടനം ചെയ്തു. അതിരൂപത സി. എൽ.സി. പ്രസിഡൻറ് ബിജിൽ സി.ജോസഫ് അദ്ധ്യക്ഷത വഹിച്ചു.വിവിധ ഫൊറോന ഭാരവാഹികളും യൂണിറ്റ് പ്രസിഡണ്ടുമാരും യോഗത്തിൽ പങ്കെടുത്തു. ഇഗ്നേഷ്യസ് ലെയോള അനുസ്മരണം, സി. എൽ.സി. സോക്കർ കപ്പ്, മരിയോത്സവം  കലാസാഹിത്യമത്സരം, എന്നിവയും ചർച്ച ചെയ്തു. വൈസ് പ്രസിഡൻറ് ഫ്രെഡി സി ഡിക്രൂസ് സ്വാഗതമാശംസിച്ചു.

## സംസ്ഥാന സി. എൽ. സി. പരിസ്ഥിതി ദ ിനാഘോഷം

സംസ്ഥാന സി. എൽ. സി. പരിസ്ഥിതി ദിനാഘോഷം തൃശ്ശൂർ ഹോളി ഫാമിലി സെക്കൻററി സ്കൂളിൽ വെച്ച് സംഘടിപ്പിച്ചു. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. 3000 ത്തോളം വൃക്ഷതൈ ഹോളി ഫാമിലിസ്കൂളിൽ വിതരണം ചെയ്തു. സംസ്ഥാനതലത്തിൽ ഒരു ലക്ഷം വൃക്ഷതൈകൾ വിവിധ രൂപതകളിലായ നട്ടുപിടിക്കുന്നതിന്റെ ഭാഗമായാണ് തൃശ്ശൂർ രൂപതയിൽ തുടക്കം കുറിച്ചത്. സംസ്ഥാന സി. എൽ.സി. പ്രൊമോട്ടർ  റവ. ഫാ. ജിയോ തെക്കിനിയത്ത്, തൃശ്ശൂർ അതിരൂപത  സി. എൽ. സി. പ്രസിഡണ്ട് ബിജിൽ സി. ജോസഫ്, സംസ്ഥാന സി. എൽ.സി. സെക്രട്ടറി ഷോബി കെ. പോൾ, സംസ്ഥാന വൈസ് പ്രസിഡണ്ട് ഡിൽജോ തരകൻ, മദ്യവിരുദ്ധ സമിതി ഡയറക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ അതിരൂപത സി. എൽ. സി. അസി. പ്രൊമോട്ടർ റവ. ഫാ. ഫ്രജോ വാഴപ്പിള്ളി എന്നിവർ സംസാരിച്ചു.

## സി.എൽ.സി. ഫൊറോന യോഗങ്ങൾ കൂടി

സി. എൽ. സി. ഫൊറോന യോഗങ്ങൽ ജൂലൈ മാസത്തിൽ വിവിധ ഫൊറോനയിൽ സംഘടിപ്പിച്ചു. ഒല്ലൂർ, ചേലൂർ, പറപ്പൂർ, പാലയൂർ, വടക്കാഞ്ചേരി എന്നിവിടങ്ങളിലാണ് നടന്നത്. അതിരൂപത പ്രൊമോട്ടർ റവ. ഫാ. ജിയോ തെക്കിനിയത്ത് അസി. പ്രൊമോട്ടർ റവ. ഫാ. ഫ്രജോ വാഴപ്പിള്ളി അതിരൂപത സി. എൽ. സി. പ്രസിഡൻറ് ബിജിൽ സി. ജോസഫ് എന്നിവർ പങ്കെടുത്തു.

**ഫാ. ജിയോ തെക്കിനിയത്ത്**
പ്രൊമോട്ടർ
**ഫാ. ഫ്രജോ വാഴപ്പിള്ളി**
അസി. പ്രൊമോട്ടർ

**ബിജിൽ സി. ജോസഫ്**
പ്രസിഡൻറ്
**സെബിൻ സി. കെ.**
സെക്രട്ടറി

# അതിരൂപത ഏകോപന സമിതി

തൃശ്ശൂർ അതിരൂപതയിൽ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളിലേയും പ്രസ്ഥാനങ്ങളിലേയും ഫോറങ്ങളിലേയും കമ്മീഷനുകളിലേയും നേതൃത്വ നിരയും അംഗങ്ങളുമാണ് തൃശ്ശൂർ അതിരൂപതയുടെ അഭിമാനവും ശക്തി കേന്ദ്രവുമെന്ന് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്.

തൃശ്ശൂർ അതിരൂപതയിലെ സംഘടനകളുടെയും പ്രസ്ഥാനങ്ങളുടെയും ഫോറങ്ങളുടെയും കമ്മീഷനുകളുടെയും പൊതുവായ കൂട്ടായ്മയായ തൃശ്ശൂർ അതിരൂപത ഏകോപന സമിതിയുടെ പൊതുയോഗം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി അദ്ധ്യക്ഷനായിരുന്നു.

തൃശ്ശൂർ അതിരൂപത ഏകോപന സമിതിയുടെ 2017-2020 വർഷങ്ങളിലേയ്ക്കുള്ള സെക്രട്ടറിയായി ശ്രീ. എ. എ. ആന്റണി വലപ്പാട് തിരഞ്ഞെടുക്കപ്പെട്ടു. ജോയിന്റ് സെക്രട്ടറിയായി ശ്രീമതി കരോളിൻ ജോഷ്വ, അഡ്വ. ജോമി ജോസഫ് സി. എന്നിവരെ തിരഞ്ഞെടുക്കപ്പെട്ടു.

തൃശ്ശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് രക്ഷാധികാരിയും വികാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ ഉപരക്ഷാധികാരിയും അതിരൂപത പ്രൊകുറേറ്റർ വെരി. റവ. ഫാ. ജോയ് മൂക്കൻ ട്രഷററുമാണ്

തെരഞ്ഞെടുപ്പ് നടപടി ക്രമങ്ങൾക്ക് തൃശ്ശൂർ അതിരൂപത ചാൻസലർ വെരി. റവ. ഫാ. മാത്യു കുറ്റിക്കോട്ടയിൽ നേതൃത്വം നൽകി. സെക്രട്ടറി എ. ഡി. ഷാജു സ്വാഗതം ആശംസിച്ചു. 2017ലെ ബോൺ നത്താലെ ആഘോഷങ്ങളെക്കുറിച്ച് വർക്കിങ്ങ് ചെയർമാൻ റവ. ഫാ. വർഗ്ഗീസ് കരിപ്പേരി വിവരിച്ചു. ജനറൽ കൺവീനറായി അഡ്വ. ബിജു കുണ്ടുകുളം തിരഞ്ഞെടുക്കപ്പെട്ടു. വിവിധ കമ്മിറ്റികളും രൂപീകരിച്ചു. അതിരൂപതയിലെ വിവിധ സംഘടനാ ഡയറക്ടർമാർ യോഗത്തിന് നേതൃത്വം നൽകി.

**ആന്റണി പി. എ.** **ഫാ. മാത്യു കുറ്റിക്കോട്ടയിൽ**

# കെ. സി. വൈ. എം.

## വിളംബര ജാഥ നടത്തി

തൃശ്ശൂർ അതിരൂപത കെ. സി.വൈ.എം. ജൂലൈ 15, 16 തിയതികളിൽ നടത്തുന്ന യുവജന സംഗമത്തിന്റെ ഭാഗമായി അതിരൂപതയുടെ അഞ്ച് ഭാഗങ്ങളിൽ നിന്ന് ആരംഭിച്ച് മേഖല പ്രയാണങ്ങൾ ശനിയാഴ്ച വൈകീട്ട് 6 മണിക്ക് ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ എത്തിച്ചേർന്നു. അതിരൂപത പ്രൊക്യുറേറ്റർ ബഹു. ഫാ. ജോയ് മൂക്കനും ലൂർദ്ദ് കത്തീഡ്രൽ വികാരി ബഹു. ഫാ. വർഗ്ഗീസ് കൂത്തൂരും ചേർന്ന് പ്രയാണങ്ങൾക്ക് സ്വീകരണം നൽകി. പാലയൂരിൽ നിന്നാരംഭിച്ച ദീപശിഖാപ്രയാണം അതിരൂപതാ കെ. സി.വൈ.എം. പ്രസിഡന്റ് അനൂപ് പുന്നപ്പുഴ ഏറ്റുവാങ്ങി. ചേലക്കരയിൽ നിന്നാരംഭിച്ച പതാക പ്രയാണം അതിരൂപത കെ. സി.വൈ.എം. ജനറൽ സെക്രട്ടറി ജിയോ ജോൺ ഏറ്റുവാങ്ങി. ഒല്ലൂരിൽ നിന്നാരംഭിച്ച വി. തോമസ് മൂറിന്റെ ഛായചിത്ര പ്രയാണം യുവജനസംഗമം ജനറൽ കൺവീനർ സിജോ എം. പിയും, ചേരുകുഴിയിൽ നിന്നാരംഭിച്ച മോൺ തോമസ് തലച്ചിറയച്ചന്റെ ഛായചിത്ര പ്രയാണം സംസ്ഥാന സിന്റിക്കേറ്റ് മെമ്പർ പിൻസി പ്രിൻസും ലൂർദ്ദ് ഫൊറോനയിൽ നിന്നാരംഭിച്ച മാർ ജോസഫ് കുണ്ടുകുളം പിതാവിന്റെ ഛായംചിത്ര പ്രയാണം കെ.സി.വൈ.എം. സമിതിയംഗം സെനി സേവ്യറും ഏറ്റുവാങ്ങി. അഞ്ചുമേഖലകളിൽ നിന്നും ആരംഭിച്ച പ്രയാണങ്ങൾക്ക് ഫൊറോന പ്രസിഡന്റുമാർ നേതൃത്വം നൽകി. തുടർന്ന് അഞ്ഞൂറോളം യുവതീയുവാക്കൾ മോട്ടോർബൈക്കിൽ സമ്മേളന നഗരിയിൽ എത്തിച്ചേർന്നു. അതിരൂപത മതബോധന ഡയറക്ടർ ബഹു. ഫാ. റാഫേൽ ആക്കാമറ്റത്തിൽ വിളംബര ജാഥയ്ക്കു സ്വീകരണം നൽകി.

## പതാക ദിനം

കെ.സി.വൈ.എം. അതിരൂപതസമിതിയുടെ ആഭിമുഖ്യത്തിൽ പതാകദിനം നടത്തറ ഇടവകയിൽ വെച്ച് നടത്തി. വി. കുർബ്ബാനയർപ്പിച്ച് പതാക ഉയർത്തി. കെ.സി.വൈ.എം. അതിരൂപതാ ഡയറക്ടർ ഫാ. ഡിറ്റോ കൂള പതാക ദിനം ഉദ്ഘാടനം ചെയ്തു. അതിരൂപത പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ, അദ്ധ്യക്ഷത വഹിച്ചു. ഫാ. ഷാജൻ തേർമഠം, ഫാ. ടൈസൺ, ജനറൽ സെക്രട്ടറി ജിയോ ജോൺ, അനീഷ് മാസ്റ്റർ, സാവിയോ ജോണി, സി. ടീന മരിയ, പിൻസി പ്രിൻസ്, കരോളിൻ ജോഷ്വ, ബെനി സേവ്യാർ, എം. പി. സിജോ, സാജൻ ജോസ്, ജോസ് മോൻ കെ. ഫ്രാൻസീസ്, ഫൊറോന പ്രസിഡന്റ് വിപിൻ എന്നിവർ നേതൃത്വം നൽകി.

## ഫൊറോന സന്ദർശനങ്ങൾ നടത്തി

പ്രകൃതി സംരക്ഷിക്കാം യുവത്വം നിലനിർത്തുക എന്ന ആപ്തവാക്യം മുൻനിർത്തികൊണ്ട് കെ.സി.വൈ.എം. അതിരൂപത യുവജന സംഗമത്തിന്റെ ഭാഗമായി പാലയൂർ, വേലൂർ പുത്തൂർ, പറപ്പൂർ, ലൂർദ്ദ് എന്നീ ഫൊറോനക ളിൽ സന്ദർശനം നടത്തി. സന്ദർശനങ്ങളിൽ തൃശ്ശൂർ അതിരൂപത കെ.സി. വൈ.എം. പ്രസിഡണ്ട് അനൂപ പുന്നപ്പുഴ അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ഡിറ്റോ കൂള, ഫാ. റാഫി തട്ടിൽ, റവ. ഫാ. ജോസ് പുന്നോലിപറമ്പിൽ, റവ. ഫാ. സിന്റോ തൊറയൻ, ജിയോ ജോൺ, സിജോ എം.പി., സാവിയോ സാജൻ ജോസ്, അനീഷ് ആന്റണി അതിരൂപത ഭാരവാഹികൾ നേതൃത്വം നൽകി.

## വിശുദ്ധ തോമസ് മൂർ അനുസ്മരണം

കെ.സി.വൈ.എം. സ്വർഗ്ഗീയ മദ്ധ്യസ്ഥൻ വിശുദ്ധ തോമസ് മൂർ അനു സ്മരണം പറപ്പൂർ ശാന്തി മന്ദിരത്തിൽ വെച്ച് കെ.സി.വൈ.എം. അതിരൂപത ഡയറക്ടർ റവ. ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷത വഹിച്ചു. അഡ്വ. ലൈജു എടക്കളത്തൂർ മുഖ്യാതിഥി യായിരുന്നു.

## സഭാദിനാചരണം

കാക്കനാട് നടന്ന സഭാദിനാചരണ പരിപാടികളിൽ തൃശ്ശൂർഅതിരൂപത കെ.സി.വൈ.എം. സമിതിയെ പ്രതിനിധീകരിച്ച് ജനറൽ സെക്രട്ടറി ജിയോ ജോൺ, സി. ടിന മരിയ, പിൻസി പ്രിൻസ്, സെനി സേവ്യാർ, സാജൻ മുണ്ട യൂർ എന്നിവർ പങ്കെടുത്തു.

## ലോഗോ പ്രകാശനം ചെയ്തു

കെ.സി.വൈ.എം. അതിരൂപത യുവജനസംഗമത്തിന്റെ ലോഗോ പ്രകാ ശനം മാർ ആൻഡ്രൂസ് താഴത്ത് പിതാവ് നിർവ്വഹിച്ചു.

## ഫെയ്സ് ബുക്ക് പേജ് ഉദ്ഘാടനം

കെ.സി.വൈ.എം. അതിരൂപത യുവജനസംഗമത്തിന്റെ പബ്ലിസിറ്റിയുടെ ഭാഗമായി യുവജനസംഗമം ഫെയ്സ്ബുക്ക് പേജ് അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷത വഹിച്ചു.

## കെ.സി.വൈ.എം. യുവജനസംഗമം നടത്തി.

തൃശ്ശൂർ അതിരൂപത കെ.സി.വൈ.എം.ന്റെ നേതൃത്വത്തിൽ അതിരൂപത യുവജന സംഗമം തൃശ്ശൂർ ഡി.ബി.സി. എൽ.സി. യിൽ വെച്ച് നടത്തി. രാവിലെ കെ. സി.വൈ.എം. ഡയറക്ടർ ഫാ. ഡിറ്റോ കൂള പതാക ഉയർത്തി. വികാരി

ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ ദിവ്യബലിയർപ്പിച്ചുകൊണ്ട് ആരംഭിച്ച സംഗമത്തിൽ പ്രതിനിധി സമ്മേളനം, പൊതുസമ്മേളനം, യുവജനറാലി, മറ്റു കലാപരിപാടികൾ എന്നിവയുണ്ടായിരുന്നു. രാവിലെ നടന്ന പ്രതിനിധി സമ്മേളനം അതിരൂപത സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു. കെ.സി.വൈ.എം. വൈസ്പ്രസിഡന്റ് കരോളി ജോഷ്വാ അദ്ധ്യക്ഷത വഹിച്ചു. 'യുവജനങ്ങളും ആധുനിക സംസ്കാരവും' എന്ന വിഷയത്തെക്കുറിച്ച് ഫാ.വിൻസെന്റ് കുണ്ടുകുളം ക്ലാസ് നയിച്ചു.

വൈകീട്ടു നടന്ന പൊതുസമ്മേളനം തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ അതിരൂപത കെ. സി.വൈ.എം. പ്രസിഡണ്ട് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷത വഹിച്ചു. കലാപരിപാടികൾക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ മുൻകാല അതിരൂപത ഡയറക്ടർമാരെയും പ്രസിഡന്റുമാരേയും ആദരിച്ചു. സിനി ആർട്ടിസ്റ്റ് കുമാരി മാളവിക നായർ മുഖ്യാതിഥിയായിരുന്നു. അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ആമുഖ പ്രഭാഷണവും മോൺ. തോമസ് കാക്കശ്ശേരി മുഖ്യപ്രഭാഷണവും നടത്തി. കെ.സി.വൈ.എം. സംസ്ഥാന ഡയറക്ടർ ഫാ. മാത്യു തിരുവാലിൽ അനുഗ്രഹപ്രഭാഷണവും സംസ്ഥാന പ്രസിഡന്റ് പ്രദീപ് മാത്യു യുവജന സന്ദേശവും നല്കി. ലൂർദ്ദ് ഫൊറോന വികാരി ബഹു. ഫാ. വർഗ്ഗീസ് കൂത്തൂർ, ഡോ. മേരി റജീന, ഫാ. ജെറിൻ അരിമ്പൂർ, സി. ടിന മരിയ, ജോസ്മോൻ കെ. ഫ്രാൻസീസ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ജനറൽ സെക്രട്ടറി ജിയോ ജോൺ പാവറട്ടി സ്വാഗതവും ജനറൽ കൺവീനർ സിജോ എം. പി. നന്ദിയും പറഞ്ഞു. തുടർന്ന് ഡി.ബി.സി.എൽ. സിയിൽ നിന്നാരംഭിച്ച് കോർപ്പറേഷൻ ഓഫീസിനുമുന്നിൽ അവസാനിച്ച യുവജന റാലിയിൽ ആയിരത്തിലധികം യുവതീയുവാക്കൾ അണിനിരന്നു. റാലിയുടെ സമാപനത്തിൽ 'പ്രകൃതിയെ സംരക്ഷിക്കുക' , സ്ത്രീകളെ സംരക്ഷിക്കുക' എന്നീ സന്ദേശമുൾകൊള്ളുന്ന ഫ്ളാഷ് മോബും തെരുവുനാടകവും ഉണ്ടായിരുന്നു. അതിരൂപത ഭാരവാഹികളായ സാവിയോ ജോണി, സിന്റോ പുതുക്കാട്, സാജൻ ജോസ്, മേഫി ഡെൽസൺ, പിൻസി പ്രിൻസ്, വില്യംസ് അനീഷ് ആന്റണി, ലിന്റോ സിബി, സെനി സേവ്യർ എന്നിവർ നേതൃത്വം നൽകി.

| | |
|---|---|
| **ഫാ. ഡിറ്റോ കൂള**<br>ഡയറക്ടർ | **ഫാ. ജെറിൻ അരിമ്പൂർ**<br>അസി.ഡയറക്ടർ |
| **അനൂപ് പുന്നപ്പുഴ**<br>പ്രസിഡന്റ് | **ജിയോ ജോൺ**<br>ജനറൽ സെക്രട്ടറി |

# ഫ്രാൻസിസ്കൻ അല്മായസഭ

## സമാധാനവും സൗഭാഗ്യവും

ഫ്രാൻസിസ്കൻ അൽമായ സഭയുടെ അതിരൂപത കമ്മിറ്റിയുടെ മീറ്റിംഗ് 2.7.2017 ഞായറാഴ്ച ഉച്ചതിരിഞ്ഞ് 4 മണിക്ക് വടക്കാഞ്ചേരി എ. ആർ.സിയിൽ വെച്ച് പ്രസിഡണ്ട് സണ്ണി വടക്കന്റെ അദ്ധ്യക്ഷതയിൽ കൂടി പ്രവർത്തനങ്ങൾ വിലയിരുത്തി. പുതിയ ഡയറക്ടർ ആയി ചാർജ്ജ് എടുത്ത് ഫാ. ഷാന്റോ ഞർളേലി, സ്പിരിച്വൽ അസിസ്റ്റന്റുമാരായ ഫാ. ജോസ് പുല്ലോക്കാരൻ, ഫാ. ബിനോയ് കോതകുളത്ത് അച്ചന്മാരേയും സ്നേഹപൂർവം സ്വീകരിച്ചു. അനുമോദനങ്ങൾ അർപ്പിച്ചു. യൂണിറ്റുകളിൽ കാനോനിക സന്ദർശനം സെപ്തംബർ 30ന് മുമ്പ് നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ബന്ധപ്പെട്ടവരെ അറിയിച്ചു. എത്രയും പെട്ടെന്ന് റീജിയണൽ കമ്മിറ്റികൾ കൂടി ഇതിനുവേണ്ട നടപടികൾ സ്വീകരിക്കുവാൻ അഭ്യർത്ഥിച്ചു. യോഗത്തിൽ സിസ്റ്റർ റോസിലിൻ, പി.ഐ. സൈമൺ, സെലീന ജോൺ, ജോ. കൺവീനർ വി. എൽ. സൈമൺ, കെ. കെ. ജേക്കബ്, ഡോ. ജെറി ജോസപ് എന്നിവർ സംബന്ധിച്ചു.

വി. ക്ലാരയുടെയും പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളും ഭക്തിപൂർവ്വം യൂണിറ്റുകളിൽ ആഘോഷിക്കുവാൻ തീരുമാനിച്ചു. എല്ലാ വീടുകളിലും ആഗസ്റ്റ് 15ന് ഇന്ത്യൻ പതാക ഉയർത്തി സ്വാതന്ത്ര്യ ദിനം സമുചിതമായി ആചരിക്കുവാൻ നിർദ്ദേശിച്ചു. വി. ഫ്രാൻസീസ് അസ്സീസിയുടെ തിരുനാൾ റീജിയണൽ തലത്തിൽ നവംബറിൽ ആഘോഷിക്കണമെന്നും യോഗം റീജിയണൽ കമ്മിറ്റികൾക്ക് നിർദ്ദേശം നൽകി.

**സണ്ണി വടക്കൻ**
അതിരൂപത പ്രസിഡണ്ട്

# ചിൽഡ്രൻസ് മിനിസ്ട്രി

ഫോൺ 0487 2325336, 9947582522, 8547250833

## പുതിയ വർഷ പ്രവർത്തനകാല ഉദ്ഘാടനം,

2017 ജൂൺ 17-ാം തിയതി ശനിയാഴ്ച ഡി. ബി. സി. എൽ. സി യിൽ വച്ച് അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി പ്രവർത്തന കാലഘട്ട ഉദ്ഘാടനവും ആനിമേറ്റേഴ്സ് ലീഡേഴ്സ് സംഗമവും നടത്തി. അതിരൂപത മതബോധന ഡയറക്ടർ റവ. ഫാ. റാഫേൽ ആക്കമറ്റത്തിൽ ഉദാഘാടന കർമ്മം നിർവ്വഹിക്കുകയും സഭയിലും, സമൂഹത്തിലും  നാം പുലർത്തേണ്ട രീതികളിലൂടെ ദൈവിക സാക്ഷാത്കാരം നേടിയെടുക്കേണ്ടതിനെക്കുറിച്ച് പ്രഭാഷണം നൽകുകയും ചെയ്തു. അതിനുശേഷം അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ വാർഷിക പ്രോഗ്രാമിനെ കുറിച്ച് ചർച്ച നടത്തി. തുടർന്ന് റവ. ഫാ. റിജോയ് തൈവളപ്പിൽ വി. കുർബ്ബാന അർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1. 30 ന് ആരംഭിച്ച ഔദ്യോഗിക  മീറ്റിങ്ങിൽ അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി അധ്യക്ഷത വഹിച്ചു. 2017-2018 വർഷത്തേക്ക് ചിൽഡ്രൻസ് മിനിസ്ട്രിയുടെ പുതിയ അതിരൂപത, ഫൊറോന ആനിമേറ്റർമാരെ തെരഞ്ഞെടുത്തു. ഏകദേശം 200 ആനിമേറ്റേഴ്സും ലീഡേഴ്സും മീറ്റിങ്ങിൽ പങ്കെടുത്തു. തിരുബാലസഖ്യത്തിന്റെ ആനിമേറ്റേഴ്സിന്റെ അതിരൂപത പ്രസിഡന്റായി സി. അനീഷ എഫ്. സി. സി, സെക്രട്ടറി ശ്രീമതി ബീനാ സേവിയും, ജൂനിയർ സി. എൽ. സി. ആനിമേറ്റേഴ്സിന്റെ അതിരൂപത പ്രസിഡന്റായി സി. സെറിൻ ക്ലയർ എഫ്. സി. സി, സെക്രട്ടറി ബ്രദർ ലിവിൻ കൂളയും, അൾത്താരസംഘം ആനിമേറ്റേഴ്സിന്റെ അതിരൂപത പ്രസിഡന്റായി ശ്രീ. അജി ജോസ്, സെക്രട്ടറി ബ്രദർ സ്റ്റെയിൻസ് കുറ്റിക്കാട്ടിനേയും തെരഞ്ഞെടുത്തു. പുതിയ ആനിമേറ്റേഴ്സിനേയും ലീഡേഴ്സിനേയും മീറ്റിങ്ങിൽ ടാഗ് നൽകി  ആദരിച്ചു. പുതിയ പ്രവർത്തന കാലഘട്ടത്തിന്റെ പുസ്തക പ്രകാശനം അതിരൂപത വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി നിർവ്വഹിച്ചു. അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി പ്രൊമോട്ടർ പ്രതിനിധി റവ. ഫാ. സിജോ മുരിങ്ങാത്തേരി അനുഗ്രഹ പ്രഭാഷണം ചെയ്തു. ആശീർവാദ പ്രാർത്ഥനയോടെയും  നന്ദിയോടെയും മീറ്റിങ്ങ് സമാപിച്ചു. 2016- 2017 ൽ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയ്ക്കുവേണ്ടി സജീവമായി പ്രവർത്തിച്ച ആനിമേറ്റേഴ്സിന് ചിൽഡ്രൻസ് മിനിസ്ട്രിയുടെ നന്ദിയർപ്പിക്കുന്നു.

## അൾത്താരസംഘം

അൾത്താരസംഘം കുട്ടികൾ അവരുടെ മദ്ധ്യസ്ഥനായ വി. ജോൺ ബെർക്കുമെൻസിന്റെ തിരുന്നാൾ ആഗസ്റ്റ് 13ന് ആചരിക്കുന്നു. ഇടവകതലത്തിൽ മധ്യസ്ഥന്റെ തിരുന്നാൾ ആഘോഷപൂർവ്വം കൊണ്ടാടണമെന്ന് ഓർമ്മപ്പെടുത്തുന്നു. അന്നേ ദിവസം കുട്ടികൾ ഒരുമിച്ചു കുർബ്ബാന മദ്ധ്യേ കാഴ്ചസമർപ്പണം നടത്താനും, മീറ്റിംങ്ങ് കൂടാനും പതാകദിനം നടത്താനും ശ്രദ്ധിക്കണമെന്ന് അറിയിക്കുന്നു.

## അതിരൂപതാ ഭാരവാഹികൾ: ആനിമേറ്റേഴ്സ്

### തിരുബാലസഖ്യം

പ്രസിഡന്റ്- സി. അനീഷ എഫ്.സി.സി-കണ്ണാറ, സെക്രട്ടറി -ശ്രീമതി ബീനാ സേവി- മുക്കാട്ടുകര

### ജൂനിയർ സി. എൽ. സി.

പ്രസിഡന്റ്- സി. സെറിൻ ക്ലയർ എഫ്. സി. സി നെല്ലിക്കുന്ന്, സെക്രട്ടറി ബ്രദർ ലിവിൻ കൂള, മണ്ണുത്തി

### അൾത്താരസംഘം

പ്രസിഡന്റ്-ശ്രീ. അജി ജോസ്-ബസിലിക്ക, സെക്രട്ടറി ബ്രദർ സ്റ്റെയിൻസ് കുറ്റിക്കാട്ട്-തലോർ

## ചിൽഡ്രൻസ് മിനിസ്ട്രി പുതിയ ഫൊറോന ഭാരവാഹികൾ

| Forane | HC Animator | JCLC Animator | ABA Animator |
|---|---|---|---|
| LOURDES | Beena Sevi,<br>Sobha Johnson | Sr. Serin Clare FCC,<br>Br. Livin Koola | Br. Sanil Mookken,<br>Jeevan Joy |
| BASILICA | Bindhu Joby,<br>Sherly Varghese | Sr. Neema CSN | Aji Jose,<br>Sr. Jees Rose |
| CHELAKKARA | Sr. Annie Joice FCC,<br>Sr. Carlet FCC | Sr. Teseena FCC<br>Sr. Retta FCC | Sr. Retta FCC<br>Sr. Teseena FCC |
| ERUMAPETTY | Helna Layon,<br>Sr. Lins Mary FCC | | Br. Joswin Kaitharath,<br>Preetha Wilson |
| KANDASANKADAVU | Ancy Sunny,<br>Joby Johnson | Sr. Vinny Maria FCC,<br>Sr. Caroline | Anson C.A,<br>Joyal Joy |

| | | | |
|---|---|---|---|
| KOTTEKAD | Sr. Hridya CMC,<br>Anu Varghese P | Sr. Dhanya Maria | Clinson Paul |
| MATTOM | Sr. Jesna SABS,<br>Sr. Sheeja FCC | Sr. Deepthi John SABS | |
| OLLUR | Lissy Jose,<br>Liza Anto | Vincy Thomas,<br>Sr. Ashwarya CHF | Br. Acton Pellissery,<br>Br. Stains Kuttikatt |
| PALAYUR | Sr. Rejin Therese FCC ,<br>Sr. Ansa John FCC | | |
| PARAPPUR | Sini Romvlat,<br>Jisa Maria Xavier | Abi Pauly K.,<br>Agasin Paul | Sibi Biju,<br>Sr. Maryatte |
| PATTIKAD | Sr. Rani Maria<br>Sr. Anisha | Sr. Kripa Toms CHF,<br>Sr. Ann Rose | Sr. Nima Rose |
| PAZHUVIL | Deepa Majo,<br>Bindhu Lorance | Jeevan K. Jojo | |
| PUDHUKAD | Mrs. Annies Joy,<br>Sr. Emil Jose MSMI | | Br.Joseph Njerinjampilly |
| PUTHUR | Sr. Aneetta Xavier CSM | Bincy Thomas | Sr. Divya SKD |
| VELUR | Shiny Joseph<br>Anni Chakkunny | Mrs. Princy Francis | Vargheese Alappat,<br>Nevin Shajan |
| WADAKKANCHERY | Sheela Raphel,<br>Sr. Maria Brahmakulam | Blessy Nixon | Sr. Maria Siji |

## ആനിമേറ്റേഴ്സ് സെമിനാർ

**തിരുബാലസംഖ്യം;** തിരുബാലസംഖ്യം ആനിമേറേറഴ്സിന് അർദ്ധദിന സെമിനാർ സെപ്റ്റംബർ 2 ശനിയാഴ്ച ഡി.ബി.സി.എൽ.സി യിൽ വച്ച് ഉച്ച തിരിഞ്ഞ് 2 മണി മുതൽ 4 വരെ നടക്കുന്നു. എല്ലാ ആനിമേറ്റേഴ്സും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

**ജൂനിയർ സി എൽ സി, അൾത്താരസംഘം;** ജൂനിയർ സി എൽ സി യിലെയും അൾത്താരസംഘത്തിലെയും ആനിമേറേറഴ്സിനായി അർദ്ധദിന സെമിനാർ ആഗസ്റ്റ് 26 ശനിയാഴാച ഡി.ബി.സി.എൽ.സി യിൽ വച്ച് ഉച്ചതി രിഞ്ഞ് 2 മണി മുതൽ മണി 4 വരെ നടക്കുന്നു.എല്ലാ ആനിമേറ്റേഴ്സും പങ്കെടുക്കണമെന്ന് അറിയിക്കുന്നു.

തിരുബാലസംഖ്യം സ്കൂളുകളിലും ഉള്ളതുകൊണ്ടാണ് ഇങ്ങനെ വ്യത്യാസം വന്നിരിക്കുന്നത്. ഇടവക തലത്തിലെ കുട്ടികൾക്ക് സ്കളുമായി ഒരു മത്സരത്തിൽ പങ്കെടുക്കാനുള്ള ഒരു ആത്മവിശ്വാസ കുറവിനെ കുറിച്ച് ഉയർന്ന പരാതികൾ പരിഹാരമെന്നോണമാണ് ഈ വർഷത്തെ അതിരൂപതാ കലാമത്സരങ്ങൾ ഇടവകതലം, ഫൊറോന തലം, രൂപതാ തലം എന്നിങ്ങനെയായി തിരിച്ചത്. സ്കൂൾ തല മത്സരങ്ങൾ ഒക്ടോബർ 18 ബുധനാഴ്ച ഡി ബി സി എൽ സി യിലും, ഇടവകക്കാർ ഫൊറോന തലത്തിൽ മത്സരിച്ച് ഫസ്റ്റ് കിട്ടിയ മത്സരങ്ങൾ അതിരൂപതാ തലത്തിൽ ഒക്ടോബർ 28 ശനിയാഴ്ചയും ആയിരിക്കും നടക്കുക. ഫൊറോന പ്രൊമോട്ടർമാർ വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ആവശ്യപ്പെടുന്നു.

**ബൈബിൾ പൂക്കളേഴ്സ് 2017**

അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കായി **സെപ്ററംബർ 7- ാം തിയ്യതി വ്യാഴാഴ്ച കുരിയച്ചിറ സെന്റ് ജോസഫ് മോഡൽ ഹയർ സെക്കൻഡറി സ്ക്കൂളിൽ** വെച്ച് ബൈബിൾ പൂക്കള മത്സരങ്ങൾ നടത്തുന്നു.

**നിബന്ധനകൾ**

1. പന്ത്രണ്ടാം ക്ലാസ്സും അതിനുതാഴെയുള്ള ക്ലാസ്സുകളിലെ മതബോധന വിദ്യാർത്ഥികളാണ് ഈ മത്സരത്തിൽ പങ്കെടുക്കേണ്ടത്.
2. ഒരു ഇടവകയിൽ നിന്നും ഒരു ടീം മാത്രമേ പങ്കെടുക്കാൻ പാടുള്ളൂ. ടീമിൽ 7 പേർ കവിയരുത്.
3. 5 അടിയുള്ള സമചതുരത്തിനുള്ളിൽ ഒതുങ്ങുന്ന ഏതാകൃതിയുള്ള പൂക്കളവും നിർമ്മിക്കാവുന്നതാണ്.
4. ബൈബിൾ സംഭവങ്ങളെ ആസ്പദമാക്കി വേണം പൂക്കളം നിർമ്മിക്കാൻ.
5. 20% പൂവ്, ബാക്കി 80% എന്ത് ഉപയോഗിച്ച് വേണമെങ്കിലും കളം നിർമ്മിക്കാം. മത്സരഹാളിൽ പ്രവേശിച്ചു കഴിഞ്ഞാൽ പുറത്ത്നിന്ന് യാതൊരു സഹായവും ലഭിക്കുന്നതല്ല.
6. രജിസ്ട്രഷൻ ഫീസ് 100 രൂപയാണ്.
7. രാവിലെ 8.50 ന് നടക്കുന്ന നറുക്കെടുപ്പിലൂടെയാണ് പൂക്കളത്തിനുള്ള സ്ഥലങ്ങൾ നിശ്ചയിക്കുക
8. ഒന്ന്, രണ്ട്, മൂന്ന് സമ്മാനങ്ങളും കൂടാതെ 10 പ്രോത്സാഹ സമ്മാനങ്ങളും നൽകുന്നു. പങ്കെടുക്കുന്നവർ സെപ്റ്റംബർ 2 ന് മുമ്പായി

പാസ്റ്റർ സെന്ററിലുള്ള ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യാത്ത ടീമുകളെ മത്സരത്തിൽ പങ്കെടുപ്പിക്കുന്നതല്ല.

**സാഹിത്യ മത്സരങ്ങൾ 2017**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി (തിരുബാലസഖ്യം, ക്രിസ്റ്റീൻ, ജൂനിയർ സി. എൽ സി, മിഷൻലീഗ് അൾത്താര സംഘം) എന്നീ സംഘടനകളിലെ കുട്ടികൾക്കായി സാഹിത്യ മത്സരം സംഘടിപ്പിക്കുന്നു. ചെറുകഥ, കവിത, കുഞ്ഞികവിത, ഉപന്യാസം തുടങ്ങിയ ഇനങ്ങളിലാണ് മത്സരം. ഒക്ടോബർ, നവംബർ, ഡിസംബർ മാസങ്ങളിലായിരിക്കും മത്സരങ്ങൾ നടത്തുക. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 2017 ആഗസ്റ്റ് 30 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. മത്സര തിയതി പിന്നീട് അറിയിക്കുന്നതാണ്.

**പ്രാർത്ഥിക്കാൻ ....... പ്രവർത്തിക്കാൻ**

**തിരുവചനപഠനം:** ഭൂമിക്കുമേൽ ഉയർന്നിരിക്കുന്ന ആകാശത്തോളം ഉന്നതമാണ് തന്റെ ഭക്തരോട് അവിടുന്നു കാണിക്കുന്ന കാരുണ്യം (സങ്കീർത്തനങ്ങൾ 103, 11)

**സുകൃതജപം:** യേശുവേ ഞാനങ്ങയിൽ ശരണപ്പെടുന്നു.

**പ്രാർത്ഥനാനിയോഗം:** ഈശോയെ അറിയാത്തവർക്കുവേണ്ടി പ്രാർത്ഥിക്കുക.

**പ്രവർത്തനം: എല്ലാ ദിവസവും കരുണയുടെ ജപമാല ചൊല്ലുക**

**പരിചയപ്പെടുന്ന വിശുദ്ധൻ:** വി. ജാന്ന ബെറേറ്റ മോള്ള

**കോഡിനേറ്റർ**
റെജി എസ്. എസ്. പി. സി

**ഡയറക്ടർ**
റവ. ഫാ. ജിജോ കപ്പിലാംനിരപ്പേൽ

# കരിസ്മാറ്റിക് നവീകരണ മുന്നേറ്റം

**പ്രാർത്ഥനാകൂട്ടായ്മ ലീഡേഴ്സ് തിരഞ്ഞെടുപ്പ്**

തൃശ്ശൂർ അതിരൂപതയിലെ എല്ലാ പ്രാർത്ഥനാകൂട്ടായ്മകളുടെയും ലീഡർമാരുടെയും കോർ ടീമിന്റെയും പുന:സംഘടന സെപ്റ്റംബർ മാസത്തിൽ നടത്തുന്നതാണ്. 9 പേർ അടങ്ങുന്ന കോർടീമിൽ 3 പേർ സ്ത്രീകളായിരിക്കണം. എക്സ്ഒഫീഷ്യോ അംഗമായി മുൻ ലീഡറും ഉൾപ്പെടുന്നതാണ്.

**വചന പ്രഘോഷകരുടെ ഏകദിന കൂട്ടായ്മ**

അതിരൂപതയിലെ കരിസ്മാറ്റിക് നവീകരണ രംഗത്തെ വചനപ്രഘോഷകരുടെ കൂട്ടായ്മ ജൂലൈ 10 തിങ്കളാഴ്ച രാവിലെ 10 മുതൽ വൈകീട്ട് 3 വരെ ആബാ റിന്യൂവൽ സെന്ററിൽ നടന്നു. കെ.സി.സി.ആർ.എസ് സെക്രട്ടറി സെബാസ്റ്റ്യൻ താണിക്കൽ വചന പ്രഘോഷണം നടത്തി. കരിസ്മാറ്റിക് ഡയറക്ടർ ഫാ.സജീവ് ഇമ്മട്ടി ദിവ്യബലിയർപ്പിച്ച് സന്ദേശം നൽകി.

**സോണൽ സർവീസ് ടീം കൂട്ടായ്മ**

പ്രതിമാസ കൂട്ടായ്മ ആബാ റിന്യൂവൽ സെന്ററിൽ വെച്ച് ജൂലൈ 8 ശനിയാഴ്ച നടന്നു. രാവിലെ 10 മണിക്ക് ഡയറക്ടർ ഫാ. സജീവ് ഇമ്മട്ടിയുടെ നേതൃത്വത്തിൽ പ്രാർത്ഥനയോടെ ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3 മണിക്ക് സമാപിച്ചു.

**സബ് സോൺ -മിനിസ്ട്രി കോ-ഓർഡിനേഴ്സ് കൂട്ടായ്മ**

സബ് സോൺ മിനിസ്ട്രി കോ-ഓർഡിനേറ്റേഴ്സ്, സോണൽ സർവ്വീസ് ടീം സംയുക്ത കൂട്ടായ്മ ജൂലൈ 8 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ വൈകീട്ട് 5.30 വരെ ആബാ റിന്യൂവൽ സെന്ററിൽ നടന്നു. ഫാ.സജീവ് ഇമ്മട്ടി, സാബു എം. വർഗ്ഗീസ്, സി.ടി. സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി. കെ.സി.സി.ആർ.എസ് വൈസ് ചെയർമാൻ ഷാജി വൈക്കത്തുപറമ്പിൽ അഖിലലോക മലയാളി കരിസ്മാറ്റിക് സംഗമത്തെക്കുറിച്ച് വിശദീകരിച്ചു. മലയാളി സംഗമം രജിസ്ട്രേഷൻ നടപടികൾ യോഗം വിലയിരുത്തി.

**ഫാത്തിമ സന്ദേശയാത്ര**

ഫാത്തിമ ദർശനത്തിന്റെ ശതാബ്ദിയാചരണത്തിന്റെ ഭാഗമായുള്ള കെ.സി.ബി.സി യുടെ ഫാത്തിമ സന്ദേശ യാത്ര സെപ്റ്റംബർ 6,7,8 ദിവസങ്ങളിൽ അതിരൂപതയിലെ വിവിധ കേന്ദ്രങ്ങളിലൂടെ പ്രയാണം ചെയ്യുന്നു. പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾ, മരിയൻ ദൈവാലയങ്ങൾ, ഫൊറോന പള്ളികൾ എന്നിവിടങ്ങളിൽ ഫാത്തിമ മാതാവിന്റെ തിരുസ്വരൂപം എത്തുന്നതാണ്. കരിസ്മാറ്റിക് നവീകരണ മുന്നേറ്റം നേതൃത്വം നൽകുന്നു.

| | | |
|---|---|---|
| **സാബു. എം. വർഗ്ഗീസ്** | **സെബാസ്റ്റ്യൻ സി.ടി.** | **ഫാ. സജീവ് ഇമ്മട്ടി** |
| കോ-ഓർഡിനേറ്റർ | സെക്രട്ടറി | ഡയറക്ടർ |

# കെ.സി.എസ്.എൽ

## അതിരൂപതാ ആനിമേറ്റേഴ്സ് കോൺഫ്രൻസ് മെറിറ്റ് ഡേ

തൃശ്ശൂർ അതിരൂപതാ ആനിമേറ്റേഴ്സ് കോൺഫ്രൻസും മെറിറ്റ് ഡേയും അതിരൂപതാ ഫാമിലി അപ്പോസ്തോലേറ്റിൽ വച്ച് നടന്നു. അതിരൂപതാ സഹായമെത്രാൻ മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം ചെയ്തു അതിരൂപതാ ഡയറക്ടർ റവ. ഫാ. ഡോ. ആന്റണി ചെമ്പകശ്ശേരി അദ്ധ്യക്ഷനായിരുന്നു. SSLC, CBSE/ICSE, HSE പരീക്ഷകളിൽ മുഴുവൻ A+ നേടിയ കെ.സി.എസ്. എൽ. അംഗങ്ങളെ ഉപഹാരങ്ങൾ നൽകി അനുമോദിച്ചു.

## ഏകദിന ശില്പശാല

ഈ വർഷത്തെ അതിരൂപതാ ശില്പശാല ആഗസ്റ്റ് 12 ശനിയാഴ്ച തൃശ്ശൂർ സെന്റ് തോമസ് കോളേജ് എച്ച്. എസ്. എസ്. ൽ വച്ച് നടക്കുന്നു. ഈ വർഷത്തെ പഠനവിഷയത്തെ പരിചയപ്പെട്ട് അതനുസരിച്ച് മത്സരങ്ങൾക്കൊരുങ്ങുവാനുള്ള ഒരവസരമാണ് ശില്പശാല. മുൻവർഷങ്ങളിലേതുപോലെ വ്യത്യസ്ത ഇനങ്ങൾക്ക് ശില്പശാലകൾ ഒരുക്കുന്നു. സ്റ്റഡിസർക്കിൾ മത്സരത്തിനു പങ്കെടുക്കുന്ന മത്സരാർത്ഥികൾ മത്സരനിയമങ്ങളെപ്പറ്റിയുള്ള വിശദാംശങ്ങൾ മനസ്സിലാക്കുവാൻ നിർബന്ധമായും സ്റ്റഡിസർക്കിൾ ശില്പശാലക്ക് എത്തിച്ചേരണം. ശില്പശാലകളെക്കുറിച്ചുള്ള വിശദവിവരങ്ങൾ ബ്ലോഗിൽ നൽകുന്നതാണ്.

## ചാരിറ്റി ക്ലോത്ത് കളക്ഷൻ

ഉപയോഗ്യമായ പഴയ വസ്ത്രങ്ങൾ അതിരൂപതാ കെ.സി.എസ്. എൽ. ശേഖരിച്ച് വിതരണം ചെയ്യുന്നു. ഇതിനായി പഴയ വസ്ത്രങ്ങൾ അലക്കി തേച്ച് ശേഖരിക്കണം. ഇനം തിരിച്ച് കെട്ടുകളാക്കി അതിരൂപതയിൽഎല്പിക്കണം. ശില്പശാലക്ക് വരുമ്പോൾ അത് കൊണ്ടുവരാവുന്നതാണ്. ഉപയോഗശൂന്യമായവ ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ഫോമുകൾ ട്രോഫികൾ ബൊക്കെ

കലോത്സവ ട്രോഫികളും എൻട്രിഫോമുകളും ശില്പശാലക്ക് വരുമ്പോൾ കൊണ്ടുവരേണ്ടതാണ്. ആഗസ്റ്റ് 12നാണ് അവ ഏല്പിക്കേണ്ടത്. വൈകി എത്തുന്ന ഫോമുകൾ മത്സരനടത്തിപ്പിന് ബുദ്ധിമുട്ടുണ്ടാക്കുന്നതുകൊണ്ട് അവ ഒഴിവാക്കുന്നതാണ്. ആനിമേറ്റർമാർ സഹകരിക്കുക.

ബൊക്കെ രണ്ടാം ലക്കം മാസിക അന്ന് വിതരണം ചെയ്യുന്നു. അവ അന്നു തന്നെ വന്ന് വാങ്ങികൊണ്ടുപോകേണ്ടതാണ്. മറ്റൊരുദിവസം അത് വിതരണം നടത്താനാവില്ല.

## മെമ്പർഷിപ്പ്

മെമ്പർഷിപ്പ് ഫീ അടക്കേണ്ട അവസാന ദിവസം ആഗസ്റ്റ് 12 ആണ്. മെമ്പർഷിപ്പ് ഫീ അടയ്ക്കാത്തവർക്ക് ബൊക്കെ വിതരണം നടത്താനാവില്ല. ഒരംഗത്തിന് 10 രൂപയാണ് ഒരു വർഷത്തേക്ക് അംഗത്വതുക. ബൊക്കെ വിതരണത്തിനും ചാരിറ്റി കിറ്റ് വിതരണത്തിനും അംഗങ്ങളുടെ മൊത്തം എണ്ണമാണ് പരിഗണിക്കപ്പെടുന്നത്. ആനിമേറ്റർമാർ ശ്രദ്ധിക്കുമല്ലോ.

**ഡോ. ജോൺ റാഫേൽ**
പ്രസിഡന്റ്

**ഫാ. ഡോ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ

# കത്തോലിക്ക കോൺഗ്രസ്സ്, തൃശ്ശൂർ

### കർഷക ആത്മഹത്യ-കാരണക്കാരായ ഉദ്യോഗസ്ഥരെ ശിക്ഷിക്കണം

കോഴിക്കോട് ചെമ്പനോട ഓഫീസ് വരാന്തയിൽ കർഷകൻ ആത്മഹത്യ ചെയ്ത സംഭവം മനുഷ്യമനസ്സാക്ഷിയെ നൊമ്പരപ്പെടുത്തുന്നതാണെന്ന് തൃശ്ശൂർ അതിരൂപത കത്തോലിക്ക കോൺഗ്രസ്സ് അഭിപ്രായപ്പെട്ടു. കർഷകന്റെ ആത്മഹത്യക്കു കാരണക്കാരായ ഉദ്യോഗസ്ഥരെ ആത്മഹത്യ പ്രേരണക്കുറ്റം ചുമത്തി മാതൃകാപരമായി ശിക്ഷിക്കണമെന്ന് ഗവൺമെന്റിനോട് കത്തോലിക്ക കോൺഗ്രസ്സ് ആവശ്യപ്പെട്ടു. കർഷകരുടെ സ്വത്തിനും ജീവനും സംരക്ഷണമാകേണ്ട സർക്കാർ, കർഷക ദ്രോഹനടപടികളിൽ സംതൃപ്തി കണ്ടെത്തുന്ന ഉദ്യോഗസ്ഥരെ നിലക്കു നിർത്തണമെന്ന് പ്രൊഫ. കെ.എം. ഫ്രാൻസീസിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്ററൽ സെന്ററിൽ വെച്ചു കൂടിയ യോഗത്തിൽ ആവശ്യമുയർന്നു. യോഗത്തിൽ സംസ്ഥാന ഡയറക്ടർ ഫാ. ജിയോ കടവി, ജനറൽ സെക്രട്ടറി ഡേവീസ് പുത്തൂർ, പ്രൊഫ. എലിസബത്ത് മാത്യു, ജോൺസൺ ജോർജ്ജ്, ജോഷി വടക്കൻ, തൊമ്മി പിടിയത്ത് ശ്രീമതി ലീല വർഗ്ഗീസ് തുടങ്ങിയവർ സംസാരിച്ചു.

### അതിരൂപത കത്തോലിക്ക കോൺഗ്രസ്സ് ഫൊറോന വിസിറ്റ് നടത്തി.

കത്തോലിക്ക കോൺഗ്രസ്സ് ഡയറക്ടർ ഫാ. ജിയോ കടവിയുടെ നേതൃത്വത്തിൽ അതിരൂപതയിൽ ഫൊറോന വിസിറ്റ് നടന്നുകൊണ്ടിരിക്കുന്നു. ചേലക്കര, എരുമപ്പെട്ടി, കണ്ടശ്ശാംകടവ്, മറ്റം, ഒല്ലൂർ, പാലയൂർ, പഴുവിൽ, പട്ടിക്കാട്, ഡോളേഴ്സ്, ലൂർദ്ദ് എന്നീ ഫൊറോനകളിലെ വിസിറ്റ് പൂർത്തിയാക്കി. അതിരൂപത പ്രസിഡന്റ് പ്രൊഫ. കെ.എം. ഫ്രാൻസീസ്, ജനറൽ സെക്രട്ടറി ഡേവീസ് പുത്തൂർ, തൊമ്മി പിടിയത്ത്, ജോഷി വടക്കൻ, ജോൺസൺ ജോർജ്ജ്, പ്രൊഫ. എലിസബത്ത് മാത്യു, ലീല വർഗ്ഗീസ് ടീച്ചർ തുടങ്ങിയവരാണ് ഫൊറോന വിസിറ്റിനു നേതൃത്വം കൊടുക്കുന്നത്.

**ഫാ. ജിയോ കടവി**
ഡയറക്ടർ

**പ്രൊഫ. കെ.എം. ഫ്രാൻസീസ്**
പ്രസിഡണ്ട്

**ഡേവീസ് പുത്തൂർ**
സെക്രട്ടറി

# അതിരൂപത ദർശന സമൂഹം

തൃശ്ശൂർ അതിരൂപത ദർശനസമൂഹത്തിന്റെ 9-ാമത് വാർഷിക സമ്മേളനം അമ്മാടം സെന്റ് ആന്റണീസ് പള്ളിയിൽ വെച്ച് നടന്നു. കാലത്ത് 10 മണിക്ക് തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതബലി അർപ്പിക്കുകയും പിതാവ് സന്ദേശം നൽകുകയും ചെയ്തു. അതിരൂപത, ഡയറക്ടർ റവ. ഫാ. ജോസ് തെക്കേക്കര, ഫാ. സിംസൺ ചിറമ്മൽ എന്നിവർ സഹകാർമ്മികരായിരുന്നു. കൃതജ്ഞതബലിക്കുശേഷം ദർശനസമൂഹഅംഗങ്ങൾ സമൂഹവസ്ത്രമണിഞ്ഞ് അമ്മാടം ടൗണിലൂടെ പരിഹാര പ്രദക്ഷിണം നടത്തുകയും തുടർന്ന് അതിരൂപത ഡയറക്ടർ ദർശസമൂഹപതാക ഉയർത്തുകയും ചെയ്തു. അതിരൂപത പ്രസിഡണ്ട് ശ്രീ. ജോയ് പള്ളിക്കുന്നത്തിന്റെ മഹനീയ അദ്ധ്യക്ഷതയിൽകൂടിയ സമ്മേളനം രാഷ്ട്രദീപിക മാനേജിംഗ് ഡയറക്ടർ വെരി. റവ. ഡോ. മോൺ. മാണി പുതിയിടം ഉദ്ഘാടനം ചെയ്തു. നടത്തറ പള്ളി വികാരി റവ. ഫാ. ഷാജൻ തേർമഠം മുഖ്യപ്രഭാഷനം നടത്തി. സ്നേഹവിരുന്നിനുശേഷം അതിരൂപത ഡയറക്ടർ റവ. ഫാ. ജോസ് തെക്കേക്കരയുടെ മഹനീയ അദ്ധ്യക്ഷതയിൽ ആരംഭിച്ച വാർഷിക സമ്മേളനം തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ. റാഫേൽ തട്ടിൽ പിതാവ് ഉദ്ഘാടനം ചെയ്തു, ഉദ്ഘാടനസന്ദേശത്തിനുശേഷം സംഘടനയിൽ അംഗമായി 25/50 വർഷം പൂർത്തിയായവർക്കും വിവാഹ രജത/സുവർണ്ണ ജൂബിലി ആഘോഷിക്കുന്നവർക്കും വിവിധ പുരസ്കാരങ്ങൾ നേടിയവർക്കും ദർശനസമൂഹഅംങ്ങളുടെ മക്കളിൽ എസ്. എസ്. എൽ. സി. , + 2 എന്നീ പരീക്ഷകളിൽ മുഴുവൻ A+ നേടിയവർക്കും, പൗരോഹിത്യ-സന്യാസിനീ വൃതം സ്വീകരിച്ചവർക്കും അഭിവന്ദ്യപിതാവ് ദർശനസമൂഹത്തിന്റെ ഉപഹാരം നൽകുകയും ചെയ്തു. അഭിവന്ദ്യ പിതാവിന്റെ മിഷൻ പ്രവർത്തനങ്ങളിലേയ്ക്ക് ദർശന സമൂഹം അരലക്ഷം രൂപ സംഭാവന നൽകുന്ന വിവരം അതിരൂപതാ ഡയറക്ടർ അദ്ധ്യക്ഷപ്രസംഗത്തിൽ പ്രസ്താവിച്ചു. അമ്മാടം പള്ളി വികാരി റവ. ഫാ. ആന്റണി ആലുക്ക ആശംസകളർപ്പിച്ച് പ്രസംഗിച്ചു. അമ്മാടം ഇടവകയിലെ കലാകാരന്മാരും കലാകാരികളും വിവിധ കലാപരിപാടികൾ അവതരിപ്പിച്ച് സമ്മേളനത്തിന് മോടി കൂട്ടി. അതിരൂപത സെക്രട്ടറി ഒ. ജെ. ജസ്റ്റിൻ റിപ്പോർട്ട് അവതരിപ്പച്ചു. അതിരൂപത ട്രഷറർ കെ. സി. ഡേവീസ് സ്വാഗതം ആശംസിച്ചു. അതിരൂപത ഭാരവാഹികളായ പി. പി. ജോസ്, തോമസ് ജോസ്, പി. കെ. അഗസ്റ്റിൻ, ഷാജു ചാക്കോ ഒല്ലൂക്കാരൻ, അമ്മാടം പള്ളി ട്രസ്റ്റി കെ. ഒ. ഡേവീസ്, റവ. സിസ്റ്റർ അഞ്ജലി സി. എം. സി. എന്നിവർ പ്രസംഗിച്ചു. വാർഷിക സമ്മേളനത്തിൽ ഇടവകകകളിൽ നിന്നായി 1378 പേർ പങ്കെടുത്തു.

| | | |
|---|---|---|
| ഫാ. ജോസ് തെക്കേക്കര | ജോയ് പള്ളിക്കുന്നത്ത് | ഒ. ജെ. ജസ്റ്റിൻ |
| ഡയറക്ടർ | പ്രസിഡണ്ട് | സെക്രട്ടറി |

# മൂന്നാം അതിരൂപതാ അസംബ്ലി അറിയിപ്പുകൾ

1. ഇടവക അസംബ്ലികൾക്ക് ഒരുക്കമായി വിഷയാവതരണ രേഖ കുടുംബ കൂട്ടായ്മകളിലും സംഘടനകളിലും മറ്റു വേദികളിലും ചർച്ച ചെയ്ത് നിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനുള്ള സമയമാണ് ആഗസ്റ്റ് മാസം എന്ന് ഓർമ്മിപ്പിക്കുന്നു.
2. ഇടവക അസംബ്ലിയിൽ വിഷയാവതരണം (ഇടവക സർവ്വേയെ അടിസ്ഥാനമാക്കി) നടത്താനുള്ള വ്യക്തിക്ക് വേണ്ട പരിശീലനം രൂപതാതലത്തിൽ ആഗസ്റ്റ് 26 ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഡി. ബി. സി. എൽ. സിയിൽ വച്ച് നല്കുന്നു. ഏറ്റവും അനുയോജ്യമായ വ്യക്തിയെ തിരഞ്ഞെടുത്ത് അയ്ക്കുമല്ലോ.
3. ഇടവക അസംബ്ലി അംഗങ്ങളുടെ പേരുകളും വിഷയാവതരണം നടത്തുന്ന വ്യക്തിയുടെ പേരും അടങ്ങുന്ന ലിസ്റ്റ് ബഹു. വികാരിയച്ചന്റെ ഒപ്പോടുകൂടി ആഗസ്റ്റ് 21 ന് മുമ്പ് എത്തിക്കുമല്ലോ
4. ഇടവക അസംബ്ലിയുടെ നടത്തിപ്പിനായി ഒരു ജനറൽ കോർഡിനേഷൻ ടീം (General coordination team for parish assembly) രൂപീകരിച്ചിട്ടുണ്ട്. ടീം അംഗങ്ങളുടെ പേരുകൾ താഴെ ചേർക്കുന്നു. അസംബ്ലിയുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് അവരുടെ മാർഗ്ഗ നിർദ്ദേശങ്ങൾ തേടാവുന്നതാണ്. അസംബ്ലിയുടെ സംഘാടനത്തിന് അവരുമായി സഹകരിക്കുമല്ലോ.

**1. ലൂർദ്ദ് മേഖല**
***(ലൂർദ്ദ്, പട്ടിക്കാട്, പുത്തൂർ, കൊട്ടേക്കാട് ഫൊറോനകൾ)***

| | |
|---|---|
| റവ.ഡോ. ബിൽജു വാഴപ്പിള്ളി | - 9947188529 |
| ഡോ. ഇഗ്നേഷ്യസ് ആന്റണി | - 9496217317 |
| ഡോ. ജോബി തോമസ് | - 9847177695 |
| ജൂലി ബാബു | - 8281642418 |
| ഫ്രാൻസീസ് ഇമ്മട്ടി | - 9447542215 |

**2. ബസലിക്ക മേഖല**
***(ബസലിക്ക, ഒല്ലൂർ, പുതുക്കാട്, പഴുവിൽ ഫൊറാനകൾ)***

| | |
|---|---|
| റവ. ഫാ. ജെയ്സൻ കൂനംപ്ലാക്കൽ | - 9744749015 |
| പ്രൊഫ. കെ. എൽ. സെബാസ്റ്റ്യൻ | - 9447798892 |
| ആന്റണി എ. എ. | - 9447617021 |

| | |
|---|---|
| മേരി ഡേവിസ് | - 9400996871 |
| ഷിന്റോ മാത്യു | - 9446143387 |

**3. പാലയൂർ മേഖല**
***(പാലയൂർ, മറ്റം, പറപ്പൂർ, കണ്ടശ്ശാംകടവ് ഫൊറോനകൾ)***

| | |
|---|---|
| റവ.ഡോ. ഡെന്നി താണിക്കൽ | - 9605043327 |
| ജോഷി വടക്കൻ | - 9446939392 |
| അഡ്വ. സോജൻ ജോബ് | - 9446760725 |
| ബീന ജോഷി | - 8547333218 |
| ടി. പി. ജോസ് മാസ്റ്റർ | - 9446229582 |

**4. വടക്കാഞ്ചേരി മേഖല**
***(വടക്കാഞ്ചേരി, ചേലക്കര, വേലൂർ, എരുമപ്പെട്ടി ഫൊറോനകൾ)***

| | |
|---|---|
| റവ.ഡോ. മേജോ മരോട്ടിയ്ക്കൽ | - 8111973929 |
| അഡ്വ. ഡെന്നി സി. ജെ. | - 9349625684 |
| ഡോ. സി. പി. ബാബു | - 9846592250 |
| ലെഫ്. റെജീന പി. എഫ്. | - 9526967712 |
| മേരി വിൻസന്റ് | - 9605835172 |

*കൂടുതൽ വിവരങ്ങൾക്ക്*

| | |
|---|---|
| റവ.ഡോ. റാഫേൽ ആക്കാമറ്റത്തിൽ | - 8547170828 |
| റവ.ഡോ. സൈജോ തൈക്കാട്ടിൽ | - 9544889896 |
| ഡോ. മേരി റെജീന | - 9446130239 |
| ഡോ. ഡെയ്സൻ പാണേങ്ങാടൻ | - 9497315495 |

റവ. ഡോ. റാഫേൽ ആക്കാമറ്റത്തിൽ - കൺവീനർ,
റവ. മോ. ജോർജ്ജ് കോമ്പാറ - ചെയർമാൻ
റവ. ഡോ. സൈജോ തൈക്കാട്ടിൽ- സെക്രട്ടറി

# പാസ്റ്ററൽ കൗൺസിൽ യോഗം

## 2017 സെപ്തംബർ 9 ശനിയാഴ്ച

രാവിലെ 9.30 മുതൽ
ഉച്ചകഴിഞ്ഞ് 2 വരെ ഡി. ബി. സി. എൽ. സി. യിൽ

എല്ലാ അംഗങ്ങളേയും
യോഗത്തിലേക്ക് ക്ഷണിക്കുന്നു.

**വിഷയം : '3–ാം അതിരൂപത അസംബ്ലിയുടെ വിഷയാവതരണ രേഖ'**

ആഗസ്റ്റ് മാസത്തിലെ കത്തോലിക്കാസഭ പത്രത്തിൽ കൊടുത്തിരിക്കുന്ന ലേഖനത്തിന്റെ അടിസ്ഥാനത്തിൽ ഇടവക പ്രതിനിധി യോഗത്തിലും ഫൊറോന കൗൺസിലിലും ഈ വിഷയം ചർച്ച ചെയ്യുകയും ലേഖനത്തോടൊപ്പം നല്കിയിരിക്കുന്ന ചോദ്യങ്ങളുടെ അടിസ്ഥാനത്തിൽ അതിന്റെ റിപ്പോർട്ട് ആഗസ്റ്റ് 30ന് മുമ്പായി അതിരൂപതാ കാര്യാലയത്തിൽ എത്തിക്കുമല്ലോ.

ഫാ. മാത്യു കുറ്റിക്കോട്ടയിൽ
ജനറൽ സെക്രട്ടറി

ശ്രീമതി മേരി റെജീന
സെക്രട്ടറി

Registered R.N.I. No. 27348/1975
KL/TCR/275/2015-2017
Licence No. KL/CR/TCR/WPP-3/2015 -17
Licensed to Post without prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.07.2017
Aug. 2017




Edited, Printed & Published by **Rev. Fr. Nysson Alanthanath ,** Catholic Archbishop's House, Thrissur, Kerala, India- 680 005,
Printed at **St. Mary's Orphanage Press**, Madona Nagar, Kachery 680005